
ജനുവരി 2019
Price ₹ 25
ജീവനും വെളിച്ചവും
സമത്വത്തിന്റെ ഉദയസന്ദേശം പോലെ
നവോത്ഥാനവും നവകേരളവും
നിർവഹിക്കേണ്ടതും
സമത്വത്തിന്റെ പ്രതീക്ഷയാണ്



"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ
നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" ലൂക്ക. 6:36
മുക്തി
ലഹരി ആസക്തി
വിമോചനകുടുംബ
നവീകരണ ധ്യാനം
"അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക ഞാൻ നിന്നെ മോചിപ്പിക്കും;
നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും" സങ്കീ.50:15
2019 ജനുവരി 5 മുതൽ 11 വരെ
അനുഗ്രഹഭവൻ ധ്യാനകേന്ദ്രം, മേനംകുളം, കഴക്കൂട്ടം
(തിരുവനന്തപുരം ലത്തീൻ അതിരൂപതാ ധ്യാനകേന്ദ്രം)
ലഹരി ആസക്തിയിൽ നിന്ന് വിടുതലും വിമോചനവും നേടി സൗഖ്യവും രക്ഷയും
പ്രാപിക്കുവാൻ മുക്തി ധ്യാനത്തിൽ പങ്കെടുക്കുക.
പ്രാർത്ഥനയ്ക്കും, രജിസ്ട്രേഷനും, മറ്റു വിവരങ്ങൾക്കും വിളിക്കുക.
9400820818
9495591783
9446945333
ഫാ. ലെനിൻ രാജ്, സെക്രട്ടറി T.S.S.S., Ph: 9495627990

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 ജനുവരി
പുസ്തകം - 43 ലക്കം - 1
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ടോണി ഹാംലെറ്റ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

## മുഖവിചാരം

# പ്രകൃതി സൗഹൃദ മനുഷ്യസൗഹൃദ നവകേരളം പടുത്തുയർത്താം


കേരളത്തിന്റെ പുനർനിർമ്മാണ ചർച്ചകൾ പുരോഗമിക്കവേ, നിർമിക്കപ്പെടുന്ന നവോത്ഥാന മതിൽ ജലപ്രളയാവസരത്തിൽ രൂപപ്പെട്ട കൂട്ടായ്മയുടെയും പങ്കുചേരലിന്റെയും നവചൈതന്യം കെടാതെ സൂക്ഷിക്കണം. പുതുവത്സരത്തിൽ തീർക്കുന്ന നവോത്ഥാനമതിൽ മലയാളിയുടെ പൊങ്ങച്ചമനസ്സിനെയും അദൃശ്യമായി തുടരുന്ന മേധാവിത്വ മനോഭാവങ്ങളെയും തകർക്കാൻ പര്യാപ്തമാകണം.

ഭ്രാന്താലയമെന്ന് കേരളത്തെ നോക്കി വിളിച്ചുപറഞ്ഞ വിവേകാനന്ദസ്വാമികളെപ്പോലും ലജ്ജിപ്പിക്കുന്ന വികസന നയങ്ങളും സമീപനങ്ങളുമാണ് കേരളം ആനുകാലിക കാലഘട്ടത്തിൽ അനുവർത്തിച്ചുവരുന്നത്.

വൻ കോർപ്പറേറ്റ് അധിപന്മാരോട് കാണിക്കുന്ന മൃദുസമീപനം കടലിന്റെയും കാടിന്റെയും പാരസ്ഥിതിക സന്തുലിതാവസ്ഥകളെയും ജീവജാലങ്ങളുടെയും മനുഷ്യന്റെ പോലും നിലനില്പിന് ഭീഷണിയാവുന്നു. പോളണ്ടിൽ നടന്ന കാലാവസ്ഥാ സമ്മേളനത്തിൽ കാലാവസ്ഥാ സംരക്ഷണ രംഗത്ത് ഭാരതം ശക്തമായ നിലപാടുകൾ ഉയർത്തുമ്പോഴും ഹരിതപാളികളുടെ നശീകരണവും രാജ്യത്തെ ഫാക്ടറികൾ പുറത്തുവിടുന്ന കാർബണും ആശങ്ക ഉണർത്തുന്നു. ജൈവ സംസ്കൃതിക്ക് ഊന്നൽ നൽകുന്ന കൃഷിയിടങ്ങളും മാലിന്യ സംസ്കരണവും ഭൂമിയോടും പ്രകൃതിയോടും ആദരം പുലർത്തുന്ന പ്രകൃതി സംസ്കാരവും രൂപപ്പെടണം. വിവേചനങ്ങളുടെയും ജാതീയതയുടെയും മതിലുകളെ ഭേദിച്ച്, സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങൾ ഉയർത്തി പ്രകൃതി സൗഹൃദ-മനുഷ്യസൗഹൃദ കേരളത്തെ പടുത്തുയർത്താം.

- പത്രാധിപർ




## നേർക്കാഴ്ച ചിന്തനീയം

കഴിഞ്ഞ ലക്കത്തിലെ നേർക്കാഴ്ചയിലെ ജെ.സിയുടെ ലേഖനം വളരെയേറെ ചിന്തനീയമായിരുന്നു. മതങ്ങൾ നേരിടുന്ന ആന്തരിക പ്രതിസന്ധി ജീർണ്ണത ആണെന്ന് മനസ്സിലാക്കി തരികയും, അതിനേക്കാൾ ഉപരി മതത്തിൽ നിന്നാണ് ആത്മീയതയിലേക്ക് നാം വളരേണ്ടതെന്നും ഉത്തേജിപ്പിച്ച ലേഖകന് ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം ആശംസകൾ നേരുന്നു. അടുത്ത മാസത്തിലെ നേർക്കാഴ്ചയിൽ ജെ. സിയുടെ മുഴുവൻ പേരും വെളിപ്പെടുത്തിയാൽ ഉചിതമായിരുന്നു.

- റൂബി ജെയിംസ്,
തൈക്കാട്

## ഡോ. വത്സൻ തമ്പുവിന്റെ ലേഖനം ശ്രദ്ധേയം

ഡോ. വത്സൻ തമ്പുവിന്റെ ക്രിസ്മസിന്റെ നിറച്ചാർത്തും ഉത്സവാഘോഷവും ചാലിച്ചെഴുതിയ ദീർഘമായ ലേഖനം മികവുറ്റതായിരുന്നു. ക്രിസ്മസ് ആഘോഷത്തിന്റെ ആന്തരികവും ബാഹ്യവുമായ അർത്ഥതലങ്ങളുടെ പ്രസക്തിയും ഉണ്ണിയേശു പിറക്കാത്ത വെറും ബാഹ്യാഘോഷങ്ങളുടെ പൊള്ളത്തരങ്ങളും തുറന്നുകാട്ടിയ ലേഖനം സ്വയം വിമർശനത്തിനും താന്താങ്ങളുടെ ഉള്ളിലേക്ക് നോക്കി വിലയിരുത്താനും പ്രചോദനവും പ്രേരണയുമേറെ നൽകി.

കാലിത്തൊഴുത്തിൽ പിറന്ന് കാൽവരിയിൽ ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേ കുരിശിൽ പിടിഞ്ഞ് മരിച്ച് അരിമത്തിയാക്കാരൻ ജോസഫിന്റെ കല്ലറയിൽ അടക്കപ്പെടുകയും മൂന്നാം നാൾ ഉയിർത്ത് ഇന്നും നമ്മോടൊപ്പം ജീവിക്കുന്നവനും ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പക്ഷം ചേരുകയും ചെയ്തവനുമായ യേശുവിനെ ആധുനിക സമകാലീന ലോകത്തിന് നഷ്ടമാക്കുന്ന തരത്തിലല്ലേ നമ്മുടെ ആഘോഷമഹാപ്രളയങ്ങളെന്ന് ലേഖന വായനയിലൂടെ വ്യക്തമായി.

വിജയമ്മ
ജൂബിലി ആശുപത്രി, പാളയം

## ഭിന്നത വെടിയണം

20 ലക്ഷം വിശ്വാസികളും 12 രൂപതകളും മനോജ്ഞമായ ദേവാലയങ്ങളും ഉൾക്കൊള്ളുന്ന കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ ചരിത്രവും ചരിത്രപശ്ചാത്തലവും കുതിപ്പും കിതപ്പും ഇന്നത്തെ അവസ്ഥകളും ദുരവസ്ഥകളും സാഹചര്യങ്ങളും വ്യത്യസ്ത വീക്ഷണങ്ങളിലൂടെ ആഴത്തിൽ പ്രതിപാദിച്ച ഹൃദയസ്പർശിയായ പ്രൗഢലേഖനങ്ങളാലും ചിത്രങ്ങളാലും സമ്പന്നമായിരുന്നു ഡിസംബർ ലക്കം ജീവനും വെളിച്ചവും മാസിക. കെആർഎൽസിസിയുടെ പിറവിയോടെ ലത്തീൻ സമുദായത്തിന്റെ ഘടനയിലും പ്രവർത്തന മേഖലകളിലും പുത്തനുണർവും ദിശാബോധവും ഫലപ്രദമായ ഇടപെടലുകളും കൈവന്നിട്ടുണ്ടെങ്കിലും സമുദായത്തിന്റെ സാമ്പത്തികവും സാമൂഹ്യവും ആദ്ധ്യാത്മികവുമായ പിന്നോക്കാവസ്ഥയ്ക്ക് ഇന്നും പരിഹാരം കാണാൻ കഴിയുന്നില്ലെന്നത് അങ്ങേയറ്റം ദുഃഖകരവും ഖേദകരവുമാണ്. അതിനൂതനമായ അത്യുഗ്രൻ ചിന്തകളും കാഴ്ചപ്പാടും കാര്യപരിപാടികളും സ്വപ്നങ്ങളും പലപ്പോഴും ഫലമണിയാതെ സെമിനാറുകളും പ്രസംഗങ്ങളിലും മഹാസംഗമങ്ങളിലും മഹാറാലികളിലുമായി ഒതുങ്ങിപ്പോകുകയാണ് പതിവ്. ഭിന്നവർഗ വർണ ജാതി ഉപജാതികളുടെ സമ്മിശ്രമായ ലത്തീൻ സഭയ്ക്കോ സമുദായത്തിനോ ഇനിയും രാഷ്ട്രീയ സമ്മർദ്ദ ശക്തിയോ ആത്മീയ പ്രകാശഗോപുരമോ അകാൻ കഴിയാത്തത് ഭിന്നതകളും ഐക്യമില്ലായ്മയും കൊണ്ടാണ്.

- ജെറാൾഡ് ബി.മിരാൻഡ
തോന്നയ്ക്കൽ

# താളുകളിൽ

## ലേഖനം

6 തീരദേശ വികസനവും നവകേരള നിർമിതിയും
മോൺ. യൂജിൻ എച്ച്. പെരേര

9 കവിത: നിറം
സിസ്റ്റർ രേഷ്മ

10 അസ്ഥിവാരമില്ലാത്ത നവോത്ഥാന മതിലുകൾ
ഇഗ്നേഷ്യസ് തോമസ്

14 തീരദേശ വികസനവും നവകേരള നിർമിതിയും
അഡ്വ. എം.എ.ഫ്രാൻസിസ്

18 യുവജനങ്ങൾക്ക് ഇടം തിരിച്ചുനൽകണം
ജോയി ഗോതുരുത്ത്

20 ജനിപ്പിച്ചവന്റെ ഉൾത്തടം
സി. റീഷ്മ സൈമൺ

24 വനിതകളും അധികാരപങ്കാളിത്തവും
ഡോ. ഐറിസ്

## സ്ഥിരം പംക്തികൾ

17 കാനോൻ നിയമത്തിൽ

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

26 വാർത്തകൾ

31 അജപാലനം

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച
ജെ.സി.



ലേഖനം

മോൺ. യൂജിൻ എച്ച്. പെരേര

# തീരദേശ വികസനവും നവകേരള നിർമിതിയും

**'കേരളത്തിന്റെ സൈന്യം' എന്ന് വിശേഷിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ സമൂഹത്തിന്റെ പൊതുധാരാ ജോലികളിലും സംസ്ഥാനത്തിന്റെ നവനിർമ്മാണ പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്ന പങ്കാളിത്തത്തിന്റെ രാഷ്ട്രീയവും, സംസ്കാരവും, സാമൂഹ്യസ്ഥിതിയും ഉയർത്താനുള്ളതുമാകണം നവകേരള നിർമാണത്തിന്റെ നടപടികൾ.**


കേരള മാതൃകാ വികസനത്തെക്കുറിച്ച് വാചാലനാകുന്ന അമർത്യാസെൻ പറഞ്ഞതിങ്ങനെയാണ്, 'സാമ്പത്തിക വികസനം വേണ്ടത്ര ഇല്ലെങ്കിലും സാക്ഷരത, ആയുർദൈർഘ്യം, മരണനിരക്ക് തുടങ്ങിയ രംഗത്ത് കേരളം കൈവരിച്ച നേട്ടം ഭാരതത്തിന്റെ ഇതര സംസ്ഥാനങ്ങൾക്ക് അനുകരണീയമാണ്. ആളോഹരി വരുമാനം കുറവാണെങ്കിലും ജീവിതനിലവാരം, ശിശുമരണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ ഒന്നാംകിട രാഷ്ട്രങ്ങൾക്ക് സമാനമായി കൈവരിച്ച വികസനത്തെയാണ് 'കേരള മാതൃക' എന്ന് വിശേഷിപ്പിക്കുന്നത്. മേൽപ്പറഞ്ഞ രംഗങ്ങളിൽ കേരളം അസൂയാവഹമായ വളർച്ച കൈവരിച്ചപ്പോൾ ഈ വികസന മാതൃകയിൽ നിന്ന് പുറംതള്ളപ്പെട്ട ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ എന്ന് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ വിദഗ്ദ്ധനായിരുന്ന ഡോ. ജോൺ കുര്യൻ തന്നെ കണ്ടെത്തിയിട്ടുള്ളതാണ്. ഇതുപോലെ തന്നെ കേരള മാതൃക വികസനത്തിന്റെ നേട്ടം കൈവരിക്കാനാകാതെ പോയ മറ്റൊരു ജനവിഭാഗമാണ് കേരളത്തിലെ ആദിവാസി ജനസമൂഹം. തൊണ്ണൂറുകളിൽ കേരളത്തിൽ നടന്ന

സാക്ഷരാ മുന്നേറ്റ പ്രവർത്തനത്തിന്റെ ഫലമായി ലോകരാജ്യങ്ങളുടെ സാക്ഷരതാ നിലയിൽ കേരളം എത്തി. ഈ വലിയ മുന്നേറ്റത്തിൽ നിന്നുപോലും അന്യംനിന്ന രണ്ട് ജനവിഭാഗങ്ങളാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹവും ആദിവാസികളും.

ഇന്ന് ലോകം നേരിടുന്ന അതിഭയനാകമായ പ്രശ്നമാണ് കാലവസ്ഥാവ്യതിയാനവും, അതിന്റെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വൻപ്രകൃതി ദുരന്തങ്ങളും. ഈ കാലാവസ്ഥാമാറ്റത്തിന്റെ ഫലമായി 2004 ഡിസംബർ 26 ന് ജക്കാർത്തയിൽ ഉണ്ടായ സുനാമിത്തിരകളുടെ നോവ് അനുഭവിച്ചവരാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം. കൂടാതെ 2017 നവംബർ 29 ന് ആഞ്ഞുവീശിയ ചുഴലിക്കൊടുങ്കാറ്റിന്റെ ഏറ്റവും വലിയ ദുരന്തം പേറിയതും കേരളത്തിലെയും തമിഴ്നാട്ടിലെയും തീരങ്ങളാണ്. ഓഖി ചുഴലിക്കൊടുങ്കാറ്റിനെ തുടർന്ന് കഴിഞ്ഞ ഒരുവർഷക്കാലം നാലിലേറെ ചുഴലി, വർഷം മുഴുവനും ആവർത്തിച്ചാവർത്തിച്ചുള്ള ന്യൂനമർദ്ദം, അതിഗൗരവമുള്ള ന്യൂനമർദ്ദപ്രവചനവും തീരമേഖലയെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിക്കളഞ്ഞു. ഒക്ടോബർ മാസത്തോടെ ആഞ്ഞുവീശിയെ ഗജചുഴലിക്കൊടുങ്കാറ്റിന്റെ അനുരണനങ്ങൾ ഇനിയും മാഞ്ഞുപോയിട്ടില്ല. 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തെ ആകമാനം ആശങ്കയിലും ഭയത്തിലും സമാനതകളില്ലാത്ത ദുരിതത്തിലും വലിച്ചെറിഞ്ഞ ജലപ്രളയം സൃഷ്ടിച്ച ആഘാതവും ദുരന്തവും വിവരണാതീതമാണ്. ഈ ദുരന്തങ്ങളുടെ നാൾവഴി പരിശോധിക്കുകയാണെങ്കിൽ സമുദ്ര ജലത്തിലും, ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യകൂമ്പാരം; അത് പ്ലാസ്റ്റിക് രൂപത്തിലും ആർത്തിപൂണ്ട മനുഷ്യൻ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികളും, വളങ്ങളും തുടങ്ങി ഇലക്ട്രോണിക്സ്, ന്യൂക്ലിയർ മാലിന്യങ്ങളുടെ കൂമ്പാരമാണ് കടലിന്റെ ആവാസവ്യവസ്ഥകളെ താറുമാറാക്കിയിരിക്കുന്നത്. ഇതിന്റെ ഫലമായി ഉയർന്നുവന്നിരിക്കുന്ന കടലിന്റെ ഉഷ്ണതോതിലെ വൻവർധനവാണ് ചുഴലിക്കൊടുങ്കാറ്റും, സുനാമി തിരകളും ജലപ്രളയവും വൻദുരന്തങ്ങളായി മാറിക്കൊണ്ടിരിക്കുന്നത്.

**ആളോഹരി വരുമാനം കുറവാണെങ്കിലും ജീവിതനിലവാരം, ശിശുമരണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ ഒന്നാംകിട രാഷ്ട്രങ്ങൾക്ക് സമാനമായി കൈവരിച്ച വികസനത്തെയാണ് 'കേരള മാതൃക' എന്ന് വിശേഷിപ്പിക്കുന്നത്.**







ജലപ്രളയ സന്ദർഭത്തിൽ കേരളത്തിന്റെ സൈന്യം എന്ന് മുഖ്യമന്ത്രി വിശേഷിപ്പിച്ച ജനവിഭാഗം നവകേരള നിർമിതിയെക്കുറിച്ചുള്ള പൊതുധാരാ ചർച്ചകളിലും പുറംതള്ളപ്പെട്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ സ്വതവേ നല്ലമനസ്സിന്റെ ഉടമകളാണ്. ഒരിക്കൽ ആവുന്നത്ര ത്യാഗപൂർവമായ മത്സ്യത്തൊഴിലാളിയുടെ സഹായം ലഭിച്ച സായിപ്പ് തന്റെ പ്രത്യുപകാരമായി മത്സ്യത്തൊഴിലാളിയോട് ചോദിച്ചു, "നന്ദി വേണോ പണം വേണോ? സ്വതവേ നന്മയുടെ ഉടമയായ മത്സ്യത്തൊഴിലാളി നന്ദി മതി എന്നുപറഞ്ഞു. സായിപ്പ് തന്റെ കാറിലെ യാത്രയിൽ കൈ ഉയർത്തി നന്ദി... നന്ദി... നന്ദി.. എന്നുപറഞ്ഞ് കടന്നുപോയി. കേരളത്തിന്റെ സൈന്യം എന്ന് വിശേഷിപ്പിച്ച മത്സ്യത്തൊഴിലാളികൾക്ക് മൂവായിരം രൂപവീതം പ്രോത്സാഹനമായി മുഖ്യമന്ത്രി നൽകിയപ്പോഴും ഇതേ മനോഭാവത്തോടെ ഞങ്ങൾക്ക് പണം വേണ്ട, നന്ദി മതി എന്നുപറഞ്ഞ വിശാലമനസ്കരാണ് മത്സ്യത്തൊഴിലാളികൾ. എന്നാൽ ഈയിടെ വിഴിഞ്ഞം കേന്ദ്രീകരിച്ച് അവിടെ സാമൂഹ്യ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ഉർസുലൈൻ സന്യാസിനികൾ നടത്തിയ പഠനത്തിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട 73 മത്സ്യത്തൊഴിലാളികളുടെ അവസ്ഥ വിവരിക്കുന്നു. ബഹുഭൂരിപക്ഷം തൊഴിലാളികളും മാനസികവും, ശാരീരികവുമായ ആഘാതവും മുറിവുകളും കാരണം കടലിൽ തൊഴിൽ ചെയ്യാൻ പോലും പോകാത്ത സ്ഥിതിയിലാണ്.

ഓഖി ദുരന്തത്തിൽ കാണാതാവുകയും മരണപ്പെടുകയും ചെയ്ത 143 പേരുടെ പുനരധിവാസ പ്രവർത്തനവുമായി നമ്മുടെ സർക്കാർ മുന്നോട്ടുപോകുമ്പോൾ ദുരന്തത്തിന്റെ ആഘാതമേറ്റ് രക്ഷപ്പെട്ടെത്തിയ മത്സ്യത്തൊഴിലാളികളിൽ 162 പേർ വീണ്ടും തൊഴിലെടുക്കാനാവാത്തവിധം രോഗാവസ്ഥയിലാണ്. തുടർചികിത്സാ സഹായം ആവശ്യമുള്ളവരുമുണ്ട്. പുനരധിവാസ നടപടികൾ പുനർവിചിന്തനത്തിനുള്ള സമയമായിക്കഴിഞ്ഞു.

നവകേരള നിർമിതിക്കായി സംസ്ഥാനം തയ്യാറെടുക്കുമ്പോൾ പാരിസ്ഥിതിക ആഘാതങ്ങൾ വേണ്ടത്ര ഗൗരവത്തോടെ പഠിക്കുകയോ, സമുദ്രങ്ങളാണ് പ്രകൃതി ദുരന്തങ്ങളുടെ പ്രഭവ കേന്ദ്രമെന്ന പരിഗണനയോ നൽകി കാണുന്നില്ല. നവകേരള നിർമിതിയുടെ മുഖ്യലക്ഷ്യം ഭാവിയിൽ ഇത്തരം പ്രകൃതി ദുരന്തങ്ങളുണ്ടാകാത്ത രീതിയിലുള്ള സംസ്ഥാനത്തിന്റെ രൂപകല്പനയും, കർമ്മപദ്ധതികളുമാണ്. അഥവാ ദുരന്തങ്ങളുണ്ടാകുമ്പോൾ അവയെ അതിജീവിക്കാനുള്ള സമഗ്ര നിർദ്ദേശങ്ങളാണുണ്ടാകേണ്ടത്. എന്നാൽ, അങ്ങനെയാണെങ്കിൽ ദുരന്തങ്ങൾക്ക് കാരണമാകുന്ന സമുദ്രത്തിലും ജല

സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതങ്ങളും പഠനവിധേയമാകണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായും, കടലിൽ നടത്തിയ അശാസ്ത്രീയ നിർമ്മാണങ്ങളുടെയും ഫലമായി നടന്നുകൊണ്ടിരിക്കുന്ന കടൽത്തീര ശോഷണം ഗൗരവമേറിയ പഠനത്തിന് വിധേയമാകണം. കടൽത്തീരശോഷണം ശാസ്ത്രീയമായും, നൂതനമാർഗങ്ങൾ ഉപയോഗിച്ച് (ഫെറോസ് സിമന്റ് ട്യൂബുകളുടെ സ്ഥാപനം ഉൾപ്പെടെ) പരിഗണിക്കാനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടണം. 'ഈ മനോഹര തീരത്ത് ഒരു ജന്മംകൂടി തരുമോ' എന്ന് പാടിയ വയലാറിന്റെ ആഴമേറിയ ചിന്തകൾ



**ജലപ്രളയ സന്ദർഭത്തിൽ കേരളത്തിന്റെ സൈന്യം എന്ന് മുഖ്യമന്ത്രി വിശേഷിപ്പിച്ച ജനവിഭാഗം നവകേരള നിർമിതിയെക്കുറിച്ചുള്ള പൊതുധാരാ ചർച്ചകളിലും പുറംതള്ളപ്പെട്ടിരിക്കുകയാണ്.**

ഈയിടെ അച്യുതമേനോൻ ഫൗണ്ടേഷൻ ദ്വിദിന സെമിനാറും, മലയാള മനോരമ ഏകദിന പഠനവും സംഘടിപ്പിച്ചിരുന്നു. മാതൃഭൂമി ഏകദിന ശില്പശാലയും. ഈ പഠനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്താകമാനം നടക്കുന്ന ചർച്ചകളുടെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ വികസന കാര്യത്തിൽ നാളിതുവരെ അനുവർത്തിച്ചുവന്ന അല്ലറ ചില്ലറ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകാനുള്ള നിർദ്ദേശങ്ങളാണ് കാണുന്നത്. കൂടാതെ കടലിലെ ഉഷ്ണവർധനവും, അമിതമായി ഒഴുക്കിവിട്ടുകൊണ്ടിരിക്കുന്ന മാലിന്യശേഖരവും സൃഷ്ടിക്കുന്ന

സ്രോതസ്സുകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന താപവ്യതിയാനങ്ങൾ, മാലിന്യത്തിന്റെ തോത് എന്നിവ ഗൗരവമായ പഠനത്തിന് വിധേയമാക്കണം. ആ ചർച്ചകളുടെ ഭാഗമായി വേണം നവകേരള നിർമിതിക്കായുള്ള പരിപ്രേക്ഷ്യങ്ങൾ നിശ്ചയിക്കേണ്ടത്.

കടലും, കടലോരവും കടലോരത്ത് പരമ്പരാഗതമായി വസിക്കുന്ന മത്സ്യത്തൊഴിലാളികളും ഗൗരവത്തോടുകൂടിയ പരിഗണനയാകുമ്പോൾ മാത്രമേ നവകേരള നിർമിതിയെക്കുറിച്ചുള്ള ചർച്ചകളിൽ സമഗ്രതയും യാഥാർത്ഥ്യബോധമുള്ള നിർദ്ദേശങ്ങളും രൂപപ്പെടുകയുള്ളൂ. കടലിലെ മാലിന്യങ്ങളുടെ തോതും ഉഷ്ണത്തിന്റെ തോതും അത്

ഉൾക്കൊണ്ട് തീരദേശ വാസികളുടെ ജീവിതനിലവാരം, തൊഴിൽ, അന്തസ്, തൊഴിൽ വൈവിധ്യവൽക്കരണം, സാമൂഹ്യക്ഷേമ പദ്ധതികൾ ആരോഗ്യപരിപാലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾ പഠനവിധേയമാക്കണം.

'കേരളത്തിന്റെ സൈന്യം' എന്ന് വിശേഷിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ സമൂഹത്തിന്റെ പൊതുധാരാ ജോലികളിലും സംസ്ഥാനത്തിന്റെ നവനിർമ്മാണ പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്ന പങ്കാളിത്തത്തിന്റെ രാഷ്ട്രീയവും, സംസ്കാരവും, സാമൂഹ്യസ്ഥിതിയും ഉയർത്താനുള്ളതുമാകണം നവകേരള നിർമാണത്തിന്റെ നടപടികൾ.

■

കവിത

സിസ്റ്റർ രേഷ്മ

# നിറം

ആത്മാവിൽ കേളികൊട്ടി,
നിറമാർന്നൊരു പൊൻപുത്തൻ പുലരിയ്ക്കായ്,
പുതുവത്സര പുലരിയ്ക്കായ് ഞാൻ കാതോർത്തു.
നിശബ്ദതയുടെ നിശാന്തതയിൽ-
വീണ്ടും ഉണരുന്നുലോകം.
ഇന്നലെയുടെ വിജയ സോപാനങ്ങളും,
വീണ്ടെടുത്ത വസന്തത്തിന്റെ ശ്രേഷ്ഠതയും,
എന്നെ പുൽകിടുമ്പോൾ...
പച്ചിലകൾ പോലും കാണാതെ
മൺമറഞ്ഞ ആയിരമായിരം ജന്മങ്ങൾ
കണ്ണീരിന്റെ ഉപ്പുപാടങ്ങൾ ബാക്കിവച്ച്,
കവർന്നെടുത്ത പ്രളയക്കെടുതിയും
നഷ്ടപ്പെട്ട സൗഹൃദങ്ങളുമെല്ലാം
വേദനാജനകമായി എൻ അന്തരാത്മാവിൽ-
സ്നേഹത്തിൻ മന്ത്രകണങ്ങളാൽ-
ആശ്ലേഷിക്കുവാനായ് വീണ്ടുമൊരു ഊഴം.
ഇതാ എൻ പന്ഥാവിൽ ഉയരുന്നു.
ഉൾവെളിച്ചം നൽകിയവരെയും
ജന്മം നൽകി വലുതാക്കിയവരെയും,
ദിനരാത്രങ്ങൾക്കിടയിലുള്ള
അദ്ധ്വാനത്തിന്റെ തീവ്രതയും
എല്ലാമെല്ലാം ഓർക്കുമ്പോൾ-
ഞാനേകുന്നു എൻ തമ്പുരാന് !
ഒരായിരം സ്നേഹമന്ത്രകണങ്ങൾ.
ഒരു വീട്ടാകടമായി ഞാനേകുന്നു.



ലേഖനം

ഇഗ്നേഷ്യസ് തോമസ്

# അസ്ഥിവാരമില്ലാത്ത നവോത്ഥാനമതിലുകൾ

**കേരള നവോത്ഥാന ചരിത്രത്തെക്കുറിച്ച് പറയുമ്പോൾ നവോത്ഥാനം ഫിനിഷിംഗ് പോയിന്റിൽ എത്തിച്ചവരെ സ്മരിക്കാതിരിക്കുകയും ഫിനിഷിംഗ് പോയിന്റിൽ എത്തിയവരെ മാത്രം കാണുകയും കയ്യടിച്ച് ആർപ്പുവിളികളോടെ ആരവം ഉയർത്തുകയും ചെയ്യുമ്പോൾ ഓർക്കുക സ്റ്റാർട്ടിംഗ് പോയിന്റിൽ നിന്ന് ഓടുകയും തുടർന്ന് ബാറ്റൻ കൈമാറുകയും ചെയ്തവർ മിഷണറിമാരാണ്.**

അന്ധവിശ്വാസം, അനാചരങ്ങൾ, അടിമത്വം, അവസരനിഷേധം, അസ്പർശ്യത, ജാതീയത, നീതിരാഹിത്യം എന്നീ വാക്കുകൾ മനുഷ്യ സംസ്കാരത്തിനും പുരോഗതിക്കും എതിർ നിൽക്കുന്ന പദങ്ങളാണ്. ഈ നിഷേധ പദങ്ങൾ പ്രായോഗികമായി നിലനിൽക്കുകയും പ്രാവർത്തികമാകുകയും ചെയ്യുന്ന ഭൂവിഭാഗങ്ങളിൽ ജനജീവിതം നരകതുല്യമാകും എന്നതിൽ സംശയമില്ല.

മനുഷ്യസ്നേഹത്തിലും നീതിയിലും അധിഷ്ടിതമായ സാമൂഹ്യക്രമം നിലനിർത്തിക്കൊണ്ടുമാത്രമേ ഏതു നാട്ടിലും നവോത്ഥാനം സൃഷ്ടിക്കാനാവൂ. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ജാതിക്കോമരങ്ങളുടെ കാട്ടാളത്തരങ്ങളും കണ്ടതുകൊണ്ടാണ് കേരളത്തെ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചത്. ദുഷ്കരമായ ഈ ചുറ്റുപാടുകളിൽ നിന്ന് മനുഷ്യസ്നേഹത്തിലും മാനവിക മൂല്യങ്ങളിലും അധിഷ്ഠിതമായ നവോത്ഥാന മതിലുകൾക്കു അസ്ഥിവാരമിട്ടത് ആരൊക്കെയാണെന്ന് ചിന്തിക്കുമ്പോൾ, ആദ്യ ഉയർന്നുവരേണ്ട നാമം ക്രൈസ്തവ മിഷണറിമാർ എന്നുതന്നെയാണ്. നിർഭാഗ്യവശാൽ ഇന്ന് നടക്കുന്ന നവോത്ഥാന പിതൃത്വത്തെപ്പറ്റിയുള്ള ചർച്ചകളിൽ ഈ യാഥാർത്ഥ്യം വിസ്മരിക്കപ്പെടുകയും മൂന്നോ നാലോ നായകരിൽ ഒതുക്കപ്പെടുകയും ചെയ്യുന്നു. തികച്ചും നിർഭാഗ്യകരമാണ് ഈ തമസ്കരണം.

### ജാതി ചിന്തയിൽ വേരൂന്നിയ സമൂഹം

ജന്മിത്തവാഴ്ചയും ജാതി മത ശക്തികളുടെ കടിഞ്ഞാണില്ലാത്ത അധികാര ദുർവിനിയോഗവും മൂലം രോ

ഗാതുരമായ കേരള സമൂഹം, ജീർണം സംഭവിച്ചു തകർന്നുവീഴാറായ തറവാട്പോലെ ആയിരുന്നു. ജാതി മര്യാദകൾ കൃത്യമായി പാലിക്കപ്പെടണമെന്നു ഭരണാധികാരികൾ നിഷ്കർഷിച്ചിരുന്നു. വഴിനടക്കുന്നതിനിടയിൽ ഉന്നത ജാതിക്കാരന്റെ മുൻപിൽ താഴ്ന്ന ജാതിക്കാരൻ പെട്ടുപോയാൽ ശാരീരിക ശിക്ഷ നിശ്ചയമായിരുന്നു.

ഈഴവൻ ബ്രാഹ്മണനിൽ നിന്ന് 32 അടിയും നായരിൽ നിന്ന് 16 അടിയും പുലയൻ ബ്രാഹ്മണനിൽ നിന്ന് 64 അടിയും മാറിനിൽക്കണമെന്നായിരുന്നു നിയമം. പുലയൻ പൊതു നിരത്ത് ഉപയോഗിക്കാനോ നീതി ലഭിക്കുന്നതിനായി കോടതിയെ സമീപിക്കാനോ പാടില്ലായിരുന്നു. അവൻ വയലിൽ പാടുപെടാൻ മാത്രം വിധിക്കപ്പെട്ടവനായിരുന്നു. ആഭരണം ധരിക്കാനോ രണ്ടാം മുണ്ട് ധരിക്കാനോ അവകാശം ഉണ്ടായിരുന്നില്ല. കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാനും അവസരമുണ്ടായിരുന്നില്ല. അയിത്തജാതിക്കാരനെ തിരിച്ചറിയാനായി അരക്കു മുകളിൽ നഗ്നത മറച്ചുകൂടെന്നു നിർബന്ധമായിരുന്നു. ആരാധനാസ്വാതന്ത്ര്യം ഇല്ലായിരുന്നു എന്നു മാത്രമല്ല പൊതു വിദ്യാലയങ്ങളിൽ അയിത്ത ജാതിക്കാരന് പ്രവേശനവും ഇല്ലായിരുന്നു. നിലവിലിരുന്ന ശിക്ഷ സമ്പ്രദായങ്ങൾ അതി ക്രൂരവും മനുഷ്യത്വഹീനവുമായിരുന്നു. കൊല്ലാനും വിൽക്കാനും ഉടമകൾക്കും ജന്മിമാർക്കും ആയിരുന്നു അധികാരം. അധികാരവും മേൽകോയ്മയും നിലനിർത്തിയിരുന്ന സവർണ ജാതിക്കാരുടെ ഇടയിൽ തന്നെ അന്ധവിശ്വാസങ്ങളും അബദ്ധ സിദ്ധാന്തങ്ങളും അസാന്മാർഗികതയും നിറഞ്ഞുനിന്നിരുന്നു.

മനുഷ്യമഹത്വത്തിനും മാനവിക മൂല്യങ്ങൾക്കും അശേഷം വിലകല്പിക്കാത്ത ഒരു കാലഘട്ടത്തിൽ അവശർക്കും ആർത്തർക്കും ആലംബഹീനർക്കും അത്താണിയായി നവോത്ഥാനത്തനു നായകത്വം വഹിച്ചവർ മിഷണറിമാരായിരുന്നു. എന്നാൽ ഇപ്പോൾ സാമൂഹ്യ പരിവർത്തനത്തിനു തുടക്കം കുറിച്ചവരെക്കുറിച്ച് പറയുമ്പോൾ മിഷണറിമാരുടെ സംഭാവനകളക്കുറിച്ച് നിശബ്ദത പാലിക്കുകയും അവഗണിക്കുകയും ചെയ്യുകയാണ് നവചരിത്ര നിർമ്മാതാക്കൾ. മിഷണറിമാർ കേരളത്തിൽ നടത്തിയ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും മൂല്യാധിഷ്ഠിതമായ സേവനങ്ങളിലൂടെയും നരകതുല്യമായിരുന്ന മലയാളഭൂമിയെ ഉഴുത് മറിക്കുകയും നീതിയുടെയും മാനവികതയുടെയും വിത്തുകൾ വിതറി വെള്ളവും വളവും നൽകി. നല്ല വിളവു കൊയ്തെടുക്കുകയും ചെയ്തവരാണ് ക്രിസ്ത്യൻ മിഷണറിമാർ.

അടിമ വ്യവസ്ഥകൾക്കെതിരെ ഊഴിയവേലിക്കെതിരെ, ജോലിക്ക് കൂലികിട്ടുന്നതിനുവേണ്ടി, മാറുമറക്കാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി, മാനവ മോചനത്തിനും ആരാധനാ സ്വാതന്ത്ര്യത്തിനും മനുഷ്യ സമത്വത്തിനും നീതിക്കും വേണ്ടി ത്യാഗോജ്വല പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ മിഷണറിമാരെ സൗകര്യപൂർവം വിസ്മരിക്കുന്നത് ചരിത്ര നിഷേധവും നവോത്ഥാന യാഥാർത്ഥ്യങ്ങളുടെ നേർക്കു പുറംതിരിഞ്ഞു നിൽക്കലുമാണ്.

## ജാതി വ്യവസ്ഥയ്ക്കും നീതിക്കും വേണ്ടിയുള്ള സമരങ്ങൾ

മനുഷ്യജീവി എന്ന പ്രാഥമിക പരിഗണനയ്ക്കായുള്ള ദളിതന്റെയും പിന്നോക്ക വിഭാഗക്കാരുടെയും മുറവിളക്ക് ആദ്യമായി കാതോർത്തത് മിഷണറിമാർ തന്നെ. മിഷണറിമാരുടെ കടന്നുവരവ് സമത്വം, തുല്യത എന്നീ ആശയങ്ങളുടെ പ്രചാരണത്തിന് വേഗത കൈവരുത്തി.

1937-ൽ കണ്ണൂരിലെ മാട്ടൂലിൽ നടന്ന സംഭവം ജാതീയമായ അസ്പർശ്യതയും അതിനെ പൊളിച്ചടുക്കാൻ മിഷണറിമാർ കാണിച്ച ധൈര്യവും വെളിപ്പെടുത്തുന്നു. ചിറക്കൽ മിഷനിൽ പ്രവർത്തിച്ചിരുന്ന ഈശോ സഭാ വൈദീകനായ ഫാ. പീറ്റർ കെയ്റോണിയും ഏതാനും ചില ദളിതരും കൂടി സവർണ്ണൻ നടത്തുന്ന ചായക്കടയിൽ പ്രവേശിച്ച് ചായ ആവശ്യപ്പെട്ടു. അച്ചന് ഗ്ലാസിൽ ചായ നൽകുകയും കൂടെ വന്ന ദളിതർക്ക് ചിരട്ടയിൽ ചായ നൽകുകയും ചെയ്തു. കോപാകുലനായ അച്ചൻ ചായക്കപ്പ് വലിച്ചെറിഞ്ഞു, പുറത്തിറങ്ങി ദളിതരോടൊപ്പം പ്രതിഷേധം രേഖപ്പെടുത്തി. ചിറക്കൽ പ്രദേശം പിൽക്കാലത്തു വിപ്ലവ പാർട്ടികളുടെ വിളഭൂമിയായി മാറി.

സാമൂഹ്യ അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണത്തിലൂടെയും സാമൂഹ്യ ഇടപെടലിലൂടെയും നിയമം നിർമ്മിക്കാൻ അധികാരികളെ പ്രേരിപ്പിച്ചും മിഷണറിമാർ പ്രവർത്തിച്ചു. ഹൈന്ദവരുടെ ഇടയിൽ നിലവിലുണ്ടായിരുന്ന സതി സമ്പ്രദായം അവസാനിപ്പിക്കുന്നതിന് നടപടി എടുത്തത് ബ്രിട്ടീഷുകാർക്കു മുൻപേ പോർട്ടുഗീസുകാരായിരുന്നു. തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശങ്ങളിൽ ഗവർണ്ണർമാർ സതി സമ്പ്രദായം അവസാനിപ്പിച്ചു.

മനുഷ്യന്റെ പൂർണ്ണതയാണ് ദൈവം ആഗ്രഹിക്കുന്നതെന്ന ബോ



ധ്യത്തോടെയാണ് കേരളത്തിൽ മിഷണറിമാർ സാമൂഹ്യ നവോത്ഥാന രംഗത്തേക്ക് കടന്നു വന്നത്. കാലികളെ ചന്തയിൽ ക്രയവിക്രയം ചെയ്യുന്നതുപോലെ മനുഷ്യനെ അടിമകളാക്കി വിൽക്കുന്നതിനെതിരെ മനുഷ്യനെ മനുഷ്യരായി കരുതി അവരെ ജീവിക്കാനനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 1847-ൽ ചാൾസ് മീഡ്, ഹെൻട്രി ബേക്കർ, സാമുവേൽ മറ്റെർ എന്നീ മിഷണറിമാർ ചേർന്ന് തിരുവിതാംകൂർ മഹാരാജാവിന് നിവേദനം സമർപ്പിച്ചു. ഇതിന്റെ ഫലമായി അടിമകൾക്ക് തിരുവിതാംകൂർ സർക്കാർ സ്വാതന്ത്ര്യം അനുവദിക്കുകയും 1854 – ൽ അടിമവ്യാപാരം നിർത്തലാക്കുകയും അടിമകൾക്ക് സ്വത്ത് സമ്പാദിക്കാൻ അനുവാദം നൽകുകയും ചെയ്തു.


1854-ൽ മിഷണറിമാരുടെ പ്രേരണയാൽ കൊച്ചി മഹാരാജാവും അടിമ കച്ചവടം പൂർണമായി നിരോധിച്ചു. കൂടാതെ ദളിതരായ കുട്ടികളെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുകയും ഈ കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകന് കുട്ടി ഒന്നിന് ഒരുപണം വീതം നൽകുകയും ചെയ്തു.

തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ വി. നാഗമയ്യാ രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ് : ഈ ക്രിസ്തീയ മിഷണറിമാർ ഇല്ലായിരുന്നെങ്കിൽ ഹൈന്ദവ സമുദായത്തിലെ താണപടിയിൽപെട്ടവർ എന്നും ഇങ്ങനെ ഉദ്ധരിക്കപ്പെടാതെ കിടക്കുമായിരുന്നു. അവരുടെ വാസസ്ഥലങ്ങളിൽ പോയി ഉത്തമമാംവിധം ഈ ലോകത്തിൽ ജീവിക്കുന്നതിനുള്ള ബോധം അവരിൽ ഉണർത്തിയ മേന്മയ്ക്കുള്ള അവകാശികൾ ക്രൈസ്തവ മിഷണറിമാരാണ്.

താഴ്ന്ന ജാതിക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും അരക്കുമുകളിൽ വസ്ത്രം ധരിക്കാനുള്ള അവകാശം ഇല്ലായിരുന്നു. നമ്പൂതിരി സ്ത്രീകൾ ദൈവത്തിന്റെ മുമ്പിലും നായർ സ്ത്രീകൾ രാജാവിന്റെ മുമ്പിലും മാറുമറയ്ക്കാൻ പാടില്ലായിരുന്നു. ഈരീതി ജാതി ശ്രേണിയിൽ താഴത്തേക്കു പാലിക്കപ്പെട്ടിരുന്നു. ചാന്നാർ സ്ത്രീകൾ മാറു മറയ്ക്കരുതെന്നു 1829 ഫെബ്രുവരി 3-ാം തീയതി സർക്കാർ ഉത്തരവായിരുന്നു. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അറിവിന്റെ അക്ഷരനാളം അഗ്നിയായി ജ്വലിച്ചു അനീതിയെ വെല്ലുവിളിച്ചുകൊണ്ട് ചാന്നാർ സ്ത്രീകൾ പൊതു വഴിയിലൂടെ മാറുമറച്ചു നടക്കാൻ തുടങ്ങി. സവർണ്ണർ പൊതുവഴിയിലൂടെ മാറുമറച്ചു നടന്ന സ്ത്രീകളെ ആക്രമിക്കാനും മേൽവസ്ത്രം വലിച്ചുകീറാനുമുള്ള ശ്രമങ്ങൾ തുടർന്നു. ദിവാൻ സർ ടി. മാധവറാവുവും മിഷണറിമാർക്കെതിരെ നിലകൊണ്ടു. എന്നാൽ മിഷണറിമാർ മദ്രാസ് ഗവർണ്ണർ ആയിരുന്ന ചാൾസ് ട്രിവില്യനെ സമീപിക്കുകയും അദ്ദേഹം തിരുവിതാംകൂർ മഹാരാജാവിനു കർശന നിർദ്ദേശം നൽകുകയും അങ്ങനെ 1859 ജൂലൈ 26-ന് തിരുവിതാംകൂർ മഹാരാജാവ് സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം നൽകുകയും ചെയ്തു. ഐതിഹാസികമായ ഈ വനിതാമുന്നേറ്റം സാധ്യമായതും മേൽമുണ്ട് സമരത്തിലൂടെ മാറുമറയ്ക്കാനുള്ള അവകാശം നേടിയെടുത്തതും ക്രൈസ്തവ മിഷണറിമാരുടെ നീണ്ടുനിന്ന പോരാട്ടങ്ങൾക്കൊടുവിലായിരുന്നു.

### വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ മുന്നേറ്റം

സാമൂഹ്യ നവോത്ഥാനം കേരളത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്കിടയാക്കിയെങ്കിൽ അതിന് കാരണം മിഷണറിമാർ തന്നെയായിരുന്നു. കുടിപള്ളിക്കൂടങ്ങളിൽ ആശാൻമാരുടെ നേതൃത്വത്തിൽ നിലത്തെഴുത്തും പുരാണ പഠനങ്ങളും മന്ത്രതന്ത്രങ്ങളുമായി കെട്ടുപിണഞ്ഞുകിടന്നിരുന്ന അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തെ ഔപചാരികവും ക്രമീകൃതവുമാക്കി മാറ്റിയത് പാശ്ചാത്യ മിഷണറിമാരായിരുന്നു. ശൂദ്രമക്ഷര സംയുക്തം ദൂരതാ പരിവർജ്ജയേൻ (അക്ഷരം പഠിച്ച ശൂദ്രനെ അകറ്റി നിർത്തണം) എന്നതായിരുന്നു അക്കാലത്തെ സവർണ്ണ മനോഭാവം. ജാതി മത ലിംഗ ഭേദമില്ലാതെ എല്ലാവരേയും ഒരേ ബഞ്ചിലിരുത്തി പഠിപ്പിക്കാൻ തയ്യാറായത് മിഷണറിമാർ നടത്തുന്ന വിദ്യാലയങ്ങളിലായിരുന്നു. ദളിതനായ ബി. ആർ അംബേദ്ക്കർ വിദ്യാർത്ഥിയായിരുന്നപ്പോൾ ക്ലാസ് മുറിയിൽ തറയിൽ



**മനുഷ്യമഹത്വത്തിനും മാനവിക മൂല്യങ്ങൾക്കും അശേഷം വിലകല്പിക്കാത്ത ഒരു കാലഘട്ടത്തിൽ അവശർക്കും ആർത്തർക്കും ആലംബഹീനർക്കും അത്താണിയായി നവോത്ഥാനത്തനു നായകത്വം വഹിച്ചവർ മിഷണറിമാരായിരുന്നു.**

ചാക്ക് വിരിച്ചിരുന്നു പഠിക്കേണ്ടിവന്ന അവസ്ഥയുണ്ടായി. മിഷണറിമാർ ലളിതവും സാർവജനീനവും സർവാശ്ലേഷിയുമായ വിദ്യാഭ്യാസ സമ്പ്രദായമാണ് ഇവിടെ നടപ്പിലാക്കിയത്. "പള്ളിയോടൊപ്പം പള്ളിക്കൂടം" സ്ഥാപിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് ഇടയലേഖനം ഇറക്കിയ വാരാപ്പുഴ മെത്രാപ്പോലിത്താ ബെർണാഡിൻ ബച്ചനെല്ലി ഒ.സി.ഡിയുടെ പ്രബോധനം തീർച്ചയായും വിദ്യാഭ്യാസത്തിലൂടെ മോചനം നേടുവാനുള്ള മിഷണറിമാരുടെ തീഷ്ണമായ അഭിലാഷത്തിന്റെ ആവിഷ്ക്കാരമായിരുന്നു. ക്രിസ്ത്യൻ മിഷണറിമാർ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുകരിച്ച് സർക്കാരും വിദ്യാലയങ്ങൾ തുടങ്ങാൻ പ്രേരിതരായി. ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച മിഷൻ സൊസൈറ്റി, ബാൻസൽ മിഷൻ എന്നീ മൂന്ന് സംഘങ്ങളാണ് 19-ാം നൂറ്റാണ്ടിൽ കേരളത്തിലെ ജനകീയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.



ലണ്ടൻ മിഷൻ സൊസൈറ്റിയുടെ കേരളത്തിലെ ആദ്യ മിഷനറി വില്യം ടോബിയാസ് റിംഗിൾ ടോബിയായിരുന്നു. 1806-ൽ നാഗർകോവിലിനടുത്ത് മൈലാടിയിൽ ആദ്യമായി ഒരു വിദ്യാലയം സ്ഥാപിച്ചത്. തിരുവിതാംകൂർ റസിഡന്റ് കേണൽ മന്റോയുടെ ശുപാർശപ്രകാരം റാണി ലക്ഷ്മിഭായി റിങ്കിൾ ടോബിക്ക് സ്കൂൾ തുടങ്ങാൻ സ്ഥലം വിട്ടുകൊടുത്തു. ക്രമേണ ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവത്രികമാകുകയും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം നൽകുകയും ചെയ്തു. 1910ൽ അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന മിച്ചൽ സയ്പ് വിദ്യാഭ്യാസ കോഡിന് രൂപം നൽകി.

കേരളത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചവരും മിഷണറിമാർ തന്നെ. 1820-ൽ നാഗർകോവിലിൽ ചാൾസ് മീഡ് ആരംഭിച്ച സ്കൂളിൽ കലകൾ, പ്രിന്റിംഗ്, ബുക്ക് ബൈൻഡിംഗ് എന്നിവയിൽ പരിശീലനം നൽകിയിരുന്നു. നെയ്യൂർ എന്ന സ്ഥലത്താരംഭിച്ച വ്യവസായ സ്കൂളിൽ പേപ്പർ നിർമാണം, നെയ്ത്ത്, പട്ടുനൂൽ പുഴു വളർത്തൽ എന്നിവയിൽ പരിശീലനം നൽകി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ തദ്ദേശീയരായ ജനങ്ങളെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കി.

**തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ വി. നാഗമയ്യാ രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ് : ഈ ക്രിസ്തീയ മിഷണറിമാർ ഇല്ലായിരുന്നെങ്കിൽ ഹൈന്ദവ സമുദായത്തിലെ താണപടിയിൽ പെട്ടവർ എന്നും ഇങ്ങനെ ഉദ്ധരിക്കപ്പെടാതെ കിടക്കുമായിരുന്നു.**

വിദ്യാഭ്യാസ രംഗങ്ങളിൽ ക്രൈസ്തവർ നടത്തിയ സവിശേഷമായ പ്രവർത്തനങ്ങളാണ് പലപ്പോഴും തിരുവിതാംകൂർ കൊച്ചി സർക്കാരുകൾ മാതൃകയാക്കിയിട്ടുള്ളത്. തീണ്ടലും തൊടീലുമെല്ലാം നിലനിന്നിരുന്ന കാലത്ത് ജാതി വിവേചനമെന്ന പൈശാചിക തിന്മയെ അകറ്റി നിർത്തി സമത്വവും സാഹോദര്യവും തുല്യ നീതിയും പ്രാവർത്തികമാക്കുന്നതിൽ മിഷണറിമാർ വിജയിച്ചു. ഈ വിദ്യാലയങ്ങൾ സാമൂഹ്യമാറ്റത്തിന്റെ വിത്തുകൾ മുളപ്പിക്കുന്ന നഴ്സറികളായി മാറി. ഇവിടങ്ങളിലായിരുന്നു നവോത്ഥാന മൂല്യങ്ങൾ നാമ്പെടുത്തത്. ഈ വിദ്യാലയങ്ങളിൽ നിന്നു നേടിയ മൂല്യബോധവും മനുഷ്യജീവനോടുള്ള ആദരവും സഹജീവികളോടുള്ള കരുതലും കേരള സമൂഹത്തിലേക്ക് പരിവർത്തനത്തിന്റെ കാറ്റ് വീശാൻ ഇടയാക്കി. ഈ കാറ്റ് കൊടുങ്കാറ്റായി മാറി. കേരള നവോത്ഥാനത്തിന്റെ നിരയിലേക്ക് ആനയിക്കപ്പെട്ട വൈകുണ്ഠസ്വാമികൾ, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി എന്നീ നവോത്ഥാന നേതാക്കൾ മിഷണറിമാർ ഒരുക്കിയ നല്ലനിലത്ത് നിന്ന് അറുപതും നൂറും മേനി വിളവ് കൊയ്തു.


കേരള നവോത്ഥാന ചരിത്രത്തെക്കുറിച്ച് പറയുമ്പോൾ നവോത്ഥാനം ഫിനിഷിംഗ് പോയിന്റിൽ എത്തിച്ചവരെ സ്മരിക്കാതിരിക്കുകയും ഫിനിഷിംഗ് പോയിന്റിൽ എത്തിയവരെ മാത്രം കാണുകയും കയ്യടിച്ച് ആർപ്പുവിളികളോടെ ആരവം ഉയർത്തുകയും ചെയ്യുമ്പോൾ ഓർക്കുക സ്റ്റാർട്ടിംഗ് പോയിന്റിൽ നിന്ന് ഓടുകയും തുടർന്ന് ബാറ്റൻ കൈമാറുകയും ചെയ്തവർ മിഷണറിമാരാണ്. തുടക്കക്കാരെ അവഗണിച്ചുകൊണ്ട് നേടുന്ന വിജയം വിജയമല്ലെന്നും മനസിലാക്കുക. മിഷണറിമാരുടെ സമഗ്ര സംഭാവനകളെ വിസ്മരിക്കുന്ന കേരള നവോത്ഥാന ചരിത്രം അസ്ഥിവാരമില്ലാതെ കെട്ടിപൊക്കുന്ന മതിലിന് സമാനമാകും. ■

ലേഖനം

അഡ്വ. എം.എ. ഫ്രാൻസിസ്

# തീരദേശ വികസനവും നവകേരള നിർമിതിയും

**കാലാകാലങ്ങളായി തീരദേശജനവിഭാഗം അനുഭവിക്കുന്ന ജീവിത ദുരിതങ്ങൾക്ക് പരിഹാരം നൽകി അവരും ഈ സമൂഹത്തിന്റെ അവിഭാജ്യ ഘടകങ്ങളാണെന്ന് ബോധ്യപ്പെടുത്തുന്ന തരത്തിലാകണം പ്രളയാനന്തര നവകേരള സൃഷ്ടി സാധ്യമാക്കേണ്ടത്.**



കാടും കടലും പുഴയും പ്രകൃതിയും തമ്മിൽ നിലനിന്നിരുന്ന സൗഹൃദം മനുഷ്യനായി ഇല്ലാതാക്കി. പ്രകൃതിയെ ചൂഷണം ചെയ്ത് സമ്പത്ത് വർധിപ്പിക്കാനുള്ള മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹം അതിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തി. വനം കൊള്ളയും, അനധികൃത മണൽവാരലും, ക്വാറി ഖനനങ്ങളും, തണ്ണീർത്തടം നികത്തലും പുഴയുടെ തീരം കയ്യേറ്റവും ഒക്കെ ഇതിന് ആക്കം കൂട്ടി. കാലാവസ്ഥയുടെ റെഗുലേറ്റർ ആയ കടലിൽ ഉണ്ടാകുന്ന താപവ്യതിയാനങ്ങളാണ് ചുഴലിക്കാറ്റുകളുടെയും പേമാരികളുടെയും സൃഷ്ടികൾക്ക് കാരണമാകുന്നതെന്ന് ശാസ്ത്രീയമായ പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇതിന് ഒരു കാരണമായി കാണുന്നത് മനുഷ്യൻ ഭൂമിയിൽ ഉണ്ടാക്കുന്ന മലിനീകരണങ്ങൾ തന്നെയാണ്. കൃഷിക്കായി ഉപയോഗിക്കുന്ന ഫെർട്ടിലൈസേഴ്സ്, വിസർജ്യവസ്തുവായ മലം, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇതെല്ലാം കടലിൽ ചെല്ലുന്നത് വളരെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

1880 മുതൽ 2000 വരെ ആഗോള താപനം മൂലം 40 സെന്റീമീറ്റർ കടൽ ഉയർന്നതായി കണക്കാക്കുന്നു. എന്നാൽ ചെറിയ കാലയളവായ 1993 മുതൽ 2017 വരെ 8.5 സെന്റീമീറ്റർ അതായത് മൂന്നര ഇഞ്ച് കടൽ ഉയർന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ആനുപാതികമായി നോക്കുമ്പോൾ കടലിന് വരുന്ന ഭീതിജനകമായ ഈ മാറ്റം തീരദേശ ജനതയെ മാത്രമല്ല ഭാവിയിൽ അതിനപ്പുറത്തേക്കും ബാധിച്ചേക്കാവുന്ന തരത്തിലാണ്.


പ്രളയാനന്തര നവകേരള നിർമിതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിക്കപ്പെടേണ്ടതുണ്ട്, ഇന്ത്യയുടെ മൊത്തം ഭൂവിസ്തൃതിയുടെ 1.18% മാത്രം വരുന്ന 38,863 സ്വകയർ കിലോമീറ്റർ വിസ്തൃതിയിൽ കിടക്കുന്ന കേരളത്തിന്റെ മൊത്തം 14 ജില്ലകളിൽ 9 ജില്ലകളിലായി 590 കിലോമീറ്റർ നീണ്ടുകിടക്കുന്ന അറേബ്യൻ കടലും അതിന്റെ തീരവും അവിടെ വസിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതപ്രശ്നങ്ങളുമൊക്കെ സമഗ്രമായി കണക്കിലെടുക്കേണ്ടതുണ്ട്.

2018 ആഗസ്റ്റ് 8 മുതൽ 19 വരെ ഉണ്ടായ കനത്ത മഴയും പ്രളയവും കേരള മണ്ണിൽ വിതച്ച ദുരിതങ്ങൾ നിസാരമല്ല. 1800 മണ്ണിടിച്ചിൽ, 412

**4537 മത്സ്യത്തൊഴിലാളികൾ 669 ബോട്ടുകളിലായി നടത്തിയ രക്ഷാ പ്രവർത്തനങ്ങളെ തുടർന്ന് 65,000 പേരുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞതായി സർക്കാർ കണക്കാക്കുന്നു. അതുകൊണ്ടുതന്നെയാണ് കേരളത്തിന്റെ സൈന്യമെന്ന് മത്സ്യത്തൊഴിലാളികളെ മുഖ്യമന്ത്രി വിശേഷിപ്പിച്ചത്.**

ഉരുൾപൊട്ടൽ, 17,000 വീടുകൾ പൂർണ്ണമായും നശിച്ചു. 2,26,000 വീടുകൾ ഭാഗികമായി നശിച്ചു. 483 പേർ മരണപ്പെട്ടു. 15 പേരെ കാണാതായി. 3,91,000 പേർക്ക് സ്വന്തം ഭവനം ഒഴിയേണ്ടിവന്നു. ഈ പ്രളയം 38,000 കോടി രൂപയുടെ നഷ്ടംവരുത്തിവച്ചതായി സർക്കാർ കണക്കാക്കിയിരിക്കുന്നു. എന്നാൽ ഇതിൽ വളക്കൂറുള്ള മേൽമണ്ണ് ഒലിച്ചുപോയതുമൂലമുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല. ഇനി എത്രവർഷങ്ങൾ കഴിഞ്ഞാലാണ് വളക്കൂറുള്ള മേൽമണ്ണ് രൂപപ്പെട്ട് വരുക.

4537 മത്സ്യത്തൊഴിലാളികൾ 669 ബോട്ടുകളിലായി നടത്തിയ രക്ഷാപ്രവർത്തനങ്ങളെ തുടർന്ന് 65,000 പേരുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞതായി സർക്കാർ കണക്കാക്കുന്നു. അതുകൊണ്ടുതന്നെയാണ് കേരളത്തിന്റെ സൈന്യമെന്ന് മത്സ്യത്തൊഴിലാളികളെ മുഖ്യമന്ത്രി വിശേഷിപ്പിച്ചത്. ഓഖി ദുരന്തവും കൂടെക്കൂടെ ഉണ്ടാകുന്ന കടലാക്രമണങ്ങളും ജീവിത്തിലുണ്ടാക്കുന്ന നഷ്ടപ്പെടലുകളും വേദനകളും അനുഭവിച്ചറിയുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രളയ ദുരന്തങ്ങളുടെ തീവ്രത മറ്റാരും പറയാതെ തന്നെ ഉൾക്കൊള്ളാനാകുന്നതുകൊണ്ടാണ് സഹോദര സ്നേഹത്താൽ പ്രോജ്വലിച്ച് ദുരന്തമുഖത്തേക്ക് സ്വന്തം വള്ളങ്ങളുമായി പാഞ്ഞെത്തിയത്. സ്വന്തം പ്രാരാബ്ധങ്ങളും വേദനകളും മറന്ന്, മറ്റുള്ളവർക്ക് ജീവനേകുവാനായി ഇവർ നൽകിയ ത്യാഗപൂർണമായ സേവനത്തിന് എന്ത് പ്രതിഫലം നൽകിയാലാണ് മതിയാവുക.



കാലാകാലങ്ങളായി തീരദേശ ജനവിഭാഗം അനുഭവിക്കുന്ന ജീവിത ദുരിതങ്ങൾക്ക് പരിഹാരം നൽകി അവരും ഈ സമൂഹത്തിന്റെ അവിഭാജ്യ ഘടകങ്ങളാണെന്ന് ബോധ്യപ്പെടുത്തുന്ന തരത്തിലാകണം പ്രളയാനന്തര നവകേരള സൃഷ്ടി സാധ്യമാക്കേണ്ടത്. ഐക്യരാഷ്ട്രസഭയുടെ അന്തർദ്ദേശിയതലത്തിലും ദേശീയതലത്തിലുമുള്ള 72 വിദഗ്ധർ പ്രളയബാധിതമായ 10 ജില്ലകളിൽ സമഗ്രമായി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി, ഐക്യരാഷ്ട്രസഭയുടെ ആക്ടിംഗ് റസിഡന്റ് കോ-ഓർഡിനേറ്ററും ഡബ്ല്യുഎച്ച്ഒ ഇന്ത്യാ ഹെഡുമായ ഡോ. ഹെൻക് ബേകാഡാം സംസ്ഥാന ചീഫ് സെക്രട്ടറി ശ്രീ. ടോം ജോസിന് സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിന്റെ പുനർനിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടിവരുമെന്ന് പ്രഥമികമായി കണക്കാക്കിയിരുന്നു. അടുത്ത അഞ്ചുവർഷത്തേക്ക് വേണ്ടിവരുന്ന 27,000 കോടി രൂപയിൽ റോഡ്, പാലം, നിർമ്മാണത്തിനായി 8554 കോടി രൂപയും ഭവനനിർമ്മാണത്തിനായി 5,659 കോടിയും കൃഷി, മത്സ്യബന്ധന മേഖലക്കായി 4, 499 കോടിയും ജീവനോപാധികളുടെ പുനഃക്രമീകരണത്തിനായി 3,903 കോടിയും ഇറിഗേഷനായി 1484 കോടിയും വാട്ടർ ആന്റ് സാനിട്ടേഷനായി 1331 കോടിയും കണക്കാക്കിയിരിക്കുന്നു. അവരുടെ റിപ്പോർട്ടിലെ ഒരു ശുപാർശ ഇങ്ങനെയാണ്. Kerala should be transformed into the country's first green state, that is both enviornment friendly and disaster - literate. അവരുടെ കാഴ്ചപ്പാടുതന്നെ Build Back Better (BBB) എന്നതാണ്.

അതായത് നവകേരള സൃഷ്ടി എന്നുപറയുന്നത് പ്രളയം വിതച്ച ദുരന്തങ്ങളിൽ നിന്നുള്ള പുനഃസൃഷ്ടിയല്ല; മറിച്ച് ദുരന്തങ്ങളിൽ നിന്ന് വിമുക്തമാകുന്ന പരിസ്ഥിതി സൗഹൃദമായ ഇന്ത്യയിലെ ഹരിതാഭമായ ഒന്നാമത് സംസ്ഥാനമായി ഒരു പുതിയ കേരളത്തെ സൃഷ്ടിക്കുക എന്നതാണ്. ആ നിലയ്ക്ക് നവകേരള സൃഷ്ടിയിൽ തീരദേശമേഖലയ്ക്ക് ഏറെ പ്രാധാന്യം നൽകേണ്ടതുണ്ട്.

2017 നവംബർ 29 ന് കേരള തീരത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കൊടുങ്കാറ്റും അതിനുശേഷം 2018 മേയ്, ജൂൺ മാസങ്ങളിലുണ്ടായ കടലാക്രമണങ്ങളും തീരദേശ ജനതയ്ക്ക് ഉണ്ടാക്കിയ നഷ്ടങ്ങളും ദുരിതങ്ങളും വേദനകളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കൊക്കെ ബോധ്യപ്പെട്ടിട്ടുള്ളതാണ്. മത്സ്യവിഭവങ്ങളുടെ കയറ്റുമതിമൂലം 2016-2017



വർഷത്തിൽ ഇന്ത്യയ്ക്ക് ലഭിച്ചത് ഏകദേശം 40,000 കോടി രൂപയായിരുന്നെങ്കിൽ 2017-18 കാലയളവിൽ അത് 45,106.89 കോടി രൂപയായി ഉയർന്നു എന്നാണ് മറൈൻ പ്രോഡക്ട്സ് എക്സ്പോർട്സ് ഡെവലപ്മെന്റ് അതോറിറ്റിയുടെ കണക്കുകൾ കാണിക്കുന്നത്. ഇതിൽ ഒരു പ്രധാനപങ്ക് കേരള തീരത്തിന്റേതാണ്.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്കും, വിദേശ നാണ്യശേഖരണത്തിനും ഇത്രവലിയ പങ്കുവഹിക്കുന്ന ഒരു ജനവിഭാഗത്തിന്റെ സമൂഹികവും വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്കും ഭദ്രതയുള്ള കുടുംബ ജീവിതത്തിനും തൊഴിലിന്റെ ആധുനീകവൽക്കരണത്തിനും ആവശ്യമായ എല്ലാ ഭൗതീക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കേണ്ട ഉത്തരവാദിത്വം സർക്കാരുകൾക്കുണ്ട്. കെ.ആർ.എൽ.സി.സിയുടെ ആഭിമുഖ്യത്തിൽ 2018 ഡിസംബർ 9-ാം തീയതി ശംഖുമുഖത്ത് വച്ചു നടന്ന ലത്തീൻ കത്തോലിക്ക സമുദായ സംഗമത്തിൽ സർക്കാരുകൾക്ക് സമർപ്പിച്ച അവകാശ പത്രികയിൽ ഉന്നയിച്ചിട്ടുള്ള 10 ഡിമാന്റുകളും അടിയന്തിരപ്രാധാന്യമുള്ളവയാണ്.

തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച 7343 കോടിരൂപയുടെ പദ്ധതി അംഗീകരിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിൽ ആവശ്യമായ സമർദ്ദം സംസ്ഥാന സർക്കാരും ബന്ധപ്പെട്ടവരും നടത്തേണ്ടതുണ്ട്. മത്സ്യമേഖല നേരിടുന്ന അതിഗൗരവമായ പ്രശ്നങ്ങൾ പഠിച്ച് കാലോചിതമായ നയങ്ങളും നിയമങ്ങളും നടപടികളും സ്വീകരിക്കുന്നതിനായി കേന്ദ്രസർക്കാരിൽ സ്വതന്ത്രചുമതലയുള്ള ഫിഷറീസ് മന്ത്രാലയം സ്ഥാപിക്കുക, കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനങ്ങളും സുരക്ഷാ സംവിധാനങ്ങളും കാര്യക്ഷമതയുള്ളതാക്കുക തുടങ്ങിയവയൊക്കെ തന്നെ തീരദേശ വികസനത്തിന് അനിവാര്യമാണ്.

തെക്ക് കന്യാകുമാരി മുതൽ വടക്ക് ഗുജറാത്തിലെ താപ്തി താഴ്വരവരെ നീണ്ടുകിടക്കുന്ന 1490 കി.മീറ്റർ നീളവും 48 കി.മീറ്റർ മുതൽ 210 കി.മീറ്റർ വരെ വീതിയുള്ള മൊത്തം 1,29,037 ചി. കി.മീറ്റർ വിസ്തൃതിവരുന്ന പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക മൂല്യങ്ങൾ സംരക്ഷിക്കണമെന്ന് പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ശിപാർശ ചെയ്തിരുന്നെങ്കിലും രാഷ്ട്രീയ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പലകാര്യങ്ങളിലും ഇളവുനൽകാൻ കേന്ദ്ര സർക്കാർ തയ്യാറായി. ലോകത്തിലെ 8 അതിജൈവ സമ്പന്ന മേഖലകളിലൊന്നാണ് പശ്ചിമഘട്ടം. പാരിസ്ഥിതിക മൂല്യങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ജലമാണ്. കേരളം, തമിഴ്നാട്, കർണാടകം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലായി 28 കോടിയിലേറെ ജനങ്ങൾ കുടിവെള്ളത്തിനും ജലസേചനത്തിനും ആശ്രയിക്കുന്നത് പശ്ചിമഘട്ടത്തെയാണ്. പാരിസ്ഥിതിക ലോലമേഖലകളിലെ ചൂഷണങ്ങളും മനുഷ്യൻ സൃഷ്ടിക്കുന്ന അസന്തുലിതാവസ്ഥയും, മലിനീകരണവും അത്യന്തികമായി പുഴകളിലൂടെ എത്തിച്ചേരുക കടലിലായിരിക്കും. കാലാവസ്ഥയുടെ റെഗുലേറ്റർ ആയിവർത്തിക്കുന്ന കടലിൽ ഇതേ തുടർന്നുണ്ടാകുന്ന രൂപ പരിണാമങ്ങളാണ് പ്രകൃതി ദുരന്തങ്ങളായി വീണ്ടും ജീവജാലങ്ങൾക്കുമേൽ നിപതിക്കുക. അതുകൊണ്ടുതന്നെ നവകേരള സൃഷ്ടിയിൽ പ്രകൃതിസംരക്ഷണം എന്നുപറയുന്നതിൽ തീരദേശ പ്രശ്നങ്ങൾക്കും കടലിനും മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. ■




# അകത്തോലിക്കാ വൈദികനോടുചേർന്ന് ദിവ്യബലി അർപ്പിക്കാൻ കത്തോലിക്കാ വൈദികന് തടസ്സമുണ്ടോ?

തിരുവനന്തപുരം ജില്ലയിൽ ശുശ്രൂഷ ചെയ്തുവരുന്ന ഒരു ലത്തീൻ കത്തോലിക്കാ വൈദികനാണ് ഞാൻ. ഓർത്തഡോക്സ് സഭയിൽനിന്നാണ് എന്റെ ജ്യേഷ്ഠ സഹോദരൻ വിവാഹം ചെയ്തിരിക്കുന്നത്. എന്റെ സഹോദരന്റെ ഭാര്യയുടെ ഒരു സഹോദരൻ ഓർത്തഡോക്സ് സഭയിൽ വൈദികനാണ്. വിവാഹശേഷമാണ് വൈദികന്റെ ഭാര്യ കത്തോലിക്കാ സഭയിൽ ചേർന്നത്. ഓർത്തഡോക്സ് സഭയിൽപ്പെട്ട ഒരു പെൺകുട്ടിയുമായി എന്റെ സഹോദരന്റെ മകന് വിവാഹം ഉറപ്പിച്ചിരിക്കുന്നു. വിവാഹത്തിനുമുൻപായി കത്തോലിക്കാ സഭയിൽ ചേരാൻ ടി പെൺകുട്ടി ഒരുക്കമാണ്. എന്റെ സഹോദരന്റെ ഭാര്യാസഹോദരനായ ഓർത്തഡോക്സ് വൈദികനും ഞാനും ചേർന്ന് എന്റെ സഹോദരന്റെ മകന്റെ വിവാഹം നടത്തിക്കണമെന്നാണ് ഇരുവീട്ടുകാരും പറഞ്ഞിരിക്കുന്നത്. ടി സഹോദരന്റെ മകന്റെ വിവാഹാശീർവാദ ദിവ്യബലിയിൽ സഹകാർമ്മികനായി പങ്കെടുക്കുന്നതിന് ഓർത്തഡോക്സ് വൈദികന് തടസ്സമുണ്ടോ?



പുരോഹിതർ ഒരുമിച്ചുള്ള ദിവ്യബലി ആഘോഷം (സമൂഹദിവ്യബലി) രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടിയാണ് പ്രോത്സാഹിപ്പിക്കപ്പെടുന്നത്. 25.05.1967-ൽ Sacred Congregation for Rites പുറപ്പെടുവിച്ച ഇൻസ്ട്രക്ഷൻ Eucharisticum Mysterium, 47-പ്രകാരം "അർപ്പണത്തിന്റെയും പൗരോഹിത്യത്തിന്റെയും ഐക്യമാണ്" സമൂഹബലി പ്രകാശിപ്പിക്കുന്നത്. ആയതിനാൽ സമൂഹബലി വൈദികർ തമ്മിലുള്ള സാഹോദര്യം പ്രകടിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 902, പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 700 § 2 പ്രകാരം കഴിവതും പുരോഹിതർ സമൂഹബലി അർപ്പിക്കേണ്ടതാണ്. CIC 908, CCEO 702 പ്രകാരം കത്തോലിക്കാ സഭയുമായി പൂർണ്ണകൂട്ടായ്മ ഇല്ലാത്ത സഭകളിലെയോ സഭാസമൂഹങ്ങളിലെയോ പുരോഹിതരുമായോ ശുശ്രൂഷകരുമായോ കത്തോലിക്കാ പുരോഹിതർ സമൂഹബലി അർപ്പിക്കുന്നത് നിരോധിച്ചിരിക്കുന്നു. CIC 1365, CCEO 1440 അനുസരിച്ച് കൂദാശാകർമ്മങ്ങളിലെ വിലക്കപ്പെട്ട പങ്കാളിത്തത്താൽ കുറ്റം ചെയ്ത വ്യക്തിയ്ക്ക് ന്യായമായ ശിക്ഷ നല്കേണ്ടതാണ്.

ഇനി താങ്കളുടെ ചോദ്യത്തിലേയ്ക്കു വരുന്നു. ഓർത്തഡോക്സ് സഭയ്ക്ക് വിശുദ്ധ കുർബ്ബാന ഉൾപ്പെടെയുള്ള കൂദാശകൾ ഉണ്ടെങ്കിലും കത്തോലിക്കാ സഭയുമായി പൂർണ്ണ കൂട്ടായ്മ പുലർത്തുന്നില്ല. ഇന്ത്യയിൽ ലത്തീൻ സഭ, സീറോ മലബാർ സഭ, സീറോ മലങ്കര കത്തോലിക്ക സഭ എന്നീ മൂന്നു റീത്തുകൾ മാത്രമാണ് കത്തോലിക്കാ സഭയിലുള്ളത്. ആയതിനാൽ, ഓർത്തഡോക്സ് സഭയിലെ പുരോഹിതന്മാരുമായോ മറ്റ് അകത്തോലിക്കാ സഭയിലെ / സഭാസമൂഹങ്ങളിലെ പുരോഹിതരുമായോ കത്തോലിക്കാ ദൈവാലയങ്ങളിൽവച്ചോ മറ്റ് ദൈവാലയങ്ങളിൽവച്ചോ കത്തോലിക്കാ പുരോഹിതൻ സമൂഹബലി ആഘോഷിക്കാൻ പാടില്ലാത്തതും, അതിന്റെ ലംഘനം ശിക്ഷാർഹവുമാണ്. ■



ലേഖനം

ജോയി ഗോതുരുത്ത്

# യുവജനങ്ങൾക്ക് ഇടം തിരിച്ചുനല്കണം

2018ലെ സമുദായ ദിനാചരണത്തോടനുബന്ധിച്ചുള്ള സംസ്ഥാനതല യുവജനസമ്മേളനം തിരുവനന്തപുരംതോപ്പ്പാരീഷ് ഹാളിൽവച്ചായിരുന്നുനടന്നത്. നവകേരള സൃഷ്ടിയെക്കുറിച്ചുള്ള ചർച്ചയും പ്രവർത്തനങ്ങളുംകേരളം മുഴുവനും നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയയിൽ സമുദായത്തിലെ യുവജനങ്ങളുടെ ഭാഗഭാഗിത്വത്തെക്കുറിച്ച് ചർച്ചകൾ സമ്മേളനത്തിൽനടക്കുകയുണ്ടായി. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിനിടയിൽ ലത്തീൻ കത്തോലിക്കരുടെ സാമൂഹികവികസന സൂചികയിൽ വളരെ ചെറിയ തോതിലുള്ള വളർച്ച മാത്രമാണ്രേഖപ്പെടുത്തിയിട്ടുള്ളത് എന്നുകാണാം. ലത്തീൻ കത്തോലിക്കർക്കൊപ്പമോ അഥവാ ലത്തീൻ കത്തോലിക്കരേക്കാൾ പിന്നിലോ സ്ഥാനമുറപ്പിച്ച്നിന്നിരുന്ന സഹോദര പിന്നാക്ക സമുദായങ്ങൾ വൻ കുതിപ്പിലൂടെ വളരെമുന്നേറിക്കഴിഞ്ഞു എന്നതാണ് സാമൂഹിക വികസന സൂചകങ്ങൾ വെളിവാക്കുന്നത്. ഒരുജനവിഭാഗത്തിന്റെപുരോഗതിയെയും വികസനത്തെയുംശാസ്ത്രീയമായി വിലയിരുത്താനും വിശകലനം ചെയ്യാനും ഉപയോഗിക്കുന്നവയാണ് സാമൂഹികസൂചകങ്ങൾ. സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം തുടങ്ങിയ മണ്ഡലങ്ങളിൽ ഒരുജനസമൂഹം വഹിക്കുന്ന പങ്കാളിത്തംവിവിധ മാനദണ്ഡങ്ങൾ ഉപയോഗിച്ച് വിലയിരുത്തിയാണ് സാമൂഹിക സൂചകങ്ങൾ തയ്യാറാക്കുന്നത്.

ഒരുജനാധിപത്യ രാഷ്ട്രത്തിൽ ഭരണാധികാരത്തിലുള്ള പങ്കുചേരലിന്റെമാത്രയനുസരിച്ചായിരിക്കും ഒരുജനവിഭാഗത്തിന്റെ വികസന ഭൂമികയിലുള്ളസ്ഥാനം നിർണ്ണയിക്കപ്പെടുന്നത്.അതു കൊണ്ടുതന്നെയാണ്,'ഏതുതാഴുംതുറക്കാനുള്ള താക്കോലായിട്ടാണ് ' രാഷ്ട്രീയ അധികാരത്തെ ഡോ.ബി. ആർ. അംബേദ്കർ വിശേഷിപ്പിച്ചിട്ടുള്ളത്. രാഷ്ട്രീയധികാര മണ്ഡലത്തിലെ സുപ്രധാനതലമാണ് സർക്കാർ ഉദ്യോഗങ്ങൾ. ഈരംഗത്ത് ജനസംഖ്യാനുപാതിക പങ്കാളിത്തം ഒരുജനവിഭാഗത്തിന്റെ വികസനം വിലയിരുത്താനുള്ള മാനദണ്ഡമായി പരിഗണിക്കാവുന്നതാണ്. ഒന്നര പതിറ്റാണ്ട് മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ട ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പാർട്ടനുസരിച്ച്ജനസംഖ്യാനുപാതികമായി കണക്കാക്കിയാൽ ഏറ്റവും കൂടുതൽ സർക്കാർഉദ്യോഗനഷ്ടം സംഭ

വിച്ചത് ലത്തീൻകത്തോലിക്കർക്കായിരുന്നു.പിന്നീടാണ് പി.എസ്.സി. നിയമനത്തിൽനിന്നും ക്രീമിലെയറിനെ ഒഴിവാക്കിയത്. അതോടെ സ്ഥിതിവിശേഷം കുടുതൽവഷളായെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

2018 ജൂലൈ മുതൽ ഇക്കഴിഞ്ഞദിവസം വരെ പുറത്തിറങ്ങിയിട്ടുള്ള വിവിധ പി.എസ്.സി.റാങ്ക് ലിസ്റ്റുകൾപരിശോധിച്ച് അവയിൽ സമുദായ അംഗങ്ങളായ ഉദ്യോഗാർത്ഥികളുടെ പ്രകടനം വിലയിരുത്തുകയുണ്ടായി. വളരെ പരിതാപകരമെന്നു പറയാതെ നിവർത്തിയില്ല. കോളെജ് അസിസ്റ്റന്റ് പ്രൊഫ. സർതസ്തിക മുതൽഏഴാംക്ലാസ് അടിസ്ഥാന യോഗ്യതയായ പെയിന്റർ തസ്തികകളിൽ വരെയുള്ള പ്രകടനം സമാനമാണെന്നതാണ് അതിശയകരം. ഇവയിൽ എല്ലാത്തിലും തന്നെ പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിച്ച മാർക്കിനേക്കാൾ കുറവാണ് ലത്തീൻ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ചിട്ടുള്ളത്. ഒന്നരദശാബ്ദങ്ങൾക്കു മുമ്പുവരെ ലത്തീൻ കത്തോലിക്കാ ഉദ്യോഗാർത്ഥികൾ മുസ്ലീം വിഭാഗത്തേക്കാൾ മുന്നിലായിരുന്നു. ഈഴവവിഭാഗത്തോടായിരുന്നു ഒപ്പത്തിനൊപ്പം മത്സരിച്ചിരുന്നത്. പട്ടികജാതിവിഭാഗങ്ങൾ വളരെ പിന്നിലായിരുന്നു. എന്നാൽ ഇപ്പോൾ ഈവിഭാഗങ്ങളൊക്കെ സുസംഘടിതവും ലക്ഷ്യ കേന്ദ്രീകൃതവുമായ പ്രവർത്തനങ്ങൾ വഴി അധികാര പങ്കാളിത്ത മേഖലയിൽവൻ കുതിച്ചുചാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ലത്തീൻകത്തോലിക്കർ ഒച്ചിന്റെ വേഗതയിലാണ്. ഫലത്തിൽ അനുപാതികമായി കുടുതൽ പിന്നിലേക്കുപോകുന്നു.

നമ്മുടെ യുവജനങ്ങൾക്ക് എന്താണ് സംഭവിക്കുന്നത്? യുവജനങ്ങളാണല്ലോ ഉദ്യോഗാർത്ഥികൾ. ഗൗരവപൂർണ്ണമായ ചിന്തയും കർമ്മ പദ്ധതികളും ആവിഷ്കരിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. വിശദമായ വിശകലനം ഈ ചെറുലേഖനത്തിന്റെപരിധിയിൽ വരുന്നില്ല. ചിലസൂചനകളിൽ മാത്രം ഒതുക്കുകയാണ്. കേരളത്തിലെലത്തീൻകത്തോലിക്കർ സഭാ വിഭാഗം എന്നതു പോലെ സമുദായംകൂടിയാണ്.അതുകൊണ്ടാണ് സഭയുടെന വീകരണവും സമുദായത്തിന്റെശക്തീകരണവുംകെ അർഎൽസി സിയുടെ പ്രഖ്യാപിതലക്ഷ്യമായിമാറിയത്. ഈ രണ്ടുഘടകങ്ങളുംപരസ്പരപൂരകങ്ങളാണ്. വിശ്വാസ സമൂഹത്തിന്റെ പൗരപരമായും സാമൂഹിക പരമായും ഉള്ള ഇടപെടലിലൂടെയാണ് സമുദായ ശക്തീകരണം നടക്കേണ്ടത്. ഇത്തരം ഒരുപ്രക്രിയയിൽ നിന്നും, വിശിഷ്യാ ഈയിടെയായി കേരള ലത്തീൻ കത്തോലിക്കർ പിൻവലിഞ്ഞു നില്ക്കുന്ന സ്ഥിതിവിശേഷമാണ് കണ്ടുവരുന്നത്. അല്മായരുടെ പ്രത്യേകിച്ച് യുവജനങ്ങളുടെ സാമൂഹിക രാഷ്ട്രീയ പ്രേഷിത പ്രവർത്തനങ്ങളിലൂടെയാണ് സമുദായ പുരോഗതിയും ദൈവരാജ്യ വ്യാപനവും നടക്കേണ്ടത്. പള്ളിയുടെ ചുറ്റുമതിലിനു പുറത്താണ് അല്മായവിശ്വാസികൾ നടത്തേണ്ട ഈപ്രേഷിത പ്രവർത്തനം മാംസംധരിക്കേണ്ടത്.എന്നാൽ ഇതിനുള്ളവെള്ളവും വളവും നല്കേണ്ടത് സഭയിൽനിന്നാണ്.അതിനായിയുവജനങ്ങൾവേരുറപ്പിക്കേണ്ടത് സഭയിലാണ്.

സത്രത്തിൽ ഇടം കിട്ടാത്ത യൗസേപ്പിതാവിന്റെയും മാതാവിന്റെയുംആകുല നിർഭരമായ അലച്ചിൽ ഇക്കഴിഞ്ഞ ക്രിസ്തുമസ്കാലത്ത് ഒരിക്കൽ കൂടി നാം ധ്യാനിച്ചതാണ്. ഇന്ന്,യുവജനങ്ങൾക്ക്തങ്ങളുടെദൗത്യനിർവ്വഹണത്തിനുള്ള ഇടം കിട്ടാതെഅവർ അലയുകയാണ്.സമൂഹത്തിന്റെ അനന്തവിഹായസ്സിലേക്ക് പടരാൻവേണ്ടിയുള്ള ഊർജ്ജവും ദർശനവും യുവജനങ്ങൾക്ക് ലഭ്യമാകുന്നില്ല. അതിനായി വേരാഴ്ത്താനുള്ള ഇടം പോലും ചുരുങ്ങുന്നു. സാമൂഹികപ്രസ്ഥാനമായിരുന്ന കത്തോലിക്കയുവജന പ്രസ്ഥാനം സഭയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനായിചുരുക്കപ്പെട്ടു. യുവജനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടത് യുവജനങ്ങൾ തന്നെയാണെന്ന തിരുസ്സഭാപ്രബോധനത്തിന്റെ മൗലികത എവിടെയോ കൈമോശംവന്നു. യുവസമൂഹം കേവലം ഗുണഭോക്താക്കൾ മാത്രമായി ചുരുക്കപ്പെട്ടു. അമിതനിയന്ത്രണത്തിന്റെ തണലിൽ ബൊൺസായികളായി യുവജനങ്ങളും യുവജന പ്രസ്ഥാനങ്ങളും പരിണമിച്ചു.

സഭയിൽ വേരുന്നി സമൂഹത്തിലേക്ക് പടരാനുള്ള ഇടവും സ്വാതന്ത്ര്യവുംയുവജനങ്ങൾക്ക് ലഭ്യമാകണം. ആസൂത്രണം, നടപ്പിലാക്കൽ, വിലയിരുത്തൽ എന്നീ നിർണ്ണായക അധികാരങ്ങളോടുകൂടിയ പങ്കാളിത്തം അനിവാര്യമാണ്. അല്മായനേതൃത്വത്തിനു സഭയുടെ അജപാലന സംവിധാനങ്ങളിൽ മാത്രമാണ് പ്രസക്തിയുള്ളു എന്നകാര്യം ഒരിക്കലും വിസ്മരിക്കരുത്. ബി. സി.സി.കളിലൂടെ ആവശ്യത്തിനോ അതിലധികമോ അല്മായനേതൃത്വം ഇന്നുണ്ട്. ലത്തീൻകത്തോലിക്കർക്ക്സാമൂഹികനേതൃത്വവുംസാമൂഹികസംഘടനയുമാണില്ലാത്തത്.ഉള്ളസാമൂഹിക ആസ്തികളാകട്ടെ, പ്രതിദിനം ചുരുങ്ങുകയാണ്. അതുകൊണ്ടാണ് സാമൂഹിക വികസനസൂചകങ്ങളിൽ ഇതരജന വിഭാഗങ്ങൾ കരഗതമാക്കുന്നതുപോലെയുള്ള വളർച്ച ഉണ്ടാകാത്തത്. യുവജനങ്ങൾക്ക് സാമൂഹിക നേതൃത്വത്തിലേക്ക് വളരാനുള്ള ഇടവും ദർശനവും സ്വാതന്ത്ര്യവും വിഭവങ്ങളും നല്കണം. എങ്കിൽമാത്രമേ, അവരുടെ സാമൂഹിക ഇടപെടലുകളിലൂടെ നാളയെങ്കിലും സമുദായം വികസനനെടുംപാതയുടെ മുഖ്യധാരയിലേക്കു പ്രവേശിക്കുകയുള്ളൂ. ■



ലേഖനം

സി. റീഷ്മ സൈമൺ

# ജനിപ്പിച്ചവന്റെ ഉൾത്തടം

2019-ൽ പ്രവേശിച്ച് കഴിഞ്ഞ നാം എപ്രകാരമാണ് പുതുവർഷത്തെ വരവേറ്റത്? കഴിഞ്ഞ കാലങ്ങളിൽ നീ എങ്ങനെയായിരുന്നു? ഇപ്പോൾ നീ എപ്രകാരമായിരിക്കുന്നു, ഇനിയും നീ ഏപ്രകാരമാകും എന്നത് ചിന്തിക്കേണ്ട സത്യമാണ്. ഏതൊരു മനുഷ്യന്റെയും ഹൃദയനൊമ്പരമാണ് ആരാലും സ്നേഹിക്കപ്പെടാതെ പോകുന്നത്, അവന്റെ അന്തരംഗം ഇത്തിരി സ്നേഹത്തിനായി വെമ്പൽകൊള്ളുന്നു. ആ സ്നേഹത്തിന്റെ പരിപൂർണ്ണത അടങ്ങിയിരിക്കുന്നത് ദൈവത്തിലാണ് എന്ന യാഥാർത്ഥ്യം അവൻ തിരിച്ചറിയാതെ പോകുന്നു. പാപികൾക്കുവേണ്ടി മരിച്ചവന് പാപിയെ വെറുക്കാൻ കഴിയുമോ? ദൈവത്തിന്റെ കരുണയെക്കുറിച്ച് ചിന്തിക്കുമ്പോൾ ആത്മാവിൽ യഥാർത്ഥ അനുതാപം കൈവരുന്നു. പാപിയെ തേടി സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്നവന് പാപിയെ തള്ളിക്കളയാനാകുമോ? ഒരു പുതുവർഷം ജീവിതകഥപോലെ ആരംഭിക്കുമ്പോൾ ഞാൻ എന്ത് തേടി? ദൈവസ്നേഹയനുഭവം എന്നിൽ കുടികൊള്ളുന്നുണ്ടോ? അന്തരാത്മാവിന്റെ ദാഹം ശമിപ്പിക്കാൻ ഞാൻ എപ്പോഴെങ്കിലും അവിടുത്തെ അരികിൽ ചെന്ന് അഭയം തേടിയിട്ടുണ്ടോ? കൂടെയുള്ള തമ്പുരാനെ തിരിച്ചറിയാതെ ഏകാന്തതയിൽ, പരാതികളിൽ കുടുങ്ങിപ്പോയോ? വിശുദ്ധ അലോഷ്യസ് ഗോൺസാഗാ ഇപ്രകാരം പറയുന്നു: അങ്ങ് ആഗ്രഹിക്കുന്ന തരത്തിൽ അങ്ങയെ സ്നേഹിക്കാൻ എനിക്ക് കഴിയുന്നില്ലല്ലോ, അതാണെന്റെ ദുഃഖകാരണം. വിശുദ്ധ കൊച്ചുത്രേസ്യ എഴുതുന്നു: മനുഷ്യർക്ക് ചെയ്യാൻ പാടുള്ള സകല പാപങ്ങളും എന്റെ മനസാക്ഷിയിൽ ഉണ്ടായിരുന്നാൽ തന്നെയും അനുതാപത്താൽ തകർന്ന ഹൃദയത്തോടെ ഈശോയുടെ കരവലയത്തിലേക്ക് ഞാൻ പതിക്കും. വിശുദ്ധർ ഈശോയെ പ്രതി തങ്ങളെ തന്നെ ശൂന്യവൽക്കരിക്കാൻ വിട്ടുകൊടുത്തു. ദൈവം പാപത്തെ വെറുക്കുന്നു. എന്നാൽ പാപിയെ വെറുക്കുന്നില്ല. അവന്റെ അനുതാപം സ്വർഗത്തിൽ സന്തോഷം ഉളവാക്കുന്നു. ദൈവത്തെ വേദനിപ്പിച്ച് പോയതിൽ

**ഈ പുതുവർഷത്തിൽ നമുക്ക് ഇന്നലെകളെ പഴിക്കാതെ ഓരോ നിമിഷവും വിലപ്പെട്ടതായി കരുതാം. നമ്മുടെ ജീവിതത്തിന് വില നൽകിയവന്റെ സ്നേഹം തിരിച്ചറിഞ്ഞ് അവിടുത്തോട് എല്ലാം പങ്കുവയ്ക്കുന്ന സുഹൃത്തായി മാറാം. ഒരു പാപത്തിന്റെ എണ്ണമെങ്കിലും കുറച്ചാൽ അത്രയെങ്കിലും ഈശോയ്ക്ക് സന്തോഷമാകുമല്ലോ?**



നൊമ്പരപ്പെടുന്ന ആത്മാവിന്റെ കരച്ചിൽ ദൈവസന്നിധിയിൽ സ്വീകാര്യമായ ബലിയാണ്. മനുഷ്യജീവിതത്തിൽ ഉറപ്പിക്കേണ്ട സത്യമാണ്, ഒന്നുകിൽ വിശുദ്ധീകരണത്തിലൂടെ സ്വർഗത്തിലെത്തുക, അല്ലെങ്കിൽ ദൈവത്തിൽ നിന്ന് അകന്ന് എന്നന്നേയ്ക്കുമായി നരകത്തിലാകുക. രക്ഷാകരചരിത്രത്തിൽ ദൈവം മനുഷ്യനോട് കാണിച്ച വിശ്വസ്തതയും, മനുഷ്യൻ ദൈവത്തോട് കാണിച്ച അവിശ്വസ്തതയും കാണാൻ സാധിക്കും. ജീവിത്തിൽ നാം വിലമതിക്കുന്ന മതാപിതാക്കൾ, ബന്ധുമിത്രങ്ങൾ, അധികാരികൾ, ഗുരുഭൂതർ ഇവർക്കെല്ലാം നാം അർഹിക്കുന്ന ബഹുമാനവും ആദരവും കൊടുക്കുന്നു. പക്ഷേ, ദൈവത്തോട് നാം പറയുന്നത്, നീ കാരണമാണ് ഇതെല്ലാം സംഭവിച്ചെന്നാണ്? "നീ" എന്ന പദപ്രയോഗം ദൈവത്തെ ഒരിക്കലും വേദനിപ്പിക്കുന്നില്ല. ലോകത്തിലുള്ള മനുഷ്യരേക്കാളും വിലമതിക്കുന്ന ബന്ധമാണ് ദൈവത്തിന് നമ്മോട് ഉള്ളത്. ഒരു പിതാവിനെപ്പോലെ, സ്വാതന്ത്ര്യം നമുക്ക് നൽകി, നമ്മോടുള്ള സ്നേഹത്തെ പ്രതി പുത്രനെ ബലിയർപ്പകനും, ബലിവസ്തുവുമാക്കി മാറ്റി, തന്റെ പുത്രന്റെ സഹനങ്ങളിൽ എത്രമാത്രം നോവ് അനുഭവിച്ചിട്ടുണ്ടാവണം ദൈവമെന്ന് നാം തിരിച്ചറിയണം. ആര് ഉപേക്ഷിച്ചാലും എന്നെ ഉപേക്ഷിക്കാത്തവനാണ് എന്റെ ദൈവമെന്ന യാഥാർത്ഥ്യം നമ്മെ പരാതി പറയുന്നതിൽ നിന്ന്, വേദനകളിൽ നിന്ന് എല്ലാം പരിരക്ഷിക്കുന്നു. ആർച്ച്ബിഷപ്പ് വാൻ ത്വാൻ പറയുന്നതുപോലെ യേശുവിന് മറവിയുണ്ട്, കണക്ക് അറിയില്ല. ഇങ്ങനെ പല കുറവുകൾ അദ്ദേഹം തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്. ഒരു ആത്മാവിനോടുള്ള അവിടുത്തെ അഗാധ സ്നേഹം അവന്റെ പാപങ്ങളിലേക്ക് നോക്കാതെ നൊമ്പരപ്പെടുന്ന ഹൃദയത്തെ കടാക്ഷിക്കുവാൻ പ്രേരിപ്പിക്കുന്നു. ധൂർത്തപുത്രനെ ദൂരെ കണ്ടപ്പോൾതന്നെ ഓടിച്ചെന്ന് വാരിപ്പുണർന്നവനാണ് ദൈവം. തന്റെ മക്കളുടെ കണ്ണുനീർ തുളുമ്പുന്നതിന് മുമ്പേ അവനെ, അവിന്റെ ബലഹീനതകളോടുകൂടി കരകയറ്റുന്ന ദൈവം, ഇത്ര നല്ല ദൈവത്തിന് എന്ത് നാം പകരം കൊടുക്കും. എനിക്കായി കാത്തിരിക്കുന്നവൻ എന്നെ നോക്കി ഓരോ നിമിഷവും പറയുന്നുണ്ട്: ഞാൻ നിന്നെ സ്നേഹിക്കുന്നു. വിശുദ്ധർ ഈശോയെ സ്വന്തമാക്കിയതിന്റെ മാധുര്യം, ഈശോയുടെ സ്വന്തമായിത്തീർന്നതിന്റെ ആനന്ദം അവർ നമുക്ക് പങ്കുവച്ച് നൽകി. നമ്മെ സ്നേഹിക്കുന്നവൻ സ്നേഹിക്കപ്പെടാതെ പോകുമ്പോൾ അനുഭവിക്കുന്ന നൊമ്പരത്തിന്റെ വേദന കാൽവരിയുടെ കുരിശിനേക്കാൾ അതികഠോരമാണ്. അതിനാൽ ഈശോയുടെ സ്നേഹത്താൽ ഉറപ്പിക്കപ്പെടാതെയിരുന്നാൽ, സൃഷ്ടിവസ്തുകളോടുള്ള ആസക്തി നമ്മെ നശിപ്പിക്കും. ദാതാവിനെ തേടാതെ ദാനത്തെ, പുൽകുന്നവരായി മാറും. എന്നെ കാണുന്ന, കേൾക്കുന്ന, അറിയുന്ന, കണ്ണുനീർ തുടച്ചുനീക്കുന്ന, മനസ്സിലാക്കുന്ന, സ്നേഹിക്കുന്ന, സംരക്ഷണം നൽകുന്ന ഒരു അപ്പനാണ് ദൈവം.


ഈ പുതുവർഷത്തിൽ നമുക്ക് ഇന്നലെകളെ പഴിക്കാതെ ഓരോ നിമിഷവും വിലപ്പെട്ടതായി കരുതാം. നമ്മുടെ ജീവിതത്തിന് വില നൽകിയവന്റെ സ്നേഹം തിരിച്ചറിഞ്ഞ് അവിടുത്തോട് എല്ലാം പങ്കുവയ്ക്കുന്ന സുഹൃത്തായി മാറാം. ഒരു പാപത്തിന്റെ എണ്ണമെങ്കിലും കുറച്ചാൽ അത്രയെങ്കിലും ഈശോയ്ക്ക് സന്തോഷമാകുമല്ലോ? നാം ലോകത്ത് ചെയ്യേണ്ടത്, സ്വയം പാപത്തിൽ നിന്ന് മാറിനിന്നാൽ മാത്രം പോരാ, ലോകത്തിൽ പാപത്തിന്റെ എണ്ണം കുറയ്ക്കണം. എന്റെ വേദന കാണുമ്പോൾ മനസ്സലിയുന്ന ദൈവത്തെപ്പോലെ അപരന്റെ വേദനകൾ കാണുമ്പോൾ ഞാൻ മനസ്സ് അലിയുന്നവനായി മാറണം. ഈ പുതുവർഷം ജീവിതനവീകരണത്തിന്റെ തുടക്കമായി മാറട്ടെ. ■




അഗസ്റ്റിൻ കണിപ്പിള്ളി







# നവോത്ഥാന പിതൃത്വം വിൽപനയ്ക്ക് !

**വൈ**രുദ്ധ്യാത്മക വാക്പ്രയോഗത്താൽ നവോത്ഥാന ചരിത്രത്തിന് വല്ലാതെ തേയ്മാനം സംഭവിക്കുന്നതുപോലെ ഒരു തോന്നൽ. എന്താണ് നവോത്ഥാനമെന്നും ഏതാണ് നവോത്ഥാന കാലഘട്ടമെന്നും ആരൊക്കെയാണ് നവോത്ഥാന നായകരെന്നും വ്യക്തതയില്ലാതെ ചില വർത്തമാനകാല സംസാരങ്ങൾ നവോത്ഥാനത്തെ ഈ വിധം പീഡിപ്പിച്ച് പിതൃത്വം മറ്റുപലരുടെയും തലയിൽ കെട്ടിവയ്ക്കാൻ ശ്രമം നടത്തുന്നു എന്നതുകൊണ്ടാണ് നവോത്ഥാനത്തിന്റെ ചരിത്രശുദ്ധിയിൽ അസ്വസ്ഥ തോന്നാൻ കാരണം.

ശബരിമലയിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധിയാണ് നവോത്ഥാനത്തെ ഈ വിധം വലിച്ചുപുറത്തിടാൻ പ്രേരിപ്പിച്ചതെന്നാണ് സംസ്ഥാന മുഖ്യമന്ത്രി ഒട്ടും മടിയില്ലാതെ പറഞ്ഞത്. വനിതാമതിൽ സംബന്ധിച്ച പ്രതിപക്ഷനേതാവിന്റെ പത്തുചോദ്യത്തിനുള്ള മറുപടിയാണ് 2019 ജനുവരി ഒന്നിലെ വനിതാ മതിൽ നവോത്ഥാന സംരക്ഷണത്തിന് വേണ്ടിയുള്ളതാണെന്ന രഹസ്യം പരസ്യമാക്കാൻ മുഖ്യമന്ത്രിയെ പ്രേരിപ്പിച്ചത്. അതുകൊണ്ട് വനിതാ മതിലിന്റെ രാഷ്ട്രീയം പറയാനാണ് ഉദ്ദേശിക്കുന്നതെന്ന് ആരും തെറ്റിദ്ധരിക്കേണ്ട. എന്നാൽ നവോത്ഥാനകാലഘട്ടത്തെയും നവോത്ഥാന നായകന്മാരെയും തമസ്കരിച്ച് നടത്തുന്ന തെറ്റായ ചരിത്രവ്യാഖ്യാനത്തെക്കുറിച്ച് പറയാതിരിക്കുന്നത് മാധ്യമ മര്യാദയല്ലെന്ന ബോധ്യമാണ് ഈ വർത്തമാനത്തിന് പിന്നിലുള്ളത്.

ജന്മിത്ത-സവർണ-ജാതി-മത ശക്തികളുടെ അധികാരത്തിനും അഹങ്കാരത്തിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ 17-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ക്രൈസ്തവ മിഷണറിമാർ തുടങ്ങിവച്ച നവോത്ഥാന പ്രവർത്തനങ്ങളുടെ പിതൃത്വം 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മാത്രം ജനിച്ച ഏതാനും പേരിലേക്ക് ചുരുക്കുന്നതിലെ ചരിത്ര തമസ്കരണമാണ് ചരിത്ര സ്നേഹികളിൽ വേദനയുളവാക്കുന്നത്. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളിലൂടെ ഫലം കണ്ട നവോ


ത്ഥാനമുന്നേറ്റത്തിന്റെ പിതൃത്വം ആരിലേക്ക് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുവോ അവരൊന്നും ആ കാലഘട്ടത്തിൽ ജനിച്ചിട്ടുപോലുമില്ലെന്നത് മറ്റൊരു ചരിത്രം. ഈ യാഥാർത്ഥ്യം മനസ്സിലാക്കാൻ ചരിത്രകാലവും ചരിത്രാതീത കാലവുമൊന്നും തേടിപ്പോകേണ്ടകാര്യമില്ല. അനാചാരങ്ങൾക്കെതിരെ നടന്ന ഏതെങ്കിലുമൊരു നവോത്ഥാന മുന്നേറ്റം പരിശോധിച്ചാൽ മാത്രം മതിയാവും.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ തെക്കൻ തിരുവിതാംകൂറിൽ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി പൊട്ടിപ്പുറപ്പെട്ട ഒരു സമരമാണ് ചാന്നാർ ലഹള. മാറുമറയ്ക്കൽ സമരം, ശീലവഴക്ക്, മുലമാറാപ്പുവഴക്ക്, മേൽശീല കലാപം, നാടാർ ലഹള എന്നീ പേരുകളിലും ഈ സമരം അറിയപ്പെട്ടിരിക്കുന്നു. ഹിന്ദുമതത്തിലെ നാടാർ സമുദായത്തിൽപ്പെട്ട സ്ത്രീകൾ ക്രിസ്തുമതം സ്വീകരിച്ചശേഷം മാറുമറച്ചു നടന്നതിനെതിരെ സവർണ ഹിന്ദുക്കൾ നടത്തിയ അക്രമവും അതിനുള്ള പ്രതികരണങ്ങളുമാണ് ഈ ലഹളയിലെ പ്രധാനസംഭവങ്ങൾ. സ്വാതന്ത്ര്യപൂർവ കേരളത്തിൽ അരങ്ങേറിയ ആദ്യമനുഷ്യാവകാശ സമരങ്ങളിലൊന്നാണ് ചാന്നാർ ലഹള.

17-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ക്രിസ്ത്യൻ മിഷണറിമാർ സ്ത്രീകളുടെ മാറുമറയ്ക്കൽ അവകാശത്തിനുവേണ്ടി തുടങ്ങിവച്ച നവോത്ഥാന പ്രക്ഷോഭത്തിന്റെ ഭാഗമാണ് 1680 ൽ തമിഴ്നാട് അതിർത്തിയിലെ വടക്കാങ്കുളത്തു വച്ച് ഒരു ജസ്യൂട്ട് വൈദികൻ ഒരു നാടാർ സ്ത്രീയ ജാക്കറ്റ് ധരിപ്പിച്ചതും 1822 ൽ കൽക്കുളം ചന്തയിൽ മേൽവസ്ത്രം ധരിച്ചെത്തിയ നാടാർ സ്ത്രീകളുടെ കുപ്പായം വലിച്ചുകീറി പീഡിപ്പിച്ചതും 1812 ൽ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺട്രോ ക്രിസ്ത്യൻ നാടാർ സ്ത്രീകൾക്ക് മാറുമറയ്ക്കുന്നതരം വസ്ത്രം ധരിക്കാൻ അനുവാദം നൽകിയതുമൊക്കെ.

ക്രൈസ്തവ മിഷണറിമാരുടെ നീണ്ടുനിന്ന പോരാട്ടങ്ങൾക്കൊടുവിലാണ് മദ്രാസ് ഗവർണറുടെ നിർദേശത്തിന് വഴങ്ങി തിരുവിതാംകൂർ മഹാരാജാവായിരുന്ന ഉത്രം തിരുനാൾ 1859 ൽ ജൂലൈ 26 ന് സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം അംഗീകരിച്ചുനൽകിയത്. അന്ന് അയ്യൻകാളിയും (ജനനം 1863 ആഗസ്റ്റ് 28) മന്നത്തുപത്മനാഭനും (ജനനം 1878 ജനുവരി 2) ജനിച്ചിട്ടുപോലുമില്ല. ശ്രീനാരായണ ഗുരുവിന് മൂന്നുവയസ്സും (ജനനം 1856 ആഗസ്റ്റ് 20). ചട്ടമ്പിസ്വാമികൾക്ക് ആറുവയസ്സും (ജനനം 1853 ആഗസ്റ്റ് 25) ആയിരുന്നു പ്രായം. 1854 ൽ തിരുവിതാംകൂർ മഹാരാജാവും കൊച്ചി മഹാരാജാവും ക്രൈസ്തവ മിഷണറിമാരുടെ നിർബന്ധത്തിന് വഴങ്ങി അടിമവ്യാപാരം നിർത്തലാക്കിയതായും ചരിത്രം തെളിവുകൾ നിരത്തുന്നുണ്ട്.

1814 ൽ ജർമനിയിൽ ജനിച്ച് 22-ാം വയസ്സിൽ രാജ്യം വിട്ട് തലശ്ശേരി ഇല്ലിക്കുന്നിലെത്തി 1847 ൽ രാജ്യസമാചാരം എന്നും പശ്ചിമോദയം എന്നുമുള്ള പേരുകളിൽ വർത്തമാന പത്രങ്ങളും 1859 ൽ മലയാള ഭാഷാ വ്യാകരണവും മലയാളം ഇംഗ്ലീഷ് ഡിക്ഷ്ണറിയും ബൈബിൾ തർജമ ഉൾപ്പെടെ 13 പുസ്തകങ്ങളും മലയാള ഭാഷയ്ക്ക് സമ്മാനിച്ച് അറിവിന്റെ നവോത്ഥാനത്തിന് ബീജവാപം ചെയ്ത ഹെർമൻ ഗുണ്ടർട്ടിനെയും പള്ളിയോടൊപ്പം പള്ളിക്കൂടവും സ്ഥാപിക്കണമെന്ന് ആഹ്വാനം ചെയ്തും പള്ളിക്കൂടം സ്ഥാപിച്ചും വിദ്യാഭ്യാസ നവോത്ഥാനത്തിന് വിത്തുപാകിയ വരാപ്പുഴ മെത്രാപ്പൊലീത്ത ബെർണഡിൻ ബച്ചനെല്ലി ഉൾപ്പെടെ നവോത്ഥാന മുന്നേറ്റങ്ങൾ തുടങ്ങിയ ക്രിസ്ത്യൻ മിഷണറിമാരെ വിസ്മരിച്ച് നവോത്ഥാന പിതൃത്വം വനിതാ മതിലിന്റെ പേരിലോ ശബരിമല സ്ത്രീ പ്രവേശനത്തിന്റെ പേരിലോ ഏതാനും പേരിലേക്ക് സങ്കോചിപ്പിക്കാനുള്ള ശ്രമം അല്പത്വവും ദുരുദ്ദേശപരവുമാണെന്ന് പറയാതെ വയ്യ.



19-ാം നൂറ്റാണ്ടിലെ നവോത്ഥാന നായകന്മാരെ ഇവിടെ വിലകുറച്ചുകാണുന്നില്ല. അവർ നയിച്ച നവോത്ഥാന മുന്നേറ്റ തുടർച്ചകളെയും മുന്നേറ്റ വിജയത്തെയും നെഞ്ചിൽകൈവച്ച് അംഗീകരിക്കുന്നു. എന്നാൽ പൂർവികരായ ക്രൈസ്തവ മിഷണറി നവോത്ഥാനനായകന്മാർ വിതച്ചുപോയ നവോത്ഥാന വിത്തുകളിൽ നിന്നും ഫലം കൊയ്തെടുത്തവർക്ക് വിളവിന്റെ മുഴുൻ ഉടമസ്ഥാവകാശവും ചാർത്തിനൽകാനുള്ള ചിലരുടെ ഗൂഢലക്ഷ്യങ്ങളാണ് ഇവിടെ വിയോജിപ്പിന് ഇടയാക്കുന്നത്. ക്രൈസ്തവ മിഷണറി സംഭാവനകളെ തമസ്കരിച്ചും വിസ്മരിച്ചും ഒരു ചരിത്ര പുനർരചനയ്ക്കുള്ള ഗൂഢനീക്കത്തിന് നാളുകളുടെ പഴക്കമുണ്ട്. ഇത്തരം ഒരു ചരിത്ര രചന ചെരുപ്പിന് പാകത്തിന് കാലുമുറിക്കുന്നതുപോലെ ആപൽക്കരമായിരിക്കുമെന്നേ പറയുന്നുള്ളു. ■



### സമുദായദിന വനിതാ സമ്മേളന ചിന്തകൾ

# വനിതകളും അധികാര പങ്കാളിത്തവും

ഡോ. ഐറിസ്

2018 ഡിസംബർ 9 ലെ ലത്തീൻ കത്തോലിക്ക സമുദായദിനം തിരുവനന്തപുരത്തുവച്ച് ആചരിക്കപ്പെട്ടപ്പോൾ വളരെ വ്യത്യസ്തമായൊരനുഭവത്തിനാണ് സഭയും പ്രത്യേകിച്ച് ദൈവജനവും സാക്ഷ്യം വഹിച്ചത്. കേരളത്തിന്റെ സമകാലിക പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ സമുദായദിനം ഊന്നൽ നൽകിയത് 'തീരദേശ വികസനവും നവകേരള നിർമിതിയും' എന്ന ചിന്തകൾക്കാണ്.

ആനി മസ്ക്രീൻ എന്ന ധീരവനിതയുടെ സവിശേഷമായ ചരിത്ര പശ്ചാത്തലത്തിന് പ്രാധാന്യം നൽകി അവരുടെ പേരാൽ ആദരിക്കപ്പെട്ട വേദിയിലാണ് (ഓൾ സെയിന്റ്സ് കോളേജിൽ) വനിതാ നേതൃസമ്മേളനം സംഘടിപ്പിച്ചത്. 'വനിതകളും അധികാര പങ്കാളിത്തവും' എന്ന വിഷയ സ്വീകാര്യം തന്നെ സഭയുടെ സമകാലിക സാമൂഹിക രംഗങ്ങളിലേക്കുള്ള പുതിയ നിലപാടുകൾ വിളിച്ചോതുന്നതായിരുന്നു.

ആമുഖ പ്രസംഗത്തിൽ വനിതാ കമ്മിഷൻ സെക്രട്ടറി റവ. സിസ്റ്റർ സെൽമമേരി എഫ്ഐഎച്ച് സഭാസംവിധാനങ്ങളിൽ കുടുംബത്തിനുള്ളിൽ നിന്നാണ് നേതൃത്വത്തിന്റെ ആദ്യാങ്കുരങ്ങൾ കാണാനാവുന്നതെന്നും അമ്മയുടെ ഭാഗധേയം സ്വയവും ഓരോ കുടുംബാംഗവും വളർന്നുവരുന്നതിന് പ്രചോദനമാകണമെന്ന് വ്യക്തമാക്കി. വിവാഹബന്ധങ്ങളിലെ സങ്കീർണതകളിൽ നിന്ന് കുടുംബത്തിലെ ചെറുതലമുറകളിലേക്ക് മൂല്യങ്ങൾ പകരുന്നവിധം മാതാപിതാക്കളുടെ മാതൃക മികച്ചതാവണമെന്ന് സിസ്റ്റർ അഭിപ്രായപ്പെട്ടു.

ഉദ്ഘാടനം നിർവഹിച്ച അഭിവന്ദ്യ ഡോ. സ്റ്റാൻലി റോമൻ പിതാവ് (വനിതാ കമ്മിഷൻ ചെയർമാൻ) സ്ത്രീകളുടെ വളർച്ചയിലും ഉയർച്ചയിലും സഭ പ്രതിജ്ഞാബദ്ധമാണെന്നും സഭയിൽ നിന്നുള്ള പ്രോത്സാഹനം മാത്രം പ്രതീക്ഷിക്കുന്നതിലുപരി പുറംലോകത്ത് ഇതര സമൂഹങ്ങളുമായി ഇടകലരാനും രാഷ്ട്രീയമായും സാമൂഹികമായും നിലപാടുകൾ ശക്തമാക്കാനും വിശ്വാസി സമൂഹം മുന്നോട്ടുവരേണ്ടതുണ്ടെന്നും സ്ത്രീകളുടെയും സാമൂഹിക ഉയർച്ച ഇത്തരത്തിൽ ആവേണ്ടതാണെന്നും ഓർമിപ്പിച്ചു.

ആധ്യക്ഷം വഹിച്ച കെഎൽസിഡബ്ല്യുഎ പ്രസിഡന്റ് ശ്രീമതി ജെയ്സൻ ആൻസിൽ ഫ്രാൻസിസ് സ്ത്രീകൾ സഭയ്ക്ക് പുറത്തേക്ക് വളരേണ്ടതിന്റെയും പൊതുരംഗങ്ങളിലിടപെടേണ്ടതിന്റെയും പൗരധർമ്മത്തോടെ നേതൃനിരയിലേക്ക് ഉയരേണ്ടതിന്റെയും അനിവാര്യത ചൂണ്ടിക്കാട്ടി. കേരളത്തിനും ഇന്ത്യയ്ക്കും പുതിയ നേതൃനിര സ്ത്രീകളിൽ നിന്നുതന്നെ വന്നെത്തേണ്ടതാണെന്ന് ആഹ്വാനം ചെയ്തു.

മുഖ്യപ്രഭാഷണം നിർവഹിച്ചുകൊണ്ട് ശ്രീമതി ലിഡ ജേക്കബ് ഐഎഎസ് അധികാരപങ്കാളിത്തത്തിലേക്ക് സ്ത്രീകളെ നയിക്കേണ്ട സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സൂചനകളെ വിശകലനം ചെയ്തു. ഈ രംഗങ്ങളിലെല്ലാം തന്നെ സ്ത്രീയുടെ ഭാഗധേയം വളരെയധികം കുറയുന്നുവെന്നും കേരളത്തിൽ സ്ത്രീയുടെ ഇത്തരമൊരു പിന്നോക്കം പോകലിനുകാരണം തൊഴിൽരംഗത്തുനിന്നും സ്ത്രീകൾ നിഷ്ക്രമിക്കുന്നതുകൊണ്ടാണെന്നും സൂചിപ്പിച്ചു. കൃഷി പോലുള്ള ഗ്രാമീണ തൊഴിൽ രംഗങ്ങളിൽ ഭാരതത്തിലെ ഇതരസംസ്ഥാനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തത്തിൽ നിന്നും വളരെ ഗണ്യമായ വീഴ്ചയാണ് കേരള സ്ത്രീകളുടേതെന്ന്

ചൂണ്ടിക്കാണിച്ചു. 2015-2016 കാലത്ത് ഭാരതം സന്ദർശിച്ച ലോകബാങ്ക് അധ്യക്ഷയുടെ നിരീക്ഷണത്തിൽ തൊഴിൽ രംഗത്തെ സ്ത്രീ പങ്കാളിത്തം ആശങ്കാജനകമാണെന്ന് കണ്ടു. സ്ത്രീകൾ തൊഴിൽരംഗത്ത് കടന്നുവരാതെ, അദൃശ്യരായി കുടുംബങ്ങളിൽ തളയ്ക്കപ്പെടുന്ന പ്രവണത കാരണം സ്ത്രീകൾക്ക് തങ്ങളുടെ ഭാഗധേയം നിശ്ചയിക്കാനോ സാമൂഹിക-സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലേക്ക് പങ്കാളിത്തം നൽകാനോ സാധ്യമല്ലാതെയാകുന്നു എന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകേണ്ടിയിരിക്കുന്നു. സഭാ മക്കൾ തന്നെ സ്ത്രീകളുടെ തൊഴിൽ-സാമൂഹിക-രാഷ്ട്രീയ പങ്കാളിത്തത്തിനായി മുന്നോട്ടു വരേണ്ടതുണ്ടെന്നും ചൂണ്ടിക്കാണിച്ചു.

സമകാലിക പ്രശ്നങ്ങളുടെ വെളിച്ചത്തിൽ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയുടെ അധ്യക്ഷതയിൽ കെസിബിസി ഗൗരവമായ ചില സമീപനങ്ങൾ സ്വീകരിക്കുന്നുണ്ടെന്നും സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് വേണ്ട പ്രാധാന്യം നൽകി അത് കേൾക്കാനും പരിഹാരമാർഗ്ഗങ്ങൾ ഉൾക്കൊള്ളാനും തയ്യാറായിരിക്കുന്നത് ഏറെ കാലോചിതമാണെന്നും പ്രസംഗക അഭിപ്രായപ്പെട്ടു. സ്ത്രീകളുടെ വളർച്ചയും നേതൃത്വവും വിമർശനങ്ങളിൽ തളർന്നുപോകാതിരിക്കാൻ, ത്രിതല പഞ്ചായത്തുകളിലെ അമ്പതുശതമാനം മാത്രമല്ല, നിയമസഭയിലും ലോക്സഭയിലും ശക്തരായ സ്ത്രീ പ്രതിനിധികളെ നൽകാനും സഭയും സമൂഹവും തയ്യാറാകേണ്ടതുണ്ട്. വിദ്യാഭ്യാസം നൽകുന്നതിൽ മെച്ചപ്പെടുന്നതോടൊപ്പം തൊഴിലെടുക്കുന്ന സംസ്കാരത്തിലേക്ക് സ്ത്രീകൾ വളർന്നെത്തേണ്ടതുണ്ടെന്ന് ശ്രീമതി ലിഡ ജേക്കബ് നിരീക്ഷിച്ചു.

തുടർന്ന് വിവിധ വിഷയങ്ങളിൽ നടന്ന പാനൽ ചർച്ചയ്ക്ക് ഡോ. എൽ. ജി.ശ്രീജ (മലയാളം സർവകലാശാല, തിരൂർ) മോഡറേറ്ററായി. തീരവും തീരദേശവനിതാ സമൂഹവും എന്ന വിഷയത്തിൽ ശ്രീമതി ലിസ്ബ യേശുദാസും (സെന്റ് സേവ്യേഴ്സ് കോളേജ്) വിശ്വാസവും പൊതു ജീവനവും എന്നതിനെപ്പറ്റി ശ്രീമതി സ്മിത ബിജോയിയും (സെക്രട്ടറി, കെആർഎൽസിസി) നവകേരള നിർമിതിയും സ്ത്രീകളുടെ ഇടപെടലും എന്ന വിഷയത്തിൽ ഡോ. ഐറിസ് കൊയ്‌ലിയോയും സംഘടിത വനിതാപ്രസ്ഥാനവും സാമൂഹിക നേതൃത്വവും എന്നതിന്മേൽ സ്മിതാമേരി എച്ച് (സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് പ്രധാനമന്ത്രി ആവാസ് യോജന) തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കി.

കേരളത്തിന്റെ തീരത്തുനിന്നും സ്ത്രീകളുടെ മുന്നേറ്റം ശക്തമാകുന്നതിന്റെ ലക്ഷണങ്ങൾ അഭിനന്ദനാർഹമാണെന്ന് യുവതീയുവാക്കൾ മറുനാടുകളിലേയും വിദേശങ്ങളിലേയും പുത്തൻ വിദ്യാഭ്യാസ-തൊഴിൽ മേഖലകൾ തേടിയെത്തുന്നതിനെ ഉദാഹരിച്ചുകൊണ്ട് ലിസ്ബ സംസാരിച്ചു. എങ്കിലും ഇത്തരം ഉണർവുകൾ വ്യാപകമാകേണ്ടതുണ്ട്. സമൂഹത്തിനുള്ളിൽ നിന്നുകൊണ്ടുള്ള ബോധവൽക്കരണവും പ്രോത്സാഹനവും പഠനത്തിനും തൊഴിലിനുമുള്ള അവസരം സൃഷ്ടിക്കലുമെല്ലാം ഉണ്ടെങ്കിൽ മാത്രമേ തീരദേശസ്ത്രീകളെ ആത്മാഭിമാനമുള്ളവരാക്കാനാകൂ എന്ന് നിരവധി സ്ത്രീകളുടെ മികവുകൾ ഉദാഹരിച്ചുകൊണ്ട് ലിസ്ബ സംസാരിച്ചു.

വിശ്വാസജീവിതം സഭയിലുള്ള പങ്കാളിത്തത്തിലേക്ക് പരിവർത്തിതമാകണമെന്നും സഭയിലെ തിരഞ്ഞെടുപ്പുകളിലേക്ക് പ്രവർത്തക സമിതികളുടെ തീരുമാനമെടുക്കൽ മേഖലകളിലേക്ക് സ്ത്രീകൾ കടന്നുവരാൻ അടിസ്ഥാനതലത്തിൽ നിന്നുതന്നെ അവസരങ്ങൾ സൃഷ്ടിക്കപ്പെടണമെന്നും സഭാസംവിധാനങ്ങൾക്ക് പുറത്തേക്കും സ്ത്രീകൾ എത്തപ്പെടണമെന്നും സ്മിതാ ബിജോയി നിരീക്ഷിച്ചു.

കേരളം ഇന്നുനേരിടുന്ന അതിസ്ഫോടനാത്മകമായ സാമൂഹിക-രാഷ്ട്രീയ രംഗങ്ങൾ നൽകുന്ന ദിശാസൂചനകളിലേക്ക് ജാഗ്രൂകരാകേണ്ടതുണ്ടെന്നും ആത്മീയതയെ തെറ്റായി വ്യാഖ്യാനിക്കുന്ന ശബരിമല സ്ത്രീപ്രവേശനംപോലുള്ള പ്രശ്നങ്ങളിൽ മതവും രാഷ്ട്രീയവും തമ്മിലുള്ള ചർച്ചകൾ ജനങ്ങളെ സംഭീതരാക്കുന്നുണ്ടെന്നും മതേതരത്വത്തിന്റെ വിജയത്തിനും സമൂഹത്തിൽ മൂല്യവത്തായ വ്യവസ്ഥകൾക്ക് വളരാനുള്ള അവസരത്തിനുമായി സ്ത്രീകൾ ശബ്ദിച്ചു തുടങ്ങണമെന്നും ഡോ. ഐറിസ് ആഹ്വാനം ചെയ്തു. സഭയ്ക്കുള്ളിലെ സംവിധാനങ്ങളിൽ മാത്രം നിലകൊള്ളുന്നതിനുപരിയാണ് ഇതരസമൂഹങ്ങളിലെ സ്ത്രീകളുമായി സഹവർത്തിത്വവും ജനാധിപത്യമൂല്യങ്ങളും പങ്കുവയ്ക്കുന്ന തലത്തിലേക്ക് സ്ത്രീകൾ വളരേണ്ടതുണ്ട്. രണ്ടായിരത്തിപത്തൊമ്പതിൽ ഭരതം നേരിടുന്ന പൊതു തെരഞ്ഞെടുപ്പിൽ മൗലികശക്തികൾ മുന്നിലേക്ക് വരുന്നത് തടയേണ്ടതുണ്ടെന്നും കേരള സമൂഹം മുന്നിലേക്കുവയ്ക്കുന്ന ബദൽ ജനകീയതയെ സഭയും സ്ത്രീകളും പിൻതാങ്ങുകയും വികേന്ദ്രീകൃത രാഷ്ട്രീയ ചിന്തകളിലേക്കും സമൂഹത്തിന്റെ നിലനില്പിനായുള്ള പോരാട്ടങ്ങളിലേക്കും നമ്മുടെ സഭാ സമൂഹത്തിലെ സ്ത്രീകളും കടന്നെത്തേണ്ടതുണ്ടെന്നും ഓർമ്മിപ്പിക്കപ്പെട്ടു. സ്ത്രീക്ക് മാത്രമല്ല, പുരുഷനും വൈവാഹികതയുടെ ഉത്തരവാദിത്തങ്ങൾ തുല്യമായി തന്നെ പങ്കുവയ്ക്കേണ്ടതുണ്ടെന്നും സമൂഹത്തിന്റെ സുസ്ഥിതിയിലേക്ക് വനിതകൾ പുരുഷന്മാർക്കൊപ്പം ബോധവൽക്കരിക്കപ്പെടുകയും അവസരങ്ങൾ പങ്കുവച്ച് രാഷ്ട്രത്തിന്റെ പുനർനിർമിതിയിലേക്ക് വളർന്നെത്തേണ്ട കാലം സഭാ സമൂഹങ്ങളെ സംബന്ധിച്ച് ഇനി അമാന്തം വരുത്താനാവില്ലെന്നും നിരീക്ഷിക്കപ്പെട്ടു.

തീരദേശ സ്ത്രീകൾ കൂടി പൊതുസമൂഹത്തിൽ നിലവിലുള്ള സംഘടിതയത്നങ്ങളുടെയും വളർച്ചയുടെയും ഭാഗമാകേണ്ടതുണ്ടെന്ന് സ്മിതാ മേരി വിശദമാക്കി. കരുത്തുറ്റ സ്ത്രീത്തൊഴിലാളികളുടെ പാരമ്പര്യമാണ് തീരദേശത്തിനുള്ളത്. അതിലേക്ക് വരുംതലമുറകൾ കൂടി കണ്ണിചേർക്കപ്പെടണമെന്നും സ്വതന്ത്രചിന്തയുടെ ശക്തി നാടിന് പകരേണ്ട പൊതുധർമ്മത്തിലേക്ക് വളരാൻ സഹായകമാകണമെന്ന് സ്മിത ഓർമ്മിപ്പിച്ചു.

സമുദായത്തിന്റെ മുന്നേറ്റം ഇതരസമൂഹങ്ങളോടൊപ്പം പൊതുസമൂഹത്തിന്റെ സുസ്ഥിതിയും വളർച്ചയും ഉറപ്പുവരുത്തിക്കൊണ്ടുള്ളതാകണം എന്ന തിരിച്ചറിവിലേക്കാണ് വനിതാ നേതൃത്വ സമ്മേളനം വന്നെത്തിയത്. ■

# വാർത്തകൾ



*പുല്ലുവിള ഫെറോന അജപാലന ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ കരുംകുളം ഇടവകയിൽ വച്ച് സഭ ഐക്യക്രിസ്തുമസ് സംഗമം ബിഷപ്പ് ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്യുന്നു*

## സഭ ഐക്യക്രിസ്തുമസ് സംഗമം: തിരുപിറവി പ്രതീക്ഷയുടെ ഉത്സവം

തിരുവനന്തപുരം: തിരുപിറവി പ്രതീക്ഷയുടെ ഉത്സവം എന്ന സന്ദേശവുമായി പുല്ലുവിള ഫെറോന അജപാലന ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ കരുംകുളം ഇടവകയിൽ വച്ച് സഭഐക്യക്രിസ്തുമസ് സംഗമം സംഘടിപ്പിച്ചു. മലങ്കര, സിഎസ്ഐ, മാർത്തോമ, ലത്തീൻ തുടങ്ങിയ സഭകൾ സംയുക്തമായി നടത്തിയ ക്രിസ്മസ് ആഘോഷം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. യോഗ്യത്തിൽ ഏകലവ്യ ആശ്രമ അധിപൻ സ്വാമി അശ്വതി തിരുനാൾ ക്രിസ്മസ് സന്ദേശം നൽകി. ഫാ. അഗസ്റ്റിൻജോൺ, ഫാ. ഷാബിൻ, ഫാ. സന്തോഷ്, ഫെറോന വികാരി ഫാ. ജോർജ് ഗോമസ്, അജപാലന ശുശ്രൂഷ ആനിമേറ്റർ മേരി ത്രേസ്യ മൊറായിസ് തുടങ്ങിയവർ പ്രസംഗിച്ചു. ഫെറോന അജപാലന ശുശ്രൂഷ സമിതി കൺവീനിയേഴ്സ്, സിസ്റ്റർ ആനിമേറ്റേഴ്സ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## റീനാ മോൾ ജി. ആറിന് ഡോക്ടറേറ്റ്



*കേരള സർവകലാശാലയിൽ നിന്നും സുവോളജിയിൽ ഡോക്ടറേറ്റ് ലഭിച്ച റീനാ മോൾ ജി.ആർ. വവ്വാമൂല ജി.ആർ.സദനം തേരിവിളയിൽ ഗംഗാധരന്റെയും രമണിയുടെയും മകളാണ്. കാക്കാമൂല സ്വർഗാരോഹണ ഇടവകാംഗമാണ് ഡോ. റീനാ മോൾ.*

## കുടുംബപ്രേഷിത ശുശ്രൂഷ ക്രിസ്മസ് ആഘോഷിച്ചു



തിരുവനന്തപുരം ലത്തീൻ അതിരൂപത, കുടുംബ പ്രേഷിത ശുശ്രൂഷ ആനിമേറ്റേഴ്സ്, റിസോഴ്സ് ടീം, വോളന്റിയേഴ്സ്, വിവാഹ ഒരുക്ക ക്ലാസിന് നേതൃത്വം നൽകുന്നവർ, സാന്ത്വനം മംഗല്യം - കരുണാമയൻ പദ്ധതികൾക്ക് സഹായം നൽകുന്നവർ, എന്നിവരുടെ ഒത്തുചേരലും ക്രിസ്മസ് ആഘോഷവും വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു.

ആഘോഷം കുടുംബ ശുശ്രൂഷ ഡയറക്ടർ ഫാ. എ.ആർ.ജോൺ ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ സിസ്റ്റർ ജമിനിയുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയെ തുടർന്ന് നടന്ന ഗെയിമുകൾക്ക് കഴക്കൂട്ടം ഫെറോന ആനിമേറ്റർ പാട്രിക് സിസ്റ്റർ എൽസ്ന എന്നിവർ നേതൃത്വം നൽകി. മെനാൻസി സതീഷിന്റെയും ആൽവിന്റെയും നേതൃത്വത്തിൽ കരോൾ നടന്നു. ഡോ. അമീൻ, ഡോ. ജയശ്രീ എന്നിവർ ക്രിസ്തുമസ് സന്ദേശം നൽകി. ആഘോഷത്തിൽ പങ്കെടുത്തവർക്കുള്ള ക്രിസ്തുമസ് സമ്മാനം ഡയറക്ടർ ഫാ. എ.ആർ.ജോൺ വിതരണം ചെയ്തു. കുട്ടികളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് കേക്ക് മുറിച്ച് സ്നേഹവിരുന്നോടുകൂടി ആഘോഷം സമാപിച്ചു.



*ശംഖുമുഖത്ത് നടന്ന ലത്തീൻ സമുദായ സംഗമം കെആർഎൽസിസി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു*

# തീരദേശത്തിനും സമഗ്രവികസനം വേണം

തിരുവനന്തപുരം: നവകേരള നിർമിതിയിൽ തീരദേശ ജനതയ്ക്കും മത്സ്യത്തൊഴിലാളികൾക്കും അർഹമായ പരിഗണന ഉറപ്പാക്കണമെന്ന് ലത്തീൻ സമുദായ സംഗമം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. ലത്തീൻ സമുദായ ദിനത്തിൽ തീരദേശ വികസനവും നവകേരള നിർമിതിയും എന്ന മുദ്രാവാക്യമുയർത്തി കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെആർഎൽസിസി) ശംഖുമുഖത്ത് സംഘടിപ്പിച്ച സമുദായ സംഗമമാണ് തീരദേശ ജനതയുടെ ആശങ്കയും ആവശ്യവും സംസ്ഥാന സർക്കാരിന് മുന്നിൽ അവതരിപ്പിച്ചത്.

പ്രളയക്കെടുതിയിൽ ആയിരങ്ങളെ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്ക് ആദരവും സ്വീകരണവും നൽകുന്നതിനപ്പുറം അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണമെന്ന് സമുദായസംഗമം ഉദ്ഘാടനം ചെയ്ത് കെഅർഎൽസിസി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ആവശ്യപ്പെട്ടു. തീരദേശത്തിന്റെ വികസനത്തിനായി കേന്ദ്ര സഹായത്തോടെ പ്രത്യേക പാക്കേജ് രൂപീകരിച്ച് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും അവഗണന അനുഭവിക്കുന്ന ഈ ജനവിഭാഗത്തിന്റെ വേദനകൾക്ക് അറുതിവരുത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നും ആർച്ച്ബിഷപ്പ് ആവശ്യപ്പെട്ടു. ലത്തീൻ സമുദായ വക്താവ് ഷാജി ജോർജ്ജിന്റെ അധ്യക്ഷതയിൽ നടന്ന സമുദായ സംഗമത്തിൽ വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. മന്ത്രിമാരായ കെ.രാജു, ജെ.മേഴ്സിക്കുട്ടിയമ്മ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, പ്രൊഫ. കെ.വി. തോമസ് എം.പി, എം.വിൻസെന്റ് എംഎൽഎ, ബിഷപ്പുമാരായ ഡോ. അലക്സ് വടക്കുംതല, ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ, ഡോ. ജോസഫ് കാരിക്കശ്ശേരി, ഡോ. വിൻസെന്റ് സാമുവൽ, ഡോ. ക്രിസ്തുദാസ് ആർ, കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവൽ മൈക്കിൾ, ഫാ. ടോണി ഹാംലെറ്റ്, ആന്റണി ആൽബർട്ട് തുടങ്ങിയവർ പ്രസംഗിച്ചു. കേരള തീരത്തിന്റെ സമഗ്രവികസനത്തിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച 7300 കോടി രൂപയുടെ പദ്ധതി അനുവദിക്കുക, കേന്ദ്രത്തിൽ മത്സ്യമന്ത്രാലയം രൂപീകരിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമാകുന്ന നിർദ്ദിഷ്ട കപ്പൽ പാത ഉപേക്ഷിക്കുക, ഓഖി പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക, ദളിത് ക്രൈസ്തവർക്ക് പട്ടികജാതി പദവി നൽകുക തുടങ്ങിയ 10 ആവശ്യങ്ങൾ അടങ്ങിയ അവകാശ പത്രികയും സംഗമം മുന്നോട്ടുവച്ചു.




*തോപ്പ് അമലോത്ഭവമാതാ ഇടവകയിൽ 65 വർഷം പൂർത്തിയാക്കിയ ലീജ്യൻ ഓഫ് മേരി അമലോത്ഭവമാതാ പ്രസീദിയം അംഗങ്ങൾ ഇടവക വികാരി ഫാ. സൈറസ് കളത്തിലിനോടൊപ്പം*



*ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയവർ ഡിപ്ലോമ സർട്ടിഫിക്കറ്റുമായി ആർച്ച്ബിഷപ് സൂസപാക്യം എം. ഫാ ലോറൻകുലാസ്, ഫാ. ടോമി പോൾ കക്കാട്ടുതടത്തിൽ എന്നിവരോടൊപ്പം*

# ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപതാ ദിവ്യബോധന ദൈവശാസ്ത്ര പഠന കേന്ദ്രത്തിൽ നിന്നും ദൈവശാസ്ത്ര പഠനത്തിൽ ഡിപ്ലോമ കരസ്ഥമാക്കിയവർക്ക് ആർച്ച്ബിഷപ് ഡോ. സൂസപാക്യം എം. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ത്യാഗ മനോഭാവമുള്ള അൽമായരെ സഭയിൽ വളർത്തിയെടുത്ത് അവരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും പരിശുദ്ധാത്മാവിന്റെ തീക്ഷ്ണതയിൽ ജ്വലിക്കുന്നവരായി ഓരോ വ്യക്തിയും മാറണമെന്നും അറിവിന്റെ അക്ഷയ ഖനിയായ ദൈവവചനം വിശ്വാസത്തിന്റെയും അനുഭവത്തിന്റെയും തലത്തിൽ എളിമയോടും പ്രാർത്ഥനയോടും സൂക്ഷ്മതയോടും കൂടെ കൈകാര്യം ചെയ്യണമെന്നും പ്രസംഗത്തിലൂടെ മാത്രം വിശ്വാസികളുടെ ജീവിതം അർത്ഥവത്താക്കാനും പ്രകാശപൂരിതമാക്കാനും കഴിയുകയില്ലെന്നും സഭാ മാതാവിനോടൊത്ത് ശരിയായ അറിവന്റെ വെളിച്ചത്തിൽ ലോകത്തിനു പ്രകാശമായിത്തീരാൻ കഴിയണമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

അൽമായരെ ഇടവക നേതൃത്വത്തിലേക്ക് വളർത്തിയെടുക്കാൻ ഉദ്ദേശിച്ച് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുമായി സഹകരിച്ച് 2016-ലാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത അജപാലന കമ്മിഷന്റെ കീഴിൽ ദൈവശാസ്ത്ര പഠന കോഴ്സ് ആരംഭിച്ചത്. ആദ്യ ബാച്ചിൽ വിജയകരമായി കോഴ്സ് പൂർത്തിയാക്കിയ 46 പേർക്ക് ഡിസംബർ 20 തിയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ച പൊതു പരിപാടിയിൽ വച്ച് ആർച്ച്ബിഷപ്പ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അജപാലനശുശ്രൂഷ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഫാ. ടോമി പോൾ കക്കാട്ടുതടത്തിൽ മുഖ്യ പ്രഭാഷണം നടത്തി. സിൽവദാസ് എഫ്, സിസ്റ്റർ ജെസ്മി എച്ച്. സി, ജോസഫ് ജോർജ്ജ്, സെലിൻ വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

## ഫ്രാൻസിസ് പാപ്പ ജപ്പാനിലേക്ക്

വത്തിക്കാൻ : ഫ്രാൻസിസ് പാപ്പ അടുത്ത വർഷം ജപ്പാൻ സന്ദർശിച്ചേക്കുമെന്ന് സൂചനകൾ. ടെൻഷോ കെനോഹോ ഷിസേത്സു കെൻഷോകൈ എന്ന സാമൂഹിക സംഘടനയിലെ അംഗങ്ങളുമായി സംസാരിക്കവേയാണ് പാപ്പ ഇക്കാര്യം സൂചിപ്പിച്ചത്.

അടുത്ത വർഷം ജപ്പാൻ സന്ദർശിക്കുവാൻ താൻ ആഗ്രഹിക്കുന്നതായും തന്റെ ആഗ്രഹം സഫലമാകുമെന്ന് പ്രതീക്ഷിക്കുന്നതായും പാപ്പ പറഞ്ഞതായിട്ടാണ് റിപ്പോർട്ടുകൾ.



*തിരു.ലത്തീൻ അതിരൂപതയുടെ "ഭവനം ഒരു സമ്മാനം" പദ്ധതി പ്രകാരം റ്റി.എസ്.എസ്.എസ്. തൂത്തൂർ ഫെറോനയിലെ ഓഖി ദുരന്തത്തിൽ ഭവനം നഷ്ടപ്പെട്ട 20 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയുടെ ധനസഹായവും സ്വയം തൊഴിൽ തുടങ്ങുന്നതിനായി 8 ലക്ഷം രൂപയുടെ ധനസഹായവും റ്റി.എസ്.എസ്.എസ്. ഡയറക്ടർ റവ.ഫാ.ലെനിൻ രാജ് വിതരണം ചെയ്തു. തൂത്തൂർ ഫെറോന റ്റി.എസ്.എസ്.എസ്.കോഡിനേറ്റർ റവ.ഫാ.ഡാർവിൻ പീറ്റർ, ചിന്നത്തുറ ഇടവക വികാരി റവ.ഫാ.ബിനു അലക്സ് എന്നിവർ സമീപം*

# പേരൂർക്കട ഏര്യാ കൗൺസിൽ വാർഷികം ആഘോഷിച്ചു



തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പേരൂർക്കട ഏരിയ കൗൺസിലിന്റെ ഇരുപതാം വർഷികം കുലശേഖരം സെന്റ് ആന്റണീസ് പാരിഷ് ഹാളിൽ നടന്നു. ദിവ്യകാരുണ്യ ആരാധനയ്ക്കു ശേഷം ഏര്യാകൗൺസിൽ പ്രസിഡന്റ് ബനഡിക്ട് രാജിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം പുന്നയ്ക്കാമുകൾ സെന്റ് ജോർജ്ജ് ചർച്ച് ഇടവക വികാരി ഫാ. ജെറോം അമൃതയ്യൻ ഉദ്ഘാടനം ചെയ്തു. കാലഘട്ടത്തിന് അനുസരിച്ച് വിൻസെൻഷ്യൻ പ്രവർത്തകർ ജീവകാരുണ്യ പ്രവർത്തനം ആവിഷ്കരിക്കണമെന്നും ഒറ്റപ്പെടലിന്റെയും സ്നേഹപൂർവ്വമായ സംസാരത്തിന്റെ കുറവുമാണ് ഇന്ന് ദരിദ്രരും, പ്രായമായവരും അനുഭവിക്കുന്നതെന്നും ഉദ്ഘാടകൻ പറഞ്ഞു.

തിരുവനന്തപുരം സി.സി. സീനിയർ വൈസ് പ്രസിഡന്റ് ഡോൺ ബോസ്കോ, സിസി വൈസ് പ്രസിഡന്റ് ഡയനേഷ്യസ് പെരേര, തിരുവനന്തപുരം ഏര്യാ കൗൺസിൽ പ്രസിഡന്റ് ഡോ. എം.എ.ജോർജ്, പേട്ട ഏര്യാ കൗൺസിൽ പ്രസിഡന്റ് ആൻഡ്രൂ ആൽബർട്ട് എന്നിവർ പ്രസംഗിച്ചു. ഏര്യാ കൗൺസിൽ സെക്രട്ടറി ജോൺസൺ വാർഷിക റിപ്പോർട്ടും ട്രഷറർ ലോറൻസ് കണക്കും അവതരിപ്പിച്ചു.

വാർഷികാഘോഷത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഒൻപത് രോഗികൾക്ക് ചികിത്സാ സഹായം നൽകി. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പേരൂർക്കട ഏര്യാ കൗൺസിൽ, സെൻട്രൽ കൗൺസിലിന് നൽകിയ 5000 രൂപയുടെ ചെക്ക് ഫാ. ജോറോം അച്ചനിൽ നിന്നും സി.സി. വൈസ് പ്രസിഡന്റ് ഏറ്റുവാങ്ങി. നിലവിലെ ഏര്യാ കൗൺസിൽ ബോർഡിൽ നിന്നും വിരമിക്കുന്ന ട്രഷറർ ലോറൻസിനെ പൊന്നാട നൽകി ആദരിച്ചു. പുതിയ ട്രഷററായി തെരഞ്ഞെടുത്ത അനീറ്റാ റോയി സമ്മേളനമദ്ധ്യേ ഫാ. ജറോം അമൃതയ്യൻ മുമ്പാകെ പ്രതിജ്ഞ എടുത്തു. സമ്മേളനത്തിന് ഡേവിഡ്സൺ സ്വാഗതവും എഡ്വേർഡ് കാർഡോസ് നന്ദിയും പറഞ്ഞു.

# വിധവാസംഗമവും ബോധവത്ക്കരണക്ലാസ്സും

തിരുവനന്തപുരം: കോട്ടയം സോഷ്യൽ സർവ്വീസ് ഫെഡറേഷനും കോൺഫറൻസാ എപിസ്കോപ്പലേ ഇറ്റാലിയാനാ റോമും സംയുക്തമായി ചെയ്തുവരുന്ന പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം ലത്തീൻ അതിരൂപത സാമൂഹ്യശുശ്രൂഷാസമിതിയും കുടുംബ പ്രേക്ഷിത കമ്മീഷനും ചേർന്ന് ജില്ലാതല വിധവാ സംഗമവും ബോധവത്ക്കരണക്ലാസ്സും വെള്ളയമ്പലം റ്റി.എസ്.എസ്.എസ്, സെന്റ് ആന്റണി ഹാളിൽ വച്ച് നടത്തി. പ്രസ്തുത പരിപാടി ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ. ഉത്ഘാടനം ചെയ്തു. കേരളസോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ആശംസ അർപ്പിച്ചു. സാമൂഹ്യശുശ്രൂഷാ സമിതി ഡയറക്ടർ ഫാ. ലെനിൻ രാജ് സ്വാഗതവും റീജണൽ ആനിമേറ്റർ ബിയാട്രീസ് നന്ദിയും പറഞ്ഞു.

തുടർന്ന് കുടുംബപ്രേക്ഷിത കമ്മീഷൻ റിസോഴ്സ് പേഴ്സൺ അജിത്ത് വിധവാ കൂട്ടായ്മയും-സാധ്യതകളും-ഭാവി പരിപാടികളും എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നയിച്ചു.

## ഗാർഹിക ജോലിക്കാരുടെ ക്രിസ്തുമസ് സംഗമം

തിരുവനന്തപുരം: റ്റി.എസ്.എസ്.എസ്. ന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഗാർഹിക ജോലിക്കാരുടെ (ഐശ്വര്യ) ക്രിസ്തുമസ് സംഗമം തിരു. അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ.ലെനിൻ രാജ് ക്രിസ്തുമസ് സന്ദേശം നൽകി. ഫാ.ജോൺഡാൾ,ഫാ.ഡോണി പോൾ, തോമസ് തെക്കേതിൽ എന്നിവർ ആശംസകൾ നേർന്നു. ഷൈനി നന്ദിപറഞ്ഞു.



*ഗാർഹിക ജോലിക്കാരുടെ ക്രിസ്മസ് സംഗമത്തിൽ ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ*




# മദ്യം / ലഹരി ഉപയോഗിക്കാത്ത അച്ഛനും സഹോദരങ്ങളും ഈ ഭവനത്തിന്റെയും നാടിന്റെയും ഐശ്വര്യം

• വിൽസി പി. ജോർജ്ജ്

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി | തിരുവനന്തപുരം ലത്തീൻ അതിരൂപത

ഇത് അണുകുടുംബങ്ങളുടെ യുഗമാണ്. വേഗതയുടെ കാലം! വിജ്ഞാന വിസ്ഫോടനത്തിന്റെയും, ഡിജിറ്റൽ സാങ്കേതികയുടെയും, ആർഭാടത്തിന്റെയും ധൂർത്തിന്റെയും ദുശീലങ്ങളുടെയും യുഗം. അസ്വാസ്ഥ്യങ്ങളുടെയും അധർമ്മത്തിന്റെയും സാംസ്കാരിക പതനത്തിന്റെയും മൂല്യച്യുതിയുടെയും സൈബർ ഗുണ്ടായിസത്തിന്റെയും കരിനിഴൽ സാമൂഹ്യസുസ്ഥിതിക്കുമേൽ കനത്ത പ്രഹരമേൽപ്പിക്കുന്ന സങ്കീർണതകളുടെ കാലം.

സംഘർഷാത്മകമായ ഈ കാലഘട്ടത്തിൽ നാം ചിന്തിക്കേണ്ടത് വ്യക്തികളുടെ, കുടുംബങ്ങളുടെ സമൂഹത്തിന്റെ ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യത്തെക്കുറിച്ചാണ്.

കാരണം, ആരോഗ്യദൃഢഗാത്രരായ വ്യക്തികളടങ്ങുന്ന കുടുംബവും ആരോഗ്യമുള്ള കുടുംബങ്ങളടങ്ങുന്ന സമൂഹവുമാണ് ഐക്യവും അഖണ്ഡതയും വിളയാടുന്ന ഒരു രാഷ്ട്രത്തിന്റെ ആസ്തി.

മനുഷ്യജീവിതത്തെ വികൃതമാക്കുന്ന, പ്രഭകെടുത്തുന്ന മുഖ്യഘടകങ്ങളിൽ ഒന്നാണ് മദ്യപാനവും മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും. "ചിന്തയില്ലാത്ത യൗവനം മനസ്സിന്റെ ചന്തമെല്ലാം ചോർത്തി" എന്നൊരു ചൊല്ലുണ്ട്. മദ്യപാനികൾക്കാണ് പ്രധാനമായും മേൽപറഞ്ഞ വിശേഷം ചേരുക. നൈമിഷികമായൊരു ആനന്ദത്തിനോ സൗഹൃദ സംഗമങ്ങൾക്ക് ചാരുതയേകാനോ ഒരു പെഗ്ഗിൽ തുടങ്ങുന്ന മദ്യപാനം പിന്നീട് ശീലമായി ഒരു രോഗാവസ്ഥ തന്നെയായി മാറിയിരിക്കുന്നു. ഇത് ഒട്ടും ആശ്വാസം നൽകുന്ന കാര്യമല്ല.

മനുഷ്യന്റെ മസ്തിഷ്കത്തിൽ സ്വാധീനം ചെലുത്താനാകും എന്നതുകൊണ്ടുതന്നെ ഇത്തരം വസ്തുക്കളുടെ താല്കാലികമായുള്ള ഉപഭോഗം പോലും ആസക്തിക്ക് കാരണമാകും. ജനിതക സിദ്ധാന്തമനുസരിച്ച് മദ്യത്തിന് അടിമയായ വ്യക്തിയുടെ മക്കളോ പേരക്കിടാങ്ങളോ എളുപ്പം മദ്യപാന ശീലത്തിലേക്ക് വഴുതി വീഴാം. മദ്യപാനിയുടെ മക്കളുടെ ബ്രെയിൻ കെമിസ്ട്രിയിൽ മദ്യാസക്തിയുടെ പ്രേരകഘടകം അടങ്ങിയിട്ടുണ്ട്. ജോർജ് മെന്റലിന്റെ ജനിതകസിദ്ധാന്തത്തിൽ മദ്യപാനിയുടെ ഏഴു തലമുറവരെ മദ്യാസക്തിയുള്ളവരാണെന്ന് പറയുന്നു. പാരമ്പര്യ സാധ്യത കണക്കിലെടുത്ത് 'ആദ്യപെഗ്' തന്നെ ഒഴിവാക്കണമെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ഏത് ദുശീലവും ഒഴിവാക്കാനുള്ള ഏറ്റവും നല്ലമാർഗം ആ ശീലം തുടങ്ങാതിരിക്കുക തന്നെയാണ് എന്നാണ് മനശാസ്ത്ര വിലയിരുത്തലുകൾ.

അകത്തേക്കു ചെല്ലുന്ന മദ്യം രക്തധമനികളെയും ഹൃദയത്തിന്റെ പേശികളെയും സാരമായി ബാധിക്കുന്നു. അവയുടെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്നു. മദ്യത്തിന് രക്തത്തിലെ പ്ലേറ്റ്ലെറ്റിനെ കട്ടപിടിപ്പിക്കാൻ കഴിയും. ഇതുവഴി ഹൃദയധമനികളിൽ ബ്ലോക്ക് ഉണ്ടാവുന്നതിനും അതു വഴി ഹൃദയാഘാതം ഉണ്ടാകുന്നതിനുള്ള സാധ്യത കൂടുതലാണ്.

കരളിന് മദ്യം വരുത്തുന്ന ദോഷം ലിവർ സിറോസിസിന്റെ രൂപത്തിലാണ്. അവസാനം രക്തം ചർദ്ദിച്ച് രോഗി മരിക്കുന്നു. മദ്യം നാഡീവ്യൂഹത്തെ ബാധിക്കയാൽ രക്തസമ്മർദ്ദം കൂടുന്നു. അതുവഴി മസ്തിഷ്ക ആഘാതത്തിനും പക്ഷപാത രോഗത്തിനുമുള്ള സാധ്യതകളും തള്ളിക്കളായനാവില്ല. തളർച്ചയ്ക്കും വളർച്ചയ്ക്കും വഴിയൊരുക്കുകയും ജോലി ചെയ്യാനുള്ള ശേഷി ചോർത്തിക്കളയുകയും ചെയ്യുന്നു.

'ആൽക്കഹോളിക് ന്യൂറോപതി' എന്ന അവസ്ഥയ്ക്കും മദ്യപാനം കാരണമാകുന്നുണ്ട്. കാലിൽ സൂചിയിറക്കി കുത്തുന്നതുപോലുള്ള വേദനയാണ് ഇതിന്റെ പ്രാരംഭ ലക്ഷണം.

മദ്യപാനം പാൻക്രിയാസ് ഗ്രന്ഥിയെ ബാധിക്കുകയും മാരകമായ പാൻക്രിയാറ്റൈറ്റിസ് എന്ന രോഗത്തിന് അടിമയാക്കുകയും ചെയ്യുന്നു.

എന്നാൽ ഒരു മദ്യപാനിക്ക് ഈ ബോധങ്ങളൊന്നും സ്വന്തമാക്കാനോ അതനുസരിച്ച് ശീലങ്ങൾ മാറ്റിയെടുക്കാനോ നല്ല പെരുമാറ്റ രീതികൾക്കുടമയാകാനോ സാധിക്കില്ല. വ്യക്തിജീവിതത്തിലും. കുടുംബജീവിതത്തിലും പൊതുസമൂഹത്തിന് മുന്നിലും നിന്ദിതനും അപഹാസ്യനും അപ്രിയനും അസ്വാരസ്ഥ്യക്കാരനുമായി അയാൾ പുറന്തള്ളപ്പെടും. മദ്യരഹിതകേരളമെന്ന സ്വപ്ന സാക്ഷാത്കാരത്തിലേക്ക് ചുവടുകളൂന്നുമ്പോൾ മാനസിക ആരോഗ്യബോധവൽക്കരണത്തിനാണ് മുൻഗണന നൽകേണ്ടത്. ■

## അജപാലനം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ



# ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം

### സഭാഐക്യപ്രാർഥന

ഐക്യത്തിൽ വളരുവാൻ ഓരോ വർഷവും ലോകമെമ്പാടുമുള്ള ക്രൈസ്തവർ വർഷത്തിൽ ഒരിക്കൽ പ്രാർഥനാനിർഭരരായി സമ്മേളിക്കാറുണ്ട്. ശിഷ്യന്മാർക്കുവേണ്ടിയുള്ള യേശുവിന്റെ പ്രാർഥന യാതാർഥ്യമാകാൻ വേണ്ടിയാണിത്: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17:21). എട്ട് ദിവസം നീണ്ടുനില്ക്കുന്ന ഈ സഭാഐക്യപ്രാർഥന എല്ലാവർഷവും ജനുവരി 18 ന് ആരംഭിച്ച് 25 ന് അവസാനിക്കുന്നു. കത്തോലിക്കാസഭയിൽ വിവിധ ക്രൈസ്തവ സഭകളുടെ ഐക്യത്തിനായി പ്രാർത്ഥിക്കുന്ന രീതി 1908 -ൽ ഫാദർ പോൾ വാട്സൺ ആണ് തുടക്കം കുറിച്ചത്. പത്താം പിയൂസ് പാപ്പ ഈ നിർദ്ദേശത്തോട് യോജിച്ചു.1916 ഫെബ്രുവരി 25 ന് പുറപ്പെടുവിച്ച ഒരു ഡിക്രിയിലൂടെ ബെനഡിക്ട് പതിനഞ്ചാമൻ പാപ്പ സഭാഐക്യപ്രാർഥന കത്തോലിക്കാ സഭയിൽ ഔദ്യോഗികമാക്കി. 1948 മുതലാണ് ആഗോള ക്രൈസ്തവ സമൂഹങ്ങൾ സഭാഐക്യപ്രാർഥനയിൽ പങ്കുചേരാൻ മുന്നോട്ടുവന്നത്. 1968 മുതൽ വിവിധ ക്രൈസ്തവ സഭകളും കത്തോലിക്കാസഭയും സംയുക്തമായി സഭാഐക്യം ആചരിക്കേണ്ടതിനുള്ള പ്രാർഥനകളും ദൈവവചനഭാഗങ്ങളും ചിട്ടപ്പെടുത്തുന്നു.

### 2019 ലെ ചിന്താവിഷയം

ഈ വർഷത്തെ വിവിധ ക്രൈസ്തവ സഭകളുടെ ഐക്യത്തിനായുള്ള പ്രാർഥനയുടെ വിഷയം നിയമാവർത്തന പുസ്തകവുമായി ബന്ധപ്പെട്ടിരിക്കുന്നു: "നീതി, നീതി മാത്രം നീ പിൻതുടരുക" (നിയമ 16:20). ഇന്തോനേഷ്യയിലെ ക്രൈസ്തവരാണ് 2019 -ലെ ക്രൈസ്തവ ഐക്യത്തിനായുള്ള അഷ്ടദിന പ്രാർഥനാചരണം ഒരുക്കിയത്. ആ രാജ്യത്ത് ജനം അനുഭവിക്കുന്ന സമാധാനമില്ലായ്മ, അഴിമതി, അനീതി, ദാരിദ്ര്യം എന്നിവയുടെ മധ്യേ ക്രൈസ്തവസമൂഹം ഐക്യം, നീതി, സത്യം, എന്നീ മൂല്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നു. ഇന്തോനേഷ്യയിലെ സമൂഹത്തിന്റെ ഭിന്നതയ്ക്ക് അനീതി കാരണമായതുപോലെ ക്രൈസ്തവ സഭയിലെ ഭിന്നതകൾക്കും അനീതി കാരണമായില്ലേ? ഭിന്നതകളെ സംജാതമാക്കുന്ന അനീതിയെ ഓർത്ത് നമുക്ക് പശ്ചാത്തപിക്കാം. ക്രൈസ്തവർ എന്ന നിലയിൽ പൊറുക്കാനും സുഖപ്പെടുത്താനും അതുവഴി ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ശക്തിപ്പെടുവാനും പരിശ്രമിക്കാം.

### ഓരോ ദിവസത്തേയും വിചിന്തനവിഷയം

അഷ്ടദിനപ്രാർത്ഥനാചരണത്തിനും ആരാധനാശുശ്രൂഷയ്ക്കുമായുള്ള വിചിന്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വിഷയത്തിൽ കേന്ദ്രീകൃതമായിരിക്കുന്നു. ഐക്യത്തെയും നീതിയെയും കുറിച്ചുള്ള നമ്മുടെ വിചിന്തനങ്ങൾക്ക് ആഴം കൂട്ടുവാൻ, അനീതി ജനിപ്പിക്കുന്ന പോരാട്ടങ്ങളെ അവതരിപ്പിക്കുന്ന വിഷയമാണ് ഓരോ ദിനത്തിനായും ശ്രദ്ധയോടെ തെരഞ്ഞെടുത്തിരിക്കുന്നത്. വിഷയങ്ങൾ ചുവടെ ചേർക്കുന്നു

ഒന്നാം ദിനം: നീതി ജലം പോലെ ഒഴുകട്ടെ. (ആമോസ് 5:24)

രണ്ടാം ദിനം: നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ (മത്തായി 5:37).

മൂന്നാം ദിനം: കർത്താവ് എല്ലാവർക്കും കൃപാലുവും കരുണാമയനുമാണ് (സങ്കീർത്തനം 145:8).

നാലാം ദിനം: ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ (ഹെബ്രായർ 13:5)


അഞ്ചാം ദിനം: ദരിദ്രരെ സുവിശേഷം അറിയിക്കാൻ (ലൂക്കാ 4:18)

ആറാം ദിനം: സൈന്യങ്ങളുടെ കർത്താവ് എന്നതാണ് അവിടുത്തെ നാമം (ജറെമിയാ 10:16)

ഏഴാം ദിനം: സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ് (മത്തായി 15:28)

എട്ടാം ദിനം: കർത്താവ്, എന്റെ പ്രകാശവും രക്ഷയുമാണ് (സങ്കീർത്തനം 27:1).

എല്ലാ ഇടവകകളിലും സന്യസ്ഥഭവനങ്ങളിലും നല്കിയിട്ടുള്ള പ്രാർഥന സഹായി ഉപയോഗിച്ച് പ്രാർഥനാശുശ്രൂഷ സംഘടിപ്പിക്കാൻ നിങ്ങളെ ഏവരെയും ആഹ്വാനം ചെയ്യുന്നു. വിവിധ ക്രൈസ്തവസഭകളുടെ ഐക്യത്തിനായി നമുക്ക് പ്രാർഥിക്കാം. ■



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

പ്രത്യക്ഷീകരണ തിരുനാൾ (ജനുവരി 6)

## ലക്ഷ്യം നേടാൻ ഒരു നക്ഷത്രം വേണം

ഏശ. 60: 1-6 | എഫെ. 3: 2-3a. 5-6 | മത്താ. 2: 1-12

യൂദന്മാർക്ക് രാജാവായി പിറന്ന ശിശുവിനെ ആ ദേശത്തുള്ളവർ പ്രത്യേകിച്ച് അവിടുത്തെ രാജാവ് തിരിച്ചറിഞ്ഞില്ലെങ്കിലും, തങ്ങൾക്കു ലഭിച്ച അടയാളത്തിന്റെ വെളിച്ചത്തിൽ രാജാവായ ശിശുവിനെ അന്വേഷിച്ചിറങ്ങുന്ന ജ്യോതിഷരുടെ സന്ദർശനമാണ് ഈ വി. ഗ്രന്ഥഭാഗം. മത്തായിയുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സംഭവമാണിത്.


ഏതാനും വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ ക്രൈസ്തവ സഭാനേതൃത്വം സംഘടിപ്പിച്ച ഒരു സമ്മേളനത്തിൽ പങ്കെടുത്ത മുസ്ലീം മതാനുയായിയായ സാംസ്കാരിക നായകൻ ഇപ്രകാരം പറഞ്ഞു, ഇന്നത്തെ മനുഷ്യർ മതങ്ങളോടു വളരെ അടുത്തുകൊണ്ടിരിക്കുന്നു, എന്നാൽ ഇവർ ഈശ്വരനിൽ നിന്ന് അകന്നുകൊണ്ടിരിക്കുകയാണ്. കത്തോലിക്കാ തിരുസഭയുടെ വിശ്വാസ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ (പോപ്പ് ബനഡിക്ട് 16-ാമൻ) നടത്തിയ ഒരു നിരീക്ഷണം ഇപ്രകാരമായിരുന്നു. ഏതു നിഗൂഢസ്വഭാവമായിരുന്നാലും വേണ്ടില്ല ആളുകൾക്ക് മതം വേണം. എന്നാൽ നമ്മോട് സംസാരിക്കുകയും നമ്മെ അറിയുകയും നമ്മോട് വ്യക്തമായി ചിലത് ആവശ്യപ്പെടുകയും നമ്മെ വിധിക്കാതിരിക്കുകയും ചെയ്യുന്ന ദൈവത്തെ ആളുകൾക്ക് വേണ്ട. ദൈവത്തിൽ നിന്നും വേർതിരിക്കപ്പെട്ട മതം നാം കാണുന്നു. അങ്ങനെയുള്ള മതത്തെ പല രൂപഭാവത്തിൽ ആളുകൾ ആവശ്യപ്പെടുന്നു.



ഇന്ന് മനുഷ്യർ അവർ ആഗ്രഹിക്കുന്ന രീതികളിലേക്ക് ദൈവീക പദ്ധതികളെ മാറ്റിയെഴുതുവാനുള്ള പരിശ്രമത്തിലാണ്. ദൈവീക വഴികളെ മുൻകൂട്ടി പ്രവചിക്കാനുള്ള അതിബുദ്ധികാണിക്കുന്നു. ബാബേൽ ഗോപുരം പണിയുവാൻ പുറപ്പെട്ടവരെ പോലെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന ഹേറോദേസിന്റെ ചിന്താഗതി.

ഇന്ന് മനുഷ്യർ അവർ ആഗ്രഹിക്കുന്ന രീതികളിലേക്ക് ദൈവീക പദ്ധതികളെ മാറ്റിയെഴുതുവാനുള്ള പരിശ്രമത്തിലാണ്. ദൈവീക വഴികളെ മുൻകൂട്ടി പ്രവചിക്കാനുള്ള അതിബുദ്ധികാണിക്കുന്നു. ബാബേൽ ഗോപുരം പണിയുവാൻ പുറപ്പെട്ടവരെ പോലെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന ഹേറോദേസിന്റെ ചിന്താഗതി. യഹൂദമതത്തെയും മതാനുഷ്ഠാനങ്ങളെയും ഇഷ്ടപ്പെടുന്നു. പക്ഷേ, തന്റെ അധികാര കസേരയ്ക്കു വിഘ്നം സൃഷ്ടിക്കപ്പെട്ടേക്കാവുന്ന ദൈവസങ്കൽപ്പത്തെ പാടേ തുത്തെറിയുവാൻ വെമ്പൽകൊള്ളുന്നു അധികാര ഭ്രമമുള്ള ഹേറോദേസ്. അതിനുപറ്റിയ പുരോഹിത പ്രമുഖന്മാരെയും നിയമവ്യാഖ്യാതാക്കളെയും അധികാരകസേരയ്ക്കരികിൽ ഇരുത്തിയിരിക്കുന്നു.

ഒരിക്കൽ കുട്ടികൾ കളിച്ച നാടകത്തിലെ ഒരു രംഗം ഇപ്രകാരമാണ്. വിഷയം ബൈബിളിലെ നല്ല ഇടയൻ. ചെന്നായ്ക്കൾ ആടുകളെ പിടിക്കാൻ വരുന്ന രംഗം. ആടുകൾ നാലുപാടും ചിതറി ഓടുന്നു. ചെന്നായ് ആടുകളെ പിടിച്ചതിനു ശേഷം മാത്രമേ



ആടുകളുടെ ഇടയൻ കടന്നു വരാവൂ എന്നതാണ് നിയമം. കർട്ടനുയർന്നപ്പോൾ ചെന്നായ്ക്കളുടെ അരികിൽ ഇടയൻ ചാടിവീണ് ചെന്നായ്ക്കളെ തടഞ്ഞു. ആ കാഴ്ചകണ്ട് എല്ലാവരും അന്തിച്ചുനിന്നു. ഉടനെ അടുത്തു നിന്ന ആടു പറഞ്ഞു, നിന്നോടാരാ ഇപ്പോൾ വരാൻ പറഞ്ഞത്.

അധികാര കസേരകൾക്കിടയിൽ നിന്ന് ദൈവസങ്കൽപത്തെ വ്യാഖ്യാനിക്കാൻ പരിശ്രമിച്ചാലും ദൈവം കാണിച്ചു തരുന്ന നക്ഷത്രപ്രഭയുണ്ടെങ്കിൽ മാത്രമേ ലക്ഷ്യസ്ഥാനത്ത് എത്തുവാൻ കഴിയൂ. അതിനൊരിക്കലും അതിബുദ്ധികൊണ്ടോ, ആയുധ ബലംകൊണ്ടോ സാധിക്കുകയില്ല. മറിച്ച് എളിമയുള്ളിടത്തെ അതുണ്ടാകൂ.

കാലിത്തൊഴുത്തിനരികിൽ അഭയം തേടിയ മുടന്തനായ കുഞ്ഞാടിനെക്കുറിച്ച് ഒരു കഥയുണ്ട്. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് പാതിരാവിൽ കാലിത്തൊഴുത്തിൽ അഭയം തേടിയതാണ് കുഞ്ഞാട്. അതിനു സംരക്ഷണമേകാൻ ആരുമുണ്ടായിരുന്നില്ല. പെട്ടെന്നായിരുന്നു അങ്ങേ തലയ്ക്കൽ സ്ത്രീ പുരുഷ സംഭാഷണം. തലയുയർത്തി കാതുകൂർപ്പിച്ചിരുന്നു. അപ്പോൾ മനസ്സിലായി പ്രസവവേദനയാൽ പിടയുന്ന ഒരുവൾ, അഭയം തേടുവാൻ ഇനി ഇടമില്ലാതെ അവസാനം വന്നുചേർന്നിരിക്കുന്നതാണിവിടെ. അവൾ ഒരു ശിശുവിനെ പ്രസവിച്ചു. മുടന്തനായ ആടിനു വലിയ സന്തോഷമായി. മുടന്തനാട് അവരുടെ അരികിലെത്തി തന്റെ സങ്കടം പങ്കുവച്ചു. ഉടനെ ഉണ്ണീശോ പറഞ്ഞു ഞാനും ആരുമില്ലാതെ, എല്ലാവരും ആട്ടിപായിച്ചപ്പോൾ ഇടം കണ്ടെത്തിയതാണ് ഈ പുൽക്കൂട്ടിൽ. കുഞ്ഞാടിനു സന്തോഷമായി. അവൻ യേശുവിന്റെ അരികിൽ ചേർന്നു കിടന്ന് തണുപ്പുള്ള ആ രാവിൽ ചൂടുപകർന്നു. മറ്റാരും ദർശിക്കുന്നതിനുമുമ്പ് ദൈവകുമാരനെ കാണാൻ ഭാഗ്യം ലഭിച്ചത് മുടന്തനാടിനായിരുന്നു.

അതിബുദ്ധികൊണ്ട് ദൈവിക വഴികളെ അളന്നു തിട്ടപ്പെടുത്തുവാൻ ശ്രമിക്കാതെ ദൈവീക പ്രഭയിൽ എല്ലാം വീക്ഷിക്കാൻ പരിശ്രമിക്കാം. നമ്മുടെ സൂക്ഷ്മനിരീക്ഷണങ്ങൾക്കുള്ളിൽ പലതിനെയും നാം മറന്നുപോയെന്നിരിക്കും. എന്നാൽ ദൈവദൃഷ്ടിയിൽ എല്ലാംവ്യക്തമായിരിക്കും. ദൈവത്തിനു നിസാരമായതു പോലും വിലയുള്ളതാണ്. നമ്മൾ നിസ്സാരങ്ങളായി കണ്ട് എഴുതിതള്ളുന്നതും പരിഗണിക്കാതിരിക്കുന്നതും ദൈവം ശ്രേഷ്ഠമായി കണക്കാക്കിയേക്കാം.

## പ്രത്യക്ഷീകരണം നൽകുന്ന മൂന്ന് ചിന്തകൾ

1) ആകാശത്ത് തെളിഞ്ഞ അസാധാരണ നക്ഷത്രം. ഒരു ദൈവീക നിമിത്തമായി ജ്ഞാനികൾ വായിച്ചെടുത്തു. ജ്യോതി ശാസ്ത്രത്തിൽ അഗ്രഗണ്യരായ എത്രയോ പേർ ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്നിരിക്കണം. പുതിയ നക്ഷത്രത്തെ അവർ നിരീക്ഷിച്ചിട്ടുമുണ്ടാവണം. എന്നാൽ പൗരസ്ത്യ ജ്ഞാനികൾക്കു മാത്രമാണ് അതിനു പിന്നിലെ ദൈവിക നിയോഗങ്ങൾ വെളിപ്പെട്ടുകിട്ടുക.

ദൈവം നമ്മോട് സംസാരിക്കുന്നത് നാം നിത്യേന ഇടപെടുന്ന സംഗതികളിലൂടെയാണ്. ഒരു മിഴി ദൈവത്തിൽ പതിപ്പിച്ചുകൊണ്ട് ജീവിക്കുന്നവർക്ക് മാത്രമാണ് സങ്കീർണ്ണമായ ജീവിത ചുറ്റു പാടുകളിൽ നിന്ന് ദൈവത്തിന്റെ സ്വരം തിരിച്ചറിയാനാവുക.

2) ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് കേൾക്കുമ്പോൾ ഹേറോദേസ് ഭയവിഹ്വലനാവുകയാണ്. ഹെറഡ് ദി ഗ്രേറ്റ് എന്നാണ് ചരിത്രം അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ആ പദവിക്ക് അദ്ദേഹം അർഹനുമാണ്. പാലസ്തീനിൽ സമാധാന പൂർണ്ണമായ ഭരണം നടത്താൻ കഴിഞ്ഞ ഒരേയൊരു ഭരണാധികാരിയണദ്ദേഹം. ജറുസലേം ദൈവാലയത്തിന്റെ നിർമ്മാതാവും, നികുതി ഭാരം ഗണ്യമായി കുറച്ച് ജനങ്ങളുടെ ആദരവും പ്രശംസയും നേടിയെടുത്ത രാജാവാണദ്ദേഹം. പക്ഷേ, ക്രിസ്തുവിന്റെ വരവ് അദ്ദേഹത്തെ അസ്വസ്ഥനാക്കി. അത് തന്റെ പദ്ധതികളെയും, അധികാരത്തെയും തകിടം മറിക്കുമെന്ന് അയാൾ ഭയപ്പെട്ടു.

എല്ലാം നന്നായി ചെയ്യുന്നു എന്ന് തെറ്റിദ്ധരിക്കുന്ന നമ്മൾ, ദൈവീക ഇടപെടലിനെ ഭയപ്പെടുന്നു. ദൈവവുമായി കണ്ടുമുട്ടേണ്ടിവന്നാൽ എന്റെ ഇഷ്ടങ്ങൾ തകിടം മറിയുമെന്ന് നമ്മൾ അസ്വസ്ഥരാകുന്നു. ആകയാൽ ദൈവത്തിൽ നിന്ന് നിശ്ചിതമായൊരു അകലം നമ്മളെപ്പോഴും സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന് സ്ഥാനമില്ലാത്ത ജീവിതം എന്നും ആശങ്കയുടെ നിഴലിലായിരിക്കും. ഹേറോദേസ് ഒരു സംശയരോഗിയായിരുന്നു. അയാൾ എല്ലാവരെയും ഭയപ്പെട്ടു. ഭാര്യയെയും മക്കളെയും പോലും ഭയപ്പെട്ട അയാൾ അവരെ വധിച്ചു കളഞ്ഞു. ക്രിസ്തുവിന് സ്ഥാനമില്ലാത്ത ജീവിതം എന്നും ഭീതിയുടെ നിഴലിലാണ്.

3) ജ്ഞാനികൾ ഉപഹാരങ്ങളുമായിട്ടാണ് ശിശുവിനെ കാണാൻ വരുന്നത്. കിഴക്കും പടിഞ്ഞാറും നിലനിന്നിരുന്ന സാമൂഹ്യചട്ടമാണത്. സമ്മാനങ്ങൾ കൂടാതെ ആർക്കും രാജാവിനെ കാണാൻ കഴിയില്ല.

നമുക്കുവേണ്ടി ജനിച്ചിരിക്കുന്ന രക്ഷകന് നമ്മൾ എന്ത് സമ്മാനമാണ് നൽകുക. നമ്മെക്കാൾ വിലപിടിച്ച എന്തു സമ്മാനമാണ് നമ്മുടെ കയ്യിലുള്ളത്. പഴയശീലങ്ങളിൽ നിന്നും മ്ളേച്ഛകരമായ ജീവിതത്തിൽ നിന്നും അകന്ന് വിശുദ്ധമായൊരു ജീവിതം അതാണ് നമ്മുടെ ദൈവത്തിനും നമ്മുടെ പ്രിയപ്പെട്ടവർക്കും നൽകാൻ സാധിക്കുന്ന ഏറ്റവും പ്രിയപ്പെട്ട സമ്മാനം. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# കയ്യൂക്കുള്ളവൻ കാര്യക്കാരൻ

ഏശ. 40: 1-5. 9-11 | തീത്തോ. 2:11-14; 3:4-7 | ലൂക്ക. 15: 16. 21-22

യേശുവിന്റെ മാമോദീസയ്ക്ക് പ്രതീകാത്മകമായ ഒരർത്ഥമുണ്ട്. അവിടുത്തെ പീഢാനുഭവത്തിന്റെ, അനേകർക്കുവേണ്ടി ബലി കഴിക്കുന്ന ജീവിതത്തിന്റെ പ്രതീകമാണ്, പാപികളോടൊത്ത് അവിടുന്ന് സ്വീകരിക്കുന്ന മാമോദീസ. പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേറ്റിക്കൊണ്ട് ഒരു സഹനദാസനായി യേശു തന്റെ ജീവിതദൗത്യം ആരംഭിക്കുന്നു. പ്രൗഢഗംഭീരനായ രാജാവല്ല, ശാന്തനും വിനീതനുമായ ശുശ്രൂഷകനായി ജ്ഞാനസ്നാനം സ്വീകരിച്ചു കൊണ്ട് ജനങ്ങളെ യേശു മാമോദീസ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ഇവിടെ യേശുവിന്റെ സ്വയം ശൂന്യവത്കരണത്തിന്റെ പാഠം നമ്മുടെ കണ്ണുകൾ തുറപ്പിക്കണം. സ്വർഗ്ഗം മുഴുവൻ തുറന്നുകൊടുക്കണമെന്ന പിതാവിന്റെ ആഗ്രഹം യേശു സാധ്യമാക്കുന്നത് തന്റെ ജ്ഞാനസ്നാനമാകുന്ന എളിമപ്പെടലിലൂടെയാണ്. ഇവിടെ നാം ചിന്തിക്കണം - നമ്മുടെ മാർഗ്ഗങ്ങൾ അഹംഭാവത്തിന്റേതാണോ എളിമയുടേതാണോ?

ആരുടെ മുന്നിലും തോറ്റുകൊടുക്കാത്ത ഒരു സംസ്ക്കാരം നമ്മുടെ സമൂഹത്തിൽ അസമാധാനം സൃഷ്ടിക്കുന്നില്ലേ? കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നു പറയുന്നതുപോലെ, പ്രാപ്തിയും ശക്തിയും ഉള്ളവൻ എന്തും നേരിടുന്നു. ബലഹീനതയാണ് എന്റെ ശക്തി എന്നുപറയുന്ന ഒരു കുറവിന്റെ സംസ്കാരം നമുക്കില്ലാതാകുന്നു. മറിച്ച്, എനിക്ക് എല്ലാം സാധിക്കും എന്ന നിറവിൽ സംസ്കാരം രൂപപ്പെടുന്നു. തോറ്റുകൊടുക്കാനും, വിട്ടുകൊടുക്കാനും കഴിയുന്നതിന്റെ ഒരു ശക്തിയുണ്ട്. എന്റെ കൈയ്യൂക്കിലും ശക്തിയിലും അഹങ്കരിക്കുമ്പോൾ യേശുവിന്റെ എളിമയുടെയും ശാന്തതയുടെയും സ്വരം എന്റെ ഹൃദത്തിൽ പ്രതിധ്വനിക്കണം.

മറ്റൊരു ചിന്ത യേശുവിന്റെ മാമോദീസ നമുക്ക് നൽകുന്നത് യേശുവിന്റെ ദൗത്യം തുടരാനുള്ള കടമയാണ്. മാമോദീസയിലൂടെ യേശുവിന്റെ അരൂപി ഉൾക്കൊണ്ട് അവിടത്തെ ദൗത്യം തുടരാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ആത്മാവിൽ നിറഞ്ഞ മാതാപിതാക്കൾ തങ്ങളുടെ മക്കളെ ദൈവഹിതത്തിനനുസൃതമായി വളർത്തുമ്പോൾ അവർ യേശുവിന്റെ ദൗത്യം തുടരുകയാണ്. ദൈവം നമുക്ക് നൽകിയ കഴിവുകൾ സമൂഹനന്മക്കായി നാം ഉപയോഗിക്കുമ്പോൾ നാം യേശുവിന്റെ ദൗത്യം തുടരുകയാണ്. ഉപേക്ഷിക്കപ്പെട്ടവരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും, തിരസ്കൃതരോടും നാം അനുകമ്പകാണിക്കുമ്പോൾ യേശുവിന്റെ ദൗത്യം നാം തുടരുകയാണ്. പാപകരമായ ജീവിതം വെടിഞ്ഞ് കൗദാശിക ജീവിതത്തിലൂടെ അവിടുത്തെ സന്ദേശവാഹകരാകുമ്പോൾ യേശുവിന്റെ ദൗത്യത്തിൽ നാം പങ്കുചേരുകയാണ്. എളിമയുടെ,സ്നേഹത്തിന്റെ ശൂന്യവത്കരണത്തിന്റെ പാതയിലൂടെ മുന്നേറുമ്പോഴും നാം യേശുവിന്റെ ദൗത്യത്തിൽ പങ്കുചേരുകയാണ്. അവിടുത്തെ ദൗത്യത്തിൽ പങ്കുചേരുന്നതിലും തുടരുന്നതിലും സന്തോഷിച്ച് ദൈവം നമ്മെ നോക്കിയും പറയട്ടെ - നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.

കുറച്ചു മാസങ്ങൾക്കു മുമ്പാണ് ഭർത്താവും ഭാര്യയും കൂടി മേടയിൽ വന്നത്. ജ്ഞാനസ്നാനത്തിന് തലതൊടാൻ ഒരു സർട്ടിഫിക്കറ്റ് വേണം. കാര്യങ്ങൾ തിരക്കിവന്നപ്പോൾ ഞായറാഴ്ചയായാലും പള്ളിയിൽ കൃത്യമായി വരുകയോ കുടുംബ പ്രാർത്ഥനപോലും ചൊല്ലുകയോ ചെയ്യാത്തവരാണ്. പിന്നെയെങ്ങനാ കുഞ്ഞിന്റെ വിശ്വാസ പരിശീലനം നടത്തുന്നത് നിങ്ങൾ എന്ന് അവരോടായി ചോദ്യം. നല്ലതല്ലാത്ത ചിരിയോടെ മറുപടി പെട്ടെന്നായിരുന്നു. പിന്നെ, തലതൊടുന്നവർ മുഴുവൻ കുരിശും വരച്ചോണ്ട് പിള്ളേർടെ പുറകെ നടക്കുവല്ലേ? ജ്ഞാനസ്നാനത്തിന്റെ ഗൗരവം വല്ലാതെയങ്ങ് കുറച്ചുകളയുന്നുണ്ട് നമ്മൾ വൈദീകരും, അല്മായരും, ആത്മീയമായി.

ഇന്ന് കർത്താവിന്റെ ജ്ഞാനസ്നാനത്തിരുന്നാൾ. ഈശോയുടെ ജ്ഞാനസ്നാനത്തിന്റെ രണ്ട് ഓർമ്മകൾ വായിച്ചതോർക്കുന്നു. ആദ്യത്തേതിൽ യോർദ്ദാനിൽ സ്വർഗം തുറക്കപ്പെടുന്നു. രണ്ടാമത്തേതിൽ കാൽവരിയിൽ സ്വർഗത്തെ മറയ്ക്കുന്ന തിരശ്ശീല പിളർക്കപ്പെടുന്നു. ഒന്നുറപ്പ്. സ്വർഗവും ഭൂമിയും തമ്മിലുള്ള സമ്പർക്കം പുനഃസ്ഥാപിക്കുന്ന ഇടമാണ് ജ്ഞാനസ്നാനം. ആലോചിക്കുമ്പോൾ ശരിയാണ്. ഇതുവരെ അടയ്ക്കപ്പെട്ടതും വിച്ഛേദിക്കപ്പെട്ടതുമായ ചില ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നുണ്ടിവിടെ. ഓരോ ജ്ഞാനസ്നാത്തിലും സംഭവിക്കുന്നതും ഇതുതന്നെ. ദൈവം ഒരു നല്ല അപ്പനാകുന്നു. നാം ദൈവത്തിന്റെ മക്കളും. കുറച്ചുകൂടെ ഗൗരവമായെടുക്കാം, ഈ കൂദാശയെ. നല്ല പിതാവിന്റെ നന്മയുടെ മക്കളായി ഈശോയെപ്പോലെ ജീവിക്കാൻ സ്വർഗം കൃപചൊരിയട്ടെ. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

ആണ്ടുവട്ടം 2-ാം ഞായർ (ജനുവരി 20)

# കാനായിലെ കല്യാണവും പിന്നെ ഞാനും

ഏശ. 62 : 1-5 | 1 കൊറി. 12 : 4-11 | യോഹ. 2: 1-11



കാനായിലെ കല്യാണത്തിന്റെ വിവരണത്തിൽ അസാധാരണത്വമുണ്ട്. മറ്റു സുവിശേഷങ്ങളിലെപ്പോലെ ഒന്നാമത്തെ അത്ഭുതം സുഖപ്പെടുത്തലോ പിശാചിനെ ബഹിഷ്ക്കരിക്കലോ അല്ല. വിരുന്നിലൂടെ സ്നേഹമാണ് തന്റെ ദൗത്യമെന്ന് യേശു അറിയിക്കുകയാണ്. വിവരണങ്ങളിൽ എങ്ങും വധൂവരന്മാരെപ്പറ്റി പറയുന്നില്ല. കല്യാണത്തിൽ വധൂവരന്മാർ പ്രാധാന്യമർഹിക്കുന്നില്ലേ? യഥാർത്ഥവിവാഹം അഗാധമായ ആധ്യാത്മിക തലത്തിലാണ്.

ബാബിലോൺ തകർത്ത ജറുസലേം ദൈവാലയം പുനരുദ്ധരിക്കപ്പെടണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്. യുവാവ് കന്യകയെ എന്നപോലെ നിന്റെ പുനരുദ്ധാരകൻ നിന്നെ വിവാഹം ചെയ്യും എന്ന വാക്യം കാനായിലെ വിവാഹവുമായി ചേർത്തു വായിക്കണം. ദാവീദിന്റെ സിംഹാസനം തകർത്തിരിക്കുകയാണ്. വീണ്ടെടുപ്പ് രാജ്യത്തിന്റെ കൂടിയാണ്. തീവ്രദേശീയതയുടെ വികാരമാണ് ആളിക്കത്തുന്നത്. സ്വാതന്ത്ര്യസമരത്തിന്റെ ഭാരത ദേശീയത അഖണ്ഡതയുടെയും നാനാത്വത്തിൽ ഏകത്വത്തിന്റെയും ആയിരുന്നു. എന്നാൽ ഇന്ന് മതദേശീയത സൃഷ്ടിക്കുവാനുള്ള തീവ്രശ്രമങ്ങൾ ഭാരതത്തിൽ അരങ്ങേറുന്നു. ജനങ്ങൾ കല്ലുകൾ നീക്കി പണിത ജനാധിപത്യത്തിന്റെ രാജപാതയിൽ കോർപ്പറേഷനുകൾ മാത്രം നടക്കുന്നു. കർഷകരും സാധാരണക്കാരും രാജ്യത്തിന്റെ ഭരണാധികാരികളെ ഓർത്തു ലജ്ജിക്കുന്നു. 1893-ൽ വില്ലുവണ്ടി വാങ്ങി താഴ്ന്ന ജാതിക്കാർക്ക് നിഷേധിച്ച സഞ്ചാരസ്വാതന്ത്ര്യത്തിനെതിരെ നാടാകെ ചുറ്റിയടിച്ചു. വിലക്കപ്പെട്ട പൊതുനിരത്തിന്റെ വിരമാറിലൂടെ വില്ലുവണ്ടി കുതിച്ചു പാഞ്ഞു. മണികെട്ടിയ കാളകൾ കുളമ്പടിച്ചു ശബ്ദമുണ്ടാക്കി. സവർണർ ഞെട്ടിത്തരിച്ചു. ഇന്ന് രാജ്യത്ത് ജനാധിപത്യസമരങ്ങൾ അടിച്ചമർത്തപ്പെടുന്നു. ക്രിസ്തുവിനെ ബന്ധനസ്ഥനാക്കിയപോലെ അധികാരത്തിന്റെ കുരുക്കുകൾ പ്രവാചകർക്ക് നേരെ നീളുന്നു. "you can complain because Roses have thorns or you can rejoice because thorns have roses"

പനിനീർപൂവിന് പിറകിലെ മുള്ളുകൾ കണ്ട് നിങ്ങൾക്ക് പരിദേവനം പറയാം. അല്ലെങ്കിൽ മുള്ളുകൾക്ക് മീതെയുള്ള മനോഹരിയായ പനിനീർപൂവുകണ്ട് നിങ്ങൾക്ക് സന്തോഷിക്കാം. തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നമ്മുടേതാണെന്ന് ബുദ്ധൻ പറഞ്ഞുതരുന്നു. ജീവിതപ്രതിസന്ധികകളെക്കുറിച്ച് പരിദേവനം പറഞ്ഞ ശിഷ്യന് ഗുരു വിശ്രാന്തമായി ഒഴുകുന്ന പുഴ കാണിച്ചു കൊടുത്തു. കൂർത്തുനിൽക്കുന്ന ചെറിയ പാറക്കല്ലുകളെ മാനിക്കാതെ പുഴ മുകളിലൂടെ നൃത്തം ചെയ്തൊഴുകി. വലിയ പാറക്കല്ലുകൾ നിവർന്നു നില്ക്കുന്നിടത്ത് ഉടൻതന്നെ രണ്ടായിപിരിഞ്ഞ് മന്ദമായൊഴുകി ഒന്നായി ചേർന്നു. മഹാസാഗരത്തിന്റെ ആഴങ്ങൾ തേടി ഒഴുകുന്ന പുഴക്ക് എങ്ങനെയാണ് ഒരു പാറക്കെട്ടിൽ സ്തംഭിച്ചുനില്ക്കാനാവുക? പുഴ ഒഴുകുകതന്നെ ചെയ്യും.

ഇസ്രായേൽ പുനഃനിർമിക്കപ്പെടണെന്നുള്ളത് യഹൂദ ദേശീയതയായും സിയൺ ദൈവശാസ്ത്രമായും മാറി. ശത്രുവിന്മേൽ വിജയം വരിക്കുന്ന ദൈവത്തെ അങ്ങനെയാണ് ഗ്രന്ഥകാരന്മാർ മെനഞ്ഞെടുത്തത്. പഴയനിയമത്തിലെ ദൈവം യുദ്ധം ചെയ്യുന്നവനും ചോരക്കൊതിയനുമായി കാണപ്പെടുന്നതിനുപിന്നിൽ ഈ ദേശം കെട്ടിപടുക്കാനുള്ള ത്വരയാണ്. ആ സ്വത്വസൃഷ്ടിക്കായി ശത്രുക്കളെതീർത്ത് ഇസ്രായേൽ തീവ്രദേശീയതയുടെ വക്താക്കളായി.

ദാനങ്ങളിലെയും ശുശ്രൂഷകളിലെയും വൈവിധ്യത്തെക്കുറിച്ച് കൊറിന്തോസുകാരുടെ ലേഖനത്തിൽ പൗലോസ് സംസാരിക്കുന്നു. പൊതുനന്മയാണ് ആത്മാവ് കാംഷിക്കുന്നത്. വിവേകം, ജ്ഞാനം, വിശ്വാസം, രോഗശാന്തിവരം, അത്ഭുതവരം, പ്രവചനവരം, വിവേചനവരം, ഭാഷാവരം, വ്യാഖ്യാനവരം ഇവ ഇച്ഛാനുസരണം ആത്മാവ് ഓരോരുത്തർക്കും വർഷിക്കുന്നു. ഒരുവനുള്ള ആദരമായോ അധികശക്തിയായോ ദാനങ്ങളെ കാണരുത്. പക്ഷേ സഭയുടെ വികാസത്തിനാണ് അത് ഉപയോഗിക്കേണ്ടത്. അവന്റെ കരങ്ങളിൽ അർപ്പിക്കപ്പെട്ട വിശ്വാസമാണത്. അവൻ കണക്കുകൾ കൃത്യമാക്കിയാൽ യുഗാന്ത്യത്തിൽ അവന് ഫലമുണ്ടാകും.

ആറാംദിവസമാണ് ദൈവത്തിന് കൈയബദ്ധം പിണഞ്ഞത്. പ്രണയമില്ലാതെ പ്രാപിക്കുകയും വിനയമില്ലാതെ പ്രാർത്ഥിക്കുകയും തിന്നാനല്ലാതെ കൊല്ലുകയും ചെയ്യുന്ന മൃഗത്തെ സൃഷ്ടിച്ച ആ ദിനം. മനുഷ്യൻതന്നിൽ വന്നുചേരുന്ന സൗഭാഗ്യങ്ങളിൽ എന്തുമാത്രം മതി മറക്കുന്നു. ആനന്ദം തനിക്കുമാത്രമായി അവൻ ചുരുക്കുന്നു. ആത്മീയതയുടെ ഉഷ്ണമേഖലകളിൽ ദാഹിച്ച് അവന്റെ നാവ് വരണ്ടിരിക്കുന്നു.

സൗഭാഗ്യത്തിന്റെ അപ്പക്കുട്ടകളിൽനിന്ന് ഭക്ഷിച്ച് അവന്റെ വയർ വീർത്തിരിക്കുന്നു. സഭയാകുന്ന തന്റെ വധുവിനെ വിവാഹം ചെയ്യുന്ന വരനാണ് യേശു. മണവാളന്റെ തോഴനാണ് താനെന്ന് സ്നാപകയോഹന്നാൻ (യോഹ 3: 29). വിവാഹം നടത്തുന്നതിനു മണവാട്ടിയെ അവളുടെ ഭവനത്തിൽനിന്ന് കൂട്ടിക്കൊണ്ടുവരിക മണവാളന്റെ കടമയാണ്. ഇസ്രായേലിനെ സജ്ജീകരിക്കുകയും യേശുവിനു സാക്ഷ്യം നല്കുകയും ചെയ്യുകയായിരുന്നു യോഹന്നാൻ.

കാനായിലെ കല്യാണത്തിന്റെ വിവരണത്തിൽ അസാധാരണത്വമുണ്ട്. മറ്റു സുവിശേഷങ്ങളിലെപ്പോലെ ഒന്നാമത്തെ അത്ഭുതം സുഖപ്പെടുത്തലോ പിശാചിനെ ബഹിഷ്ക്കരിക്കലോ അല്ല. വിരുന്നിലൂടെ സ്നേഹമാണ് തന്റെ ദൗത്യമെന്ന് യേശു അറിയിക്കുകയാണ്. വിവരണങ്ങളിൽ എങ്ങും വധൂവരന്മാരെപ്പറ്റി പറയുന്നില്ല. കല്യാണത്തിൽ വധൂവരന്മാർ പ്രാധാന്യമർഹിക്കുന്നില്ലേ? യഥാർത്ഥവിവാഹം അഗാധമായ ആധ്യാത്മിക തലത്തിലാണ്. സഭയെ വിവാഹം കഴിക്കാനൊരുങ്ങുന്ന യേശു. യേശുവിന്റെ സമയം ഇനിയും എത്തിയിട്ടില്ല എന്ന പരാമർശം വെള്ളം വീഞ്ഞാക്കാൻ സമയമായില്ല എന്നല്ല, കുരിശിൽ മരിച്ച് സഭയുമായുള്ള ഉടമ്പടിചേരുന്ന സമയമായിട്ടില്ല എന്നത്രേ!

വീഞ്ഞാക്കിമാറ്റിയ വെള്ളം നൂറ്റമ്പത് ഗ്യാലൻ വരും. എന്തിനാണ് ഇത്രമാത്രം വീഞ്ഞ്, ഈ വീഞ്ഞ് സമൃദ്ധിയുടെ തുക്കമാണ്. സ്വർഗീയ വിരുന്നിന്റെ തുടക്കം. ഇസ്രായേലിലെ രാജ്ഞി രാജാവിന്റെ അമ്മയാണ് (ഉദാഹരണത്തിന് സോളമൻ രാജാവായപ്പോൾ ബെത്ഷെബാ ആണ് രാജ്ഞിപദം അലങ്കരിച്ചത്) അരമനവകകാര്യങ്ങളിൽ അവൾക്ക് ഉത്തരവാദിത്വം ഉണ്ടായിരുന്നു. മകന്റെ വിവാഹത്തിനു വേണ്ട ഒരുക്കം നടത്തുക എന്നത് മറിയത്തിന്റെ കടമയാണ് ( സങ്കീ 45 ൽ രാജാവിന്റെ വലത്തുവശത്ത് ഓഫീർ സ്വർണമണിഞ്ഞ രാജ്ഞി നില്ക്കുന്നതുപോലെ)

ഈ അത്ഭുതം ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നു. കുരിശ് അവിടത്തേക്ക് നമ്മോടുകൂടിയുള്ള സ്നേഹം പ്രകടമാക്കി. ആത്മാർത്ഥമായ സ്വയം ദാനത്തിലൂടെ സാക്ഷാത്ക്കാരം നേടുന്നതിന് സ്നേഹം കാരണമാകുന്നു. വാങ്ങാനോ വില്ക്കാനോ കഴിയാത്തതും സ്വതന്ത്രമായും പരസ്പരവും നല്കാൻ മാത്രം കഴിയുന്നതുമായ ഒന്ന് നല്കുകയും സ്വീകരിക്കുകയും ചെയ്യുക എന്നാണ് സ്നേഹിക്കുകയെന്നതിന്റെ അർത്ഥം. (കുടുംബത്തെക്കുറിച്ചുള്ള സഭാ പ്രബോധനം).

വിവാഹവിരുന്നിന്റെ ആഘോഷം കല്യാണദിനത്തിൽ മാത്രമുള്ളതല്ല. അത് ഒരാഴ്ചക്കാലം നീണ്ടുനില്ക്കും. അതുകൊണ്ട് ധാരാളം വീഞ്ഞ് ഗൃഹനാഥൻ കരുതേണ്ടതുണ്ട്. യേശു നല്കിയ വീഞ്ഞ് അതിന്റെ ഗുണമേന്മകൊണ്ട് പ്രകീർത്തിക്കപ്പെട്ടു. തങ്ങൾ ഇതുവരെ കുടിച്ചതിൽനിന്ന് ഏറെ വ്യത്യസ്തരുചി. മേൽത്തരം!

കാനായിലെ വിവാഹവേദിയിൽ മറ്റ് സംഭാഷണങ്ങളൊന്നും പുറത്തുവരുന്നില്ല. ലഹരിയിലാറാടുന്നവരുടെ ശബ്ദങ്ങൾ, അതിഥികളുടെ ബഹളങ്ങൾ ഒന്നുതന്നെയില്ല. ആകെയുള്ളത് ഒരു രഹസ്യവർത്തമാനം. അമ്മയും മകനും തമ്മിലുള്ള നർമ്മരസത്തിലുള്ള അടക്കിപ്പിടിച്ച സംഭാഷണങ്ങൾ. വീട്ടിലെ അടുക്കളപരിസരങ്ങൾ നന്നായി വീക്ഷിച്ചെത്തിയ മേരി. അവന്റെ ഇല്ലായ്മകളിലേക്ക് തുറവിയോടെ നില്ക്കുന്നവൾ. അതുകൊണ്ട് യേശുവിനെ അത്ഭുതം ചെയ്യാൻ പ്രേരിപ്പിക്കുന്ന അമ്മ. ആദ്യ അത്ഭുതം പ്രവർത്തിച്ചത് യേശുവോ മറിയമോ? പുത്രൻ ചെയ്യുന്ന സദ്ഗുണങ്ങൾക്ക് അമ്മയും കാരണക്കാരിയാണല്ലോ. യേശുവിനെ പരസ്യജീവിതത്തിന് മറിയം ഇതിനകം ഒരുക്കിക്കഴിഞ്ഞു. അതിനുള്ള അവളുടെ സമ്മതപത്രമാണ് വീഞ്ഞിന്റെ അടയാളം . ഇത് മക്കൾക്കുള്ള മാതാപിതാക്കളുടെ പ്രോത്സാഹനമാണ്. പിറകിലോട്ട് മാറാതിരിക്കാൻ, നഷ്ടധൈര്യരാകാതിരിക്കാൻ, പ്രത്യാശയിലേക്ക് മിഴി നടത്താൻ.

ആരാലും മനസ്സിലാക്കപ്പെടാതെ ജീവിതം ജീവിച്ചുതീർക്കുന്ന ചിലരുണ്ട്. കണ്ണിൽ സ്വപ്നങ്ങൾ പേറി ജീവിക്കുന്നവർ... വികാരങ്ങളെ ദേഷ്യത്തിലൂടെ മാത്രം പ്രകടിപ്പിക്കാൻ അറിയുന്നവർ... ഇഷ്ടങ്ങളെ മൗനത്തിൽ തളച്ചിടുന്നവർ... സൗഹൃദങ്ങളെ ജീവശ്വാസമായി കരുതുന്നവർ... ഒരു ബന്ധവും കല്പിക്കാതെ ഉപാധികളില്ലാതെ ആരെയൊക്കെയോ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർ... ചില ജന്മങ്ങൾ അങ്ങിനെയാണ്. ■

ആണ്ടുവട്ടം 3-ാം ഞായർ (ജനുവരി 27)

**നീർച്ചാലുകൾ**

ഫാ. വിക്ടർ എവരിസ്റ്റസ് IVDei


# അഛേ ദിൻ ആനേ വാലേ ഹയ്

നെഹ. 8: 2-4a. 5-6. 8-10 | 1 കൊറി. 12:12-30 | ലൂക്ക. 1: 1-4; 4: 14-21

എല്ലാ രാഷ്ട്രീയപ്പാർട്ടികളും തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് തങ്ങളുടെ പ്രകടനപത്രിക /കർമ്മപദ്ധതി ആഘോഷമായി പുറത്തിറക്കാറുണ്ട്. തങ്ങളുടെ പാർട്ടി അധികാരത്തിൽ വന്നാൽ എന്ത് സാമ്പത്തിക, സാമൂഹിക നയങ്ങളാണ് സ്വീകരിക്കാൻ പോകുന്നത്; എന്ത് അടിസ്ഥാനപരമായ കർമ്മപദ്ധതികളാണ് തങ്ങൾക്കുള്ളത് എന്നതാണ് പ്രകടനപത്രികയിൽ പറയുന്നത്. എന്നാൽ പലപ്പോഴും അത് പാലിക്കപ്പെടാറില്ല. അതുകൊണ്ടാണ് അഞ്ചു വർഷം കഴിയുമ്പോൾ വീണ്ടും ജനങ്ങൾ മറ്റു പാർട്ടികളിലേക്ക് ഉറ്റുനോക്കുന്നത്.

ഇവിടെയിതാ യേശുവിന്റെ കാലത്തും അന്നത്തെ യഹൂദർ എന്തൊക്കെയോ പ്രതീക്ഷിച്ചുകൊണ്ട് യേശുവിലേക്ക് ഉറ്റുനോക്കുന്നു.

യേശുവിന്റെ പരസ്യ ജീവിതത്തിന്റെ അജണ്ട അഥവാ പ്രോഗാം വ്യക്തമാക്കു



കർത്താവിന്റെ ദിനമെന്നു പറഞ്ഞു കാണിച്ചു കൂട്ടുന്ന കാര്യങ്ങളെപ്പറ്റിയും ആമോസ് പ്രവാചകൻ പറയുന്നു: കർത്താവിന്റെ ദിനത്തിനായി കാത്തിരിക്കുന്നവരെ നിങ്ങൾക്കു ദുരിതം! എന്തിനാണ് നിങ്ങൾക്ക് കർത്താവിന്റെ ദിനം. അത് അന്ധകാരമാണ്, പ്രകാശമല്ല. നിങ്ങളുടെ ഉത്സവങ്ങളോട് എനിക്ക് വെറുപ്പാണ്, അവജ്ഞയാണ്.

ക എന്നതാണ് ഈ സുവിശേഷഭാഗത്തിന്റെ ലക്ഷ്യം. തുടർന്നു വരുന്ന വിവരണങ്ങൾ ഇതിന്റെ വിശദാംശങ്ങളാണ്. ദരിദ്രരോട് സുവിശേഷം അറിയിക്കുക, ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും അന്ധർക്ക് കാഴ്ചയും നൽകുക, കർത്താവിന്റെ സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുക എന്നിവയാണ് ഇനി യേശു ചെയ്യാൻ പോകുന്ന കാര്യങ്ങൾ. എന്നാൽ അതൊന്നും യേശുവിന്റെ സ്വന്തം പരിപാടികളോ കണ്ടുപിടിത്തങ്ങളോ അല്ല. പിതാവ് നിശ്ചയിച്ചതും ഏശയ്യാ പ്രവാചകനിലൂടെ പ്രഖ്യാപിച്ചതുമാണ് (ഏശ.61:1,2).

യേശുവാകട്ടെ അവരെ നിരാശപ്പെടുത്തുന്നില്ല. അവർക്കുവേണ്ടത് കൂടുതൽ നിയമങ്ങളോ സിനഗോഗുകളോ റബ്ബിമാരോ അല്ലായെന്ന് യേശു മനസ്സിലാക്കി. ഉള്ളതിനെ വീണ്ടെടുക്കുകയാണ് വേണ്ടത്. നഷ്ടപ്പെട്ട അതിന്റെ ആത്മാവിനെ കണ്ടെത്തുകയും വീണ്ടെടുക്കുകയും പുനരവതരിപ്പിക്കുകയുമാണ് ചെയ്യേണ്ടത്. അതുകൊണ്ടാണ് യേശു താൻ വളർന്ന സ്ഥലമായ നസ്രത്തിലെ സിനഗോഗിൽ ഒരു തനി യഹൂദനായി മാറുന്നത്. അവിടെ അത്ഭുതങ്ങൾ ഒന്നും ചെയ്യുന്നില്ല; പുതുതായി ഒന്നും പഠിപ്പിക്കുന്നില്ല. ഏശയ്യാ പ്രവാചകന്റെ പുസ്തകം എടുത്തു വായിക്കുന്നു. അതിൽ നിന്നുതന്നെ തന്റെ പ്രകടന പത്രിക, കർമ്മപദ്ധതി, രക്ഷാകരദൗത്യം അവതരിപ്പിക്കുന്നു. കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു (വാ.18,19).

പ്രവാചകന്മാർ പണ്ടേ പറഞ്ഞു വച്ചിരിക്കുന്ന കാര്യമാണിത്. യഹൂദർക്ക് നഷ്ടപ്പെട്ടുപോയ ഈ നീതി, കാരുണ്യം, വിശ്വസ്തത എന്നിവയെപ്പറ്റിത്തന്നെയാണല്ലോ യേശു ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞത്. അതും തന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽതന്നെ, താൻ വളർന്ന നഗരമായ നസ്രത്തിൽ തന്നെ, താൻ ബാലനും യുവാവുമായിരുന്നപ്പോൾ പോയിരുന്ന് വചനം ശ്രവിച്ചിരുന്ന സിനഗോഗിൽ വച്ചുതന്നെ ഏശയ്യാ പ്രവാചകന്റെ വചനങ്ങൾ തന്റെ മാനിഫെസ്റ്റോയായി അവതരിപ്പിച്ചു.

ഇതുതന്നെയല്ലേ യേശു തന്റെ പരസ്യജീവിതത്തിലുടനീളം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നീതി, കാരുണ്യം, വിശ്വസ്തത? ഇതുതന്നെയല്ലേ മനുഷ്യാവതാരത്തിലൂടെ ദൈവപുത്രനായ യേശുവഴി ദൈവം പ്രഖ്യാപിച്ച കർത്താവിനു സ്വീകാര്യമായ വത്സരം?

നാം ഓണം ആഘോഷിക്കുന്നു നല്ലകാലം വീണ്ടെടുക്കാൻ; സർക്കാർ പ്രഖ്യാപിക്കുന്നു നല്ലകാലം വരുന്നു (അഛേ ദിൻ ആനേ വാലേ ഹയ്) ദൈവാലയങ്ങളിൽ ദൈവപ്രീതിക്കായി നേർച്ചകാഴ്ചകളർപ്പിക്കുന്നു നല്ല കാലത്തിനായി. നല്ല കാലം കർത്താവിനു സ്വീകാര്യമായ കാലമായി മാറുന്നത് നീതിയും കാരുണ്യവും വിശ്വസ്തതയും നമ്മുടെ ഹൃദയങ്ങളിൽ, നാട്ടിൽ വന്നു നിറഞ്ഞു കവിയുമ്പോഴാണ്. ഈ കാലത്തെപ്പറ്റി ആമോസ് പ്രവാചകൻ പറയുന്നു: നീതി ജലം പോലെ ഒഴുകട്ടെ. സത്യം വറ്റാത്ത നീർച്ചാലുപോലെയും (ആമോ 5/24).

കർത്താവിന്റെ ദിനമെന്നു പറഞ്ഞു കാണിച്ചു കൂട്ടുന്ന കാര്യങ്ങളെപ്പറ്റിയും ആമോസ് പ്രവാചകൻ പറയുന്നു: കർത്താവിന്റെ ദിനത്തിനായി കാത്തിരിക്കുന്നവരെ നിങ്ങൾക്കു ദുരിതം! എന്തിനാണ് നിങ്ങൾക്ക് കർത്താവിന്റെ ദിനം. അത് അന്ധകാരമാണ്, പ്രകാശമല്ല. നിങ്ങളുടെ ഉത്സവങ്ങളോട് എനിക്ക് വെറുപ്പാണ്, അവജ്ഞയാണ്. നിങ്ങളുടെ മഹാസമ്മേളനത്തിൽ എനിക്കു പ്രസാദമില്ല. നിങ്ങൾ ദഹനബലികളും ധാന്യബലികളും അർപ്പിച്ചാലും ഞാൻ സ്വീകരിക്കുകയില്ല. സമാധാന ബലിയായി നിങ്ങളർപ്പിക്കുന്ന കൊഴുത്ത മൃഗങ്ങളെ ഞാൻ നോക്കുകയില്ല. നിങ്ങളുടെ ഗാനങ്ങളുടെ ശബ്ദം എനിക്കു കേൾക്കേണ്ട. നിങ്ങളുടെ വീണാനാദം ഞാൻ ശ്രദ്ധിക്കുകയില്ല. നീതി ജലം പോലെ ഒഴുകട്ടെ. സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും (ആമോ 5 18-24).

നാം ആഗ്രഹിക്കുന്ന നല്ലകാലം നമ്മുടെ ഇടവകയിൽ, നാട്ടിൽ, രാജ്യത്ത് വരുന്നില്ലെങ്കിൽ അതിന് പ്രതിവിധി തേടി പുത്തൻ ഇടങ്ങളിലേക്കും ആൾ ദൈവങ്ങളിലേക്കും അന്ധവിശ്വാസങ്ങളിലേക്കും ആത്മീയതയുടെ പുത്തൻ പാക്കേജുകൾ വച്ചു നീട്ടുന്ന വിഭാഗങ്ങളിലേക്കും പൊള്ള വാഗ്ദാനങ്ങൾ നൽകുന്ന രാഷ്ട്രീയ, പ്രത്യയശാസ്ത്ര പ്രസ്ഥാനങ്ങളിലേക്കുമൊന്നും പോകണ്ട. പ്രവാചകന്മാരുടെ വചനങ്ങളിലേക്കും, എല്ലാറ്റിലുമുപരിയായി, യേശുക്രിസ്തുവെന്ന ദൈവത്തിന്റെ വിപ്ലവകാരിയുടെ ഇന്നു നാം വായിച്ചുകേട്ട മാനിഫെസ്റ്റോയിലേക്കും ജീവിതത്തെതിരിച്ചാൽ മതി.

നമ്മുടെ ദൈവാലയങ്ങളും ബലിയും നോമ്പും പ്രാർത്ഥനയും പെരുനാളും ധ്യാനവുമെല്ലാം നീതിയും കരുണയും വിശ്വസ്തതയും ഒഴുകുന്ന വറ്റാത്ത നീർച്ചീലുകളായി മാറണം. അപ്പോൾ കർത്താവിന് സ്വീകാര്യമായ വത്സരം, ദൈവരാജ്യം, നമ്മൾ ആഗ്രഹിക്കുന്ന നല്ല കാലം തനിയെ വന്നുകൊള്ളും. ഇതിനപ്പുറത്ത് മറ്റൊരു വിപ്ലവമില്ല, സോഷ്യലിസമില്ല, പ്രത്യാശയുടെ പ്രത്യയശാസ്ത്രമില്ല. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്താ 6 33). ■

2019 ഫെബ്രുവരി മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# വചനാധിഷ്ഠിതമായി കൂട്ടായ്മകളെ ശക്തിപ്പെടുത്താം

1. പരിശുദ്ധാത്മാവിന്റെ ഗാനം
   ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/നാഥ
3. ആമുഖം

നമ്മുടെ ബിസിസി യൂണിറ്റുകൾ, ഇടവക, ഫെറോന, അതുരൂപത എന്നീ തലങ്ങളിൽ വരുന്ന രണ്ടുവർഷത്തേക്കുള്ള പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്ത് ആവശ്യം വേണ്ടുന്ന പരിശീലനങ്ങൾ നൽകുകയും നവനേതൃത്വം തങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ തുടങ്ങുന്ന കാലലവാണല്ലോ ഇത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഇടവക കൗൺസിൽ, ധനകാര്യസമിതി, ശുശ്രൂഷാ സമിതികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർക്ക് ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ വ്യക്തമായ ദർശശനവും താല്പര്യവും സമയവും ഇച്ഛാശക്തിയുമുണ്ടാകണം. കൂടാതെ ഈ പുതിയ വർഷത്തിൽ ഇടവകയുടെയും യൂണിറ്റുകളുടെയും സാഹചര്യങ്ങളെ മനസ്സിലാക്കിക്കൊണ്ട് പ്രവർത്തനങ്ങളിൽ വ്യക്തമായ മുൻഗണനയുണ്ടാകണം.

ഇത്തരുണത്തിൽ നവനേതൃത്വത്തിന് വ്യക്തമായ ദർശനവും പ്രവർത്തനങ്ങളിലെ മുൻഗണനയും ഉണ്ടാകുവാൻ സഹായകമായി ഫെബ്രുവരി മാസം മുതൽ തുടർന്നുവരുന്ന ഓരോ മാസങ്ങളിലെയും കൂട്ടായ്മ യോഗങ്ങളിലും തുടർന്നുവരുന്ന ഇടവക കൗൺസിൽ യോഗങ്ങളിലും ബിസിസിയേയും ഏഴ് ശുശ്രൂഷക സമിതികളെയും അവയുടെ ഘടന പ്രവർത്തനമേഖലകൾ എന്നിവയെക്കുറിച്ചും കൂടുതൽ ആഴമായി മനസ്സിലാക്കുന്നത് പ്രയോജനകരമായിരിക്കും. അങ്ങനെ ബിസിസി കൂട്ടായ്മകളെ ശക്തിപ്പെടുത്തിക്കൊണ്ട് ശുശ്രൂഷ സമിതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ പരിശ്രമിക്കാം.

4. യേശുവിനെ ക്ഷണിക്കൽ

വചനവെളിച്ചത്തിൽ വിശ്വാസത്തിൽ ആഴപ്പെടുവാനും അതിലൂടെ ദൈവ പിതാവിന് യോഗ്യമായ ആരാധന അർപ്പിച്ചുകൊണ്ട് പരസ്പരം ശുശ്രൂഷചെയ്തുകൊണ്ട് ദൈവരാജ്യമൂല്യങ്ങളിൽ വളരുവാനായി അടിസ്ഥാ

ന ക്രൈസ്തവ സമൂഹങ്ങളിലൂടെ ന മ്മെ ശക്തിപ്പെടുത്തുന്ന യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**അപ്പ. പ്രവ. 2:37-47**

നാം ശ്രമിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കു റിച്ചും അല്പനേരം മൗനമായി ധ്യാ നിക്കാം.

## 7. വചനവിചിന്തനം

അടിസ്ഥാന ക്രൈസ്തവ സമൂഹ ങ്ങളുടെ അഥവാ ബിസിസി കൂട്ടായ് മകളുടെ രൂപീകരണം, സവിശേഷത, പ്രവർത്തനശൈലി എന്നിവയെക്കുറി ച്ച് നമുക്ക് വെളിച്ചം നൽകുന്ന രണ്ട് സുപ്രധാന ബൈബിൾ ഭാഗങ്ങളാണ് അപ്പ. പ്രവർത്തനങ്ങൾ 2:37-47 ഉം 4: 32-37 വരെയുള്ള തിരുവചനങ്ങൾ. ഇ തിൽ ആദ്യത്തെ വചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ചത്.

ഉത്ഥിതനായ യേശുവിനെക്കുറി ച്ചും നമ്മുടെ രക്ഷയ്ക്കുവേണ്ടി യേ ശു അനുഭവിച്ച പീഢാസഹനങ്ങളെ ക്കുറിച്ചുമുള്ള പത്രോസിന്റെ പ്രസം ഗം കേട്ടപ്പോൾ ആദിമ ക്രൈസ്തവ സമൂഹത്തിന് ഹൃദയം നുറുങ്ങുന്ന അ നുഭവം ഉണ്ടായി. ഹൃദയത്തിൽ വല്ലാ ത്തൊരു അസ്വസ്ഥത അനുഭവപ്പെട്ടു വെന്ന് സാരം. അത് മാനസാന്തരത്തി ന്റെ തുടക്കമായിരുന്നു. ഹൃദയം നു റുങ്ങിയ അനുഭവത്തിന്റെ വെളിച്ച ത്തിൽ അവർ പത്രോസിനോട് ചോ ദിച്ചു - ഞങ്ങൾ എന്താണ് ചെയ്യേണ്ട ത്?

വിശ്വാസികളുടെ കൂട്ടായ്മ രൂപപ്പെ ടുന്നതിൽ ഇവിടെ നിർണായകമായ പങ്കുവഹിക്കുന്നത് ഒരുക്കത്തോടുകൂ ടിയുള്ള വചനപ്രഘോഷണവും അ നുതാപത്തോടും വിശ്വാസത്തോടും കൂ ടിയുള്ള വചനം കേൾക്കലുമാണ്. ഇ തുരണ്ടും സംഭവിക്കുമ്പോൾ ആത്മാ വിനാൽ പ്രേരിതരായി നമ്മളും ചോ ദിക്കും നമ്മുടെ ബിസിസി കൂട്ടായ്മ ശക്തിപ്പെടുവാൻ, ഇടവക കൗൺസി ലും ധനകാര്യസമിതിയും ശുശ്രൂഷാ സമിതികളും സജീവമാകാൻ നമ്മൾ ഇനി എന്തുചെയ്യണം?

പത്രോസ് നൽകിയ മറുപടി ഏ റെ ശ്രദ്ധേയമാണ്. നിങ്ങൾ പശ്ചാത്ത പിക്കുവിൻ, പാപമോചനത്തിനായി എ ല്ലാവരും യേശുക്രിസ്തുവിന്റെ നാമ ത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരി ശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്ക് ല ഭിക്കും. പത്രോസിന്റെ മറുപടി ഇനി ഞങ്ങൾ എന്തുചെയ്യണം എന്ന നമ്മു ടെ ചോദ്യത്തിനുള്ള മറുപടികൂടിയാ ണ്. നമ്മുടെ ബലഹീനതകളും കുറ വുകളും അനുതാപത്തോടുകൂടി ഏ റ്റുപറഞ്ഞുകൊണ്ട് യേശുവിൽ ഹൃദ യപൂർവ്വം വിശ്വസിക്കുകയാണെങ്കിൽ നമ്മെയും അവിടുന്ന് ആത്മാവിന്റെ കൃപകളും ദാനങ്ങളും കൊണ്ട് നിറ ച്ച് അവിടുത്തേക്ക് ഇഷ്ടപ്പെട്ട, നമ്മുടെ യൂണിറ്റിന്റെ, വാർഡിന്റെ, ഇടവകയു ടെ വളർച്ചയ്ക്ക് ആവശ്യമായ ശുശ്രൂ ഷകരാക്കിമാറ്റും.

ആത്മാവിനാൽ നിറഞ്ഞ വിശ്വാസ സമൂഹം അപ്പസ്തോലന്മാരുടെ പ്ര ബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല് പര്യപൂർവ്വം പങ്കുചേരുകയും അവരു ടെ സ്വത്തുക്കൾ പൊതുവായി കരു തി ആവശ്യാനുസരണം പങ്കുവച്ചു. അ തിനാൽ അവരുടെ ഇടയിൽ ദാരിദ്ര്യ മുണ്ടായിരുന്നില്ല എന്നാണ് വചനം സാക്ഷ്യപ്പെടുത്തുന്നത്.

ഇതിൽ നിന്നും ബിസിസി കൂട്ടാ യ്മകൾ എങ്ങനെ രൂപപ്പെട്ടുവെന്നും അതിന്റെ സവിശേഷതകളും പ്രവർ ത്തനരീതിയിലും എന്തൊക്കെയാണെ ന്നും നമുക്ക് മനസ്സിലാക്കുവാൻ സാ ധിക്കുന്നു.

ദൈവവചനത്തിന്റെ അടിസ്ഥാന ത്തിൽ ക്രിസ്തീയ കൂട്ടായ്മകൾ രൂ പപ്പെടുന്നു. പ്രാർത്ഥനയിലും കൗദാ ശിക ജീവിതത്തിലും, പ്രത്യേകിച്ച് ദി വ്യബലിയിലെ സജീവപങ്കാളിത്ത ത്തിൽ ശക്തിപ്രാപിക്കുന്നു. വചന ത്തിൽ നിന്നും ദിവ്യബലിയിൽ നിന്നും ലഭിക്കുന്ന ശക്തിയുടെ ഫലമായി ത ങ്ങൾക്കുള്ളത് ഇല്ലാത്തവരുമായി പ ങ്കുവയ്ക്കുന്നു. മറ്റ് വാക്കുകളിൽ പറ ഞ്ഞാൽ ശുശ്രൂഷാ പ്രവർത്തനങ്ങ ളിൽ താല്പര്യപൂർവ്വം പങ്കുചേരുന്നു. ഇവിടെയാണ് ഇടവക കൗൺസിൽ അംഗങ്ങളും ശുശ്രൂഷാ സമിതി അം ഗങ്ങളും, മതബോധന അധ്യാപകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നി വർ ബിസിസി കൂട്ടായ്മകളിൽ സജീ വമായി പങ്കെടുക്കേണ്ടതിന്റെ പ്രസ ക്തി വെളിപ്പെടുന്നത്. ഈ വചനവെ ളിച്ചത്തിൽ നമ്മുടെ കൂട്ടായ്മ യോഗ വേളയിൽ നാം ശ്രദ്ധിക്കേണ്ട മറ്റൊ രു കാര്യം നമ്മുടെ ചർച്ചകൾ എപ്പോ ഴും ദൈവവചനത്തിന്റെ വെളിച്ചത്തി ലും വചനപ്രേരിതവുമായിരിക്കണം. അപ്പോൾ നാം ആരെയും അറിഞ്ഞു കൊണ്ട് വേദനിപ്പിക്കുകയോ, കുറ്റപ്പെ ടുത്തുകയോ, ഒറ്റപ്പെടുത്തുകയോ ചെ യ്യില്ല.

## 8. ചർച്ച

1. നാം ഇപ്പോൾ ശ്രവിച്ച ദൈവവച നത്തിന്റെയും വചന വിചിന്തന ത്തിന്റെയും വെളിച്ചത്തിൽ നമ്മു ടെ കുടുംബകൂട്ടായ്മയിൽ അഭിമാ നിക്കാൻ കഴിയുന്ന, വളർന്ന മേ ഖലകൾ എവ?
2. ആദിമ ക്രൈസ്തവ സഭയുടെ ചൈതന്യത്തിൽ വളരാൻ നമ്മുടെ കൂട്ടായ്മകളിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?
3. നമ്മുടെ കുടുംബ കൂട്ടായ്മയിൽ നിന്നും വരാതെ മാറിനിൽക്കുന്ന അംഗങ്ങളെ, കുടുംബങ്ങളെ പങ്കെ ടുപ്പിക്കുവാൻ നമുക്ക് പ്രായോഗി കമായി എന്ത് ചെയ്യാൻ സാധി ക്കും.

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ കുടുംബകൂട്ടായ്മയുടെ ശക്തിയും ഇനിയും വളരേണ്ട മേഖ ലകളെയും നമ്മൾ വചനത്തിന്റെ വെ ളിച്ചത്തിൽ മനസ്സിലാക്കി ആദിമ ക്രി സ്ത്യാനികളുടെ മാതൃക സ്വീകരിച്ചു കൊണ്ട് ദൈവവചനം വായനയിലും ധ്യാനത്തിലും ശക്തിപ്പെട്ട് കൂട്ടായ്മ യിലെ ദരിദ്രരും വേദനയും കഷ്ട പ്പാടും അനുഭവിക്കുന്ന അംഗങ്ങളെ സഹായിക്കുവാൻ നമ്മുടെ ശുശ്രൂഷാ സമിതികളെ ശക്തിപ്പെടുത്തുവാനുമു ള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥി ക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**

# വിദ്യാസദൻ സെൻട്രൽ സ്കൂൾ

## മര്യനാട്




കഠിനംകുളം വില്ലേജിൽ മര്യനാട് എന്ന പ്രദേശത്ത് വിജ്ഞാനത്തിന്റെ അനന്ത സാധ്യതകളെ സാധാരണക്കാരായ കടലിന്റെ മക്കളിലേയ്ക്ക് എത്തിക്കുവാനായി സ്ഥാപിതമായ വിദ്യാക്ഷേത്രമാണ് വിദ്യാസദൻ സെൻട്രൽ സ്കൂൾ. 1991 ൽ ഒരു എൽ പി സ്കൂൾ ആയി സ്ഥാപിതമായ വിദ്യാസദൻ 2012 ആയപ്പോൾ സി ബി എസ് ഇ എന്ന തലത്തിലേയ്ക്ക് ഉയർത്തപ്പെട്ടു. മത്സ്യത്തൊഴിലാളികളായ മര്യനാട് ഇടവക ജനതയുടെ നിത്യവരുമാനത്തിൽ നിന്നുമുള്ള 2% തീരുവ, കുത്തക എന്ന പേരിൽ പിരിച്ചെടുത്താണ് വിദ്യാസദൻ സ്കൂളിന്റെ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളത്. സാമൂഹിക സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ തക്കവിധത്തിൽ സ്കൂളിന്റെ ഉത്പ്പത്തിക്കു മുന്നിൽ പ്രവർത്തിച്ചത് വിദ്യാസദൻ ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന നിസ്വാർത്ഥരും കഠിന പ്രയത്നരുമായ ഒരുകൂട്ടം വ്യക്തിത്വങ്ങളാണ്. പുറപ്പാടിന്റെ ആദ്യദശകത്തിലേയ്ക്ക് കാൽ വയ്പ്പു നടത്തിയിരിക്കുന്ന വിദ്യാസദൻ സാമൂഹിക ധർമ്മവും, സാംസ്കാരിക മൂല്യവും മറന്നു പോകാത്ത ദിശാബോധത്തിലധിഷ്ഠിതവും, കർമ്മോത്സുകരും ആയ വ്യതിരിക്ത ആശയങ്ങളെ സമൂഹത്തിന് മുന്നിൽ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. 2014-15 വിദ്യാസദൻ സെൻട്രൽ സ്കൂളിലെ 10-ാം ക്ലാസ്സിലെ ആദ്യ ബാച്ച് 100% വിജയത്തോടെ പഠനം പൂർത്തിയാക്കി. അന്ന് മുതൽ ഇങ്ങോട്ട് തുടർച്ചയായ 4 വർഷങ്ങളിൽ ഉന്നത വിജയത്തിന്റെ കാര്യത്തിൽ വിദ്യാർത്ഥികൾ മുൻപന്തിയിൽ തന്നെയാണ്.

കുട്ടികളുടെ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിനായി Maths Club, Eco Club, Malayalam Club, S S Club, Science Club, IT Club, English Club, Young Famers Club തുടങ്ങി വിവിധയിനം ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദേശീയ അന്തർദേശീയ ദിനങ്ങളുടെ പ്രധാന്യം കുട്ടികളെ ബോധ്യപ്പെടുത്തിവരുന്നു.

2013 മുതൽ സഹോദയ തലത്തിലും



സംസ്ഥാന തലത്തിലും കലാകായിക രംഗങ്ങളിൽ പ്രശംസനീയമായ അനവധി സമ്മാനങ്ങൾ നമ്മുടെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ കരസ്ഥമാക്കി. ശാസ്ത്ര സാഹിത്യമേഖലകളിൽ സംസ്ഥാനതലം വരെ ശ്രദ്ധേയമായി സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച വിദ്യാർത്ഥികൾ നമുക്കുണ്ട്. സ്കൂൾ പാർലമെന്റിലൂടെ നേതൃത്വപാടവം വളർത്തിയെടുത്ത നമ്മുടെ കുഞ്ഞുങ്ങൾ തങ്ങളുടെ പ്രദേശങ്ങളിൽ കഴിവുകൾ തെളിയിച്ച് കഴിഞ്ഞു.



നന്മയുടെയും സഹജീവികളോടുമുള്ള കരുണയുടെയും ഭാഗമായി 2017-18 അധ്യയന വർഷത്തിൽ മാനേജ്മെന്റിന്റെയും സ്കൂൾ PTA യുടെയും അധ്യാപകരുടെയും ഒപ്പം ചേർന്ന് നിന്ന് വിദ്യാർത്ഥികൾ സ്കൂളിലെ നിർദ്ധനനായ ഒരു വിദ്യാർത്ഥിക്ക് ഒരു ഭവനം വച്ച് നൽകിയതിലൂടെ നന്മയുടെയും സഹജീവികളോടുള്ള ആർദ്രതയുടെയും മാതൃകയാകാൻ വിദ്യാസദനിലെ കുഞ്ഞുങ്ങൾക്ക് സാധിച്ചു.





സാമൂഹ്യസേവനം ഉറപ്പുവരുത്തുന്നതിനായി വിവിധ കാരുണ്യസദനങ്ങളും വൃദ്ധമന്ദിരങ്ങളും സന്ദർശിച്ച്, ഒരു നേരത്തെ ആഹാരം അവർക്കായി പങ്കുവയ്ക്കുന്നതിനൊപ്പം സാന്നിധ്യത്താലും കാരുണ്യാമസൃണമായ വാക്കുകളാലും അവർക്കാശ്വാസമായിത്തീരാനും വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ശ്രമിക്കുന്നു.

പാഠ്യവിഷയങ്ങൾക്കു പുറമെ കുട്ടികളിലെ സർഗ്ഗാത്മകശേഷി വളർത്തുന്നതിനായി സംഗീതം, ചിത്രരചന എന്നിവയിലും പരിശീലനം നൽകി വരുന്നു.

അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസുകൾ, സയൻസ് ലാബ്, മീഡിയ റൂം, വിശാലമായ മൈതാനം, ആഡിറ്റോറിയം, വിപുലമായ ലൈബ്രറി, പ്രഗത്ഭരായ അധ്യാപകർ, ക്രിയാത്മകരായ മാനേജ്മെന്റ് അംഗങ്ങൾ എന്നിവ സ്കൂളിന്റെ മുഖമുദ്രകളാണ്. കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി ഓരോ മാസവും ക്ലാസ്സ് സംഘടിപ്പിക്കുന്നു. ഒന്നും മൂന്നും ശനിയാഴ്ചകളിൽ മാതാപിതാക്കൾക്ക് അധ്യാപകരെ സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുമുണ്ട്. മാനസികവും ബൗദ്ധികവുമായ കുട്ടികളുടെ വളർച്ചയെ സഹായിക്കുന്നതിന് ഓരോ മാസവും വിദ്യാഭ്യാസ വിചക്ഷണൻമാരും മനഃശാസ്ത്രന്മാരും വിവിധവിഷയങ്ങളിൽ മാതാപിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസുകൾ നടത്തി വരുന്നു.

അധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപായി അധ്യാപകർക്ക് വിവിധ വിഷയങ്ങളിൽ ഓറിയന്റേഷൻ ക്ലാസുകൾ നടത്തി വരുന്നു. സഹോദയ സംഘടിപ്പിക്കുന്ന അധ്യാപകപരിശീലനത്തിലും മറ്റു പബ്ലിക്കേഷനുകൾ നടത്തുന്ന പരിശീലനങ്ങളിലും അധ്യാപകർ തുടർച്ചയായി പങ്കെടുത്തു വരുന്നുണ്ട്. വീടുകളിൽ പഠനസൗകര്യം കുറവായ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി അധ്യാപകർ മുൻകൈയെടുത്ത് കുട്ടികൾക്കായി സ്പെഷ്യൽ ക്ലാസുകൾ നടത്തി വരുന്നു. ■



ജെ.സി



# ലോക്സഭാ തെരഞ്ഞെടുപ്പ് 2019 വികസനമോ? ഹിന്ദുത്വമോ?

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ വികസന അജണ്ട മുന്നോട്ടുവച്ചു കൊണ്ടും കോൺഗ്രസിന്റെ അഴിമതി ചൂണ്ടിക്കാട്ടിയുമാണ് ബിജെപി അധികാരത്തിൽ വന്നത്. ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബിജെപി നേരിട്ട പരാജയം ആസന്നമായ തെരഞ്ഞെടുപ്പിൽ എന്തു നിലപാടെടുക്കും എന്ന ചോദ്യം ഉയർത്തുന്നു. ബാബറി മസ്ജിദ് അയോധ്യ പ്രശ്നം ഉയർത്തി ഒരു വർഗീയ ധ്രുവീകരണത്തിന് സന്നദ്ധമാകുമോയെന്നതാണ് ചോദ്യം.


കോൺഗ്രസ് മുക്തഭാരതം എന്ന മുദ്രാവാക്യം ഉയർത്തിയ നരേന്ദ്രമോദി സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിന് തൊട്ടുമുൻപ് തന്നെ നേരിടുന്ന യാഥാർത്ഥ്യം കോൺഗ്രസ് തിരിച്ചുവരാനുള്ള സാധ്യത ഉയർത്തുന്നുവെന്നതാണ്. ഹിന്ദിഹൃദയ ഭൂമിയിൽ ബിജെപിക്ക് കോൺഗ്രസ് കനത്ത ആഘാതമേൽപ്പിച്ചതോടെ പ്രതിസന്ധികളെ അതിജീവിച്ച് ആത്മവിശ്വാസമുള്ള നേതാവായി രാഹുൽഗാന്ധി ഉയർന്നുവരാനുള്ള സാധ്യതയും തെളിയുന്നുണ്ട്. ബിജെപിയുടെ അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് പരാജയത്തിന് കാരണം കാർഷിക മേഖലയിലെ പ്രതിസന്ധി, ഇന്ധന വിലക്കയറ്റം, അവശ്യസാധനങ്ങളുടെ വിലക്കയറ്റം, നോട്ട് നിരോധനം, ചരക്ക്-സേവനനികുതി നടപ്പാക്കിയതിലെ പിഴവുകൾ, ബിജെപി സംഘടനാ സംവിധാനം തുടങ്ങിയവ പൊടുന്നനേ ഉലഞ്ഞിട്ടുമുണ്ട്. കൃഷിമേഖലയിൽ വ്യാപകമായി നിലനിൽക്കുന്ന അസംതൃപ്തി ഈ ഫലങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. ആയിരങ്ങൾ പങ്കെടുത്ത കർഷകരുടെ ജാഥകൾ ഇതിന്റെ  സൂചനയാണ്. കൃഷിവായ്പകൾ എഴുതിത്തള്ളുമെന്ന കോൺഗ്രസിന്റെ പ്രഖ്യാപനം പ്രത്യാശയോടെയാണ് ജനങ്ങൾ ഏറ്റെടുത്തതെന്നത് ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് ഫലം സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ ബിജെപി സർക്കാരിന്റെ നയങ്ങളോടുള്ള എതിർപ്പാണ് കൂടുതലായി പ്രകടമാകുന്നത്. കോൺഗ്രസിനോടുള്ള അനുഭാവം ഏറെ പ്രകടവുമല്ല. കേന്ദ്ര സർക്കാരിന്റെ നേട്ടങ്ങളും ക്ഷേമപദ്ധതികളും സംബന്ധിച്ച മോദിയുടെ അവകാശവാദങ്ങൾ വോട്ടർമാരെ വേണ്ടത്ര ഇളക്കി മറിച്ചിട്ടില്ല. വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ മോദിയുടെ വികസന അജണ്ട തുടരണമോ അതോ യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് മുന്നോട്ടുവയ്ക്കുന്ന ഹിന്ദുത്വ വിഷയങ്ങളിലാണോ ഊന്നൽ നൽകേണ്ടത് എന്നാണ് ബെജെപി ആലോചിക്കുന്നത്.

അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് 'ശബരിമല പ്രശ്നം' ഉയർത്തിക്കൊണ്ടാണ് കേരളത്തിൽ ബിജെപി തങ്ങളുടെ വോട്ടുബാങ്ക് വിപുലീകരിക്കാൻ ശ്രമിക്കുന്നത്. വനിതാമതിൽ ഉയർത്തിക്കൊണ്ടാണ് ഇടതുപക്ഷം തങ്ങളുടെ 'മതേതരവോട്ടുകൾ' സമാഹരിക്കാൻ പരിശ്രമിക്കുന്നത്. മൃദുഹിന്ദുത്വ സമീപനത്തിലൂടെയാണ് കോൺഗ്രസ് തങ്ങളുടെ നിലപാട് ഉറപ്പിക്കുന്നത്. എന്നാൽ ഈ നിലപാട് എന്തുമാത്രം വോട്ടുകളെ സ്വാധീനിക്കും എന്നത് പ്രധാനമാണ്. ന്യൂനപക്ഷ വോട്ടുകൾ എങ്ങോട്ടുതിരിയും എന്നതും ദേശീയതലത്തിൽ മതേതരശക്തികളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ കേരളത്തിലെ ജനം എന്തുനിലപാട് എടുക്കും എന്നതും പ്രധാനവിഷയമാണ്. ഒറ്റ വർഗീയ ധ്രുവീകരണത്തിന് ബിജെപി മുന്നോട്ടുവരികയാണെങ്കിൽ അത് സൃഷ്ടിക്കുന്ന പ്രത്യാഘാതം ഏറെ വലുതായിരിക്കും. കേരള സമൂഹത്തെയും അത് സാരമായി ബാധിക്കുമെന്നുമാത്രമല്ല, ഇവിടെയുള്ള രാഷ്ട്രീയ സമവാക്യങ്ങളിൽ കാര്യമായ വ്യതിയാനം വരുത്തുകയും ചെയ്യും. ■

# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

*Little Flower College of Nursing*




**College Code - JBN.**







- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

Pub. Date : 01.01.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto